കേരള സംസ്ഥാന
ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്
പ്രസിദ്ധീകരിക്കുന്ന
കുട്ടികളുടെ മാസിക

# തളിര്

2016 മാർച്ച്
വില ₹15



# ഇരട്ടി പുണ്യം



# കാരുണ്യയും കാരുണ്യ പ്ലസും

## കാരുണ്യ പ്ലസ്

എല്ലാ വ്യാഴാഴ്ചയും

ഒന്നാം സമ്മാനം ₹1 കോടി

രണ്ടാം സമ്മാനം ₹15 ലക്ഷം

മൂന്നാം സമ്മാനം ₹5 ലക്ഷം

1 ലക്ഷം വീതം 5 പേർക്ക്

ടിക്കറ്റ് വില ₹50

10000, 5000, 1000, 500,100
രൂപയുടെ മറ്റനേകം സമ്മാനങ്ങൾ

## കാരുണ്യ

**ചികിത്സാ ധനസഹായ പദ്ധതി**

കാരുണ്യ, കാരുണ്യ പ്ലസ് ഭാഗ്യക്കുറികളിൽ നിന്നുള്ള ലാഭം വിനിയോഗിക്കുന്നു ഇതുവരെ ചികിത്സാ സഹായമായി 92458 രോഗികൾക്ക് നൽകിയത് 746.76 കോടി രൂപ

**കാരുണ്യ, കാരുണ്യ പ്ലസ്**

ഭാഗ്യക്കുറികൾ വാങ്ങൂ..
ഭാഗ്യം പരീക്ഷിക്കൂ...

ഇതു നമ്മുടെ
കടമ കൂടിയാണ്

## കാരുണ്യ

എല്ലാ ശനിയാഴ്ചയും

ഒന്നാം സമ്മാനം 1 കോടി

ടിക്കറ്റ് വില ₹50

രണ്ടാം സമ്മാനം ₹10 ലക്ഷം

മൂന്നാം സമ്മാനം ₹5 ലക്ഷം

1 ലക്ഷം വീതം 5 പേർക്ക്

10000, 5000, 1000, 500,100 രൂപയുടെ മറ്റനേകം സമ്മാനങ്ങൾ

കേരള സംസ്ഥാന ഭാഗ്യക്കുറി വിശ്വസ്തം സുതാര്യം ജനകീയം

# തളിര്

പത്തു വയസ്സിനു മുകളിലുള്ള
കുട്ടികൾക്കായുള്ള
പ്രസിദ്ധീകരണം

**മാർച്ച് 2016**
**വില ₹15**
**വാർഷികവരിസംഖ്യ ₹160**

ഉള്ളടക്കം



## മുത്തച്ഛൻ

**ഒ എൻ വി കുറുപ്പ്**

6

മുത്തച്ഛന് നമ്മെ തനിച്ചാക്കി എങ്ങും പോകാൻ കഴിയില്ല. പ്രിയ കവി ഒ എൻ വിക്കും അങ്ങനെ തന്നെ. കവിതകളിലൂടെ, ഗാനങ്ങളിലൂടെ കുഞ്ഞുങ്ങൾക്കു കൂട്ടായി അദ്ദേഹം എന്നുമുണ്ടാകും. അദ്ദേഹത്തിന്റെ ഒരു കവിതയാണ് ഇത്തവണത്തെ കവിതാപരിചയത്തിൽ.

8



## നമുക്കും മാർഷ്യനാവാൻ പറ്റുമോ?

**വൈശാഖൻ തമ്പി**

മാർഷ്യൻ എന്ന സിനിമ ഇറങ്ങിയിട്ട് അധികകാലമായിട്ടില്ല. ചൊവ്വയിലേക്ക് പര്യവേക്ഷണം നടത്തുന്ന മനുഷ്യർ ഭാവനയിൽമാത്രം ഒതുങ്ങിനിൽക്കില്ല എന്ന് നാസ ഉൾപ്പടെയുള്ള ബഹിരാകാശസംഘടനകൾ തന്നെ പ്രഖ്യാപിച്ചു കഴിഞ്ഞു. ഈ പശ്ചാത്തലത്തിൽ ചൊവ്വയിലേക്കുള്ള യാത്രയെക്കുറിച്ച് കൗതുകമുണർത്തുന്ന ഒരു ലേഖനം.

## കാട്ടിലെ വീടും അതിഥികളും

**പി വത്സല**

16



വത്സലടീച്ചർക്ക് ഒരു വീടുണ്ട്. കാടിനുള്ളിൽ. പക്ഷേ വീട്ടുകാർ ടീച്ചറുടെ കുടുംബമല്ല. മറ്റു ചിലരാണ്. മനുഷ്യരെ നിഷ്പ്രഭരാക്കുന്ന ചില കുഞ്ഞു പാർപ്പുകാർ.

**സ്നേഹപൂർവ്വം**..........4
കെ സി ജോസഫ്
**മുൻമൊഴി**..........5
സുഗതകുമാരി
**സ്കൂൾ ഡെയ്സ്**..........15
രാജീവ് എൻ ടി
**അത്താണി**..........19
കെ കെ പല്ലശ്ശന.
**സഞ്ചാരികൾ കണ്ട കൊല്ലം**..........20
ഡോ. എം ജി ശശിഭൂഷൺ
**ജാതകകഥ**..........26
വെങ്കി
**കളിവള്ളം കളയല്ലേ**..........29
സുമാ രാജേന്ദ്രൻ
**സ്വർണക്കോട്ടയിലെ മയിൽ**..........30
സത്യജിത് റായ്
പുനരാഖ്യാനം : എം ചന്ദ്രപ്രകാശ്
**വാഴ്ത്തപ്പെട്ട പൂച്ച**..........38
ഗ്രേസി
**ആനക്കാര്യം**..........40
രാജീവ് എൻ ടി
**ആകാശമുറ്റം**..........41
വയലാർ ഗോപാലകൃഷ്ണൻ
**ആരോഗ്യം**..........42
ഡോ. ബി പത്മകുമാർ
**മഹാഭാരതം**..........44
സുഗതകുമാരി
**ഇളംതളിര്**..........46
**ഉണ്ടാക്കാം**..........50
അരവിന്ദ് ഗുപ്ത

ഇൻസ്റ്റിറ്റ്യൂട്ട് ചെയർമാൻ
**ശ്രീ കെ സി ജോസഫ്**
(ബഹു. സാംസ്കാരിക വകുപ്പു മന്ത്രി)

ചീഫ് എഡിറ്റർ
**സുഗതകുമാരി**

എഡിറ്റർ ഇൻ-ചാർജ്
**എം സന്തോഷ്കുമാർ**

പത്രാധിപസമിതി
**എം ചന്ദ്രപ്രകാശ്**
**ഇ വി നാരായണൻ**
**ഭരണിക്കാവ് കൃഷ്ണൻ**
**ഷൈബിൻ**
**വി കെ രവീന്ദ്രൻ**

എക്സിക്യൂട്ടീവ് എഡിറ്റർ
**രാധികാദേവി റ്റി ആർ**
**നവനീത് കൃഷ്ണൻ എസ്**

കവർ ഫോട്ടോ
**ആർ ഗോപാലകൃഷ്ണൻ**

ആർട്ട്
**അരുണ ആലഞ്ചേരി**

ലേ ഔട്ട്
**വിഷ്ണു പി എസ്**

പ്രൊഡക്ഷൻ
**സുബിൻ കെ സുഭാഷ്**

**തളിര്**

കേരള സംസ്ഥാന
ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്
പാളയം
തിരുവനന്തപുരം 695 034

**ഫോൺ**
0471-233 3790

**e-mail : thaliru@ksicl.org, director@ksicl.org**

**കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരണം**

1970 മുതൽ പ്രസിദ്ധീകരിക്കുന്നത്

**www.ksicl.org**

## സ്നേഹപൂർവ്വം

പ്രിയപ്പെട്ട കുട്ടികളേ,

ജ്ഞാനപീഠജേതാവും പ്രിയ കവിയുമായ ഒ എൻ വി കുറുപ്പും പ്രമുഖ സാഹിത്യകാരൻ അക്ബർ കക്കട്ടിലും നമ്മെ വിട്ടുപോയി. സ്വയം അക്ഷരങ്ങളായി മാറിയവരാണവർ, സാഹിത്യ ലോകത്ത് പകരം വയ്ക്കാനില്ലാത്തവർ.

എങ്കിലും അവരുടെ രചനകളും ചിന്തകളും ഇനിയും നമ്മെ നയിക്കാനുണ്ടാകും, അവരുടെ രചനകളിലൂടെ. ആ നന്മകളെ മനസ്സിലേറ്റി, അവയെ പ്രാവർത്തികമാക്കി നല്ലൊരു ലോകം ഇപ്പോഴേ നമുക്കു ലക്ഷ്യം കണ്ടു തുടങ്ങാം.

ഈ മാസം അവസാനത്തോടെ മധ്യവേനലവധിക്കാലം തുടങ്ങുകയല്ലേ. മധ്യവേനലവധിയെ എങ്ങനെ നന്നായി പ്രയോജനപ്പെടുത്താം എന്ന് ഇപ്പോഴേ നിങ്ങൾ ആലോചിച്ചു തുടങ്ങണം. പരീക്ഷകളുടെ തിരക്കുകൾ കഴിയുന്നതോടെ അവ നടപ്പിലാക്കാനും ശ്രമിക്കണം. സ്കൂളിൽ നിങ്ങൾക്ക് നല്ല പുസ്തകശാല കാണും. നിരവധി പുസ്തകങ്ങളും അവിടെയുണ്ടാകും. ആവശ്യംപോലെ എടുത്തു വായിക്കുകയും ചെയ്യാം. പക്ഷേ അവധിക്കാലത്തോ? തൊട്ടടുത്ത വായനശാലകളെ ആശ്രയിക്കേണ്ടിവരും. ഇതിനു പരിഹാരമായി കുട്ടികളുടെ ഒരു പുസ്തകശാല വെക്കേഷൻ കാലയളവിൽ തുടങ്ങിയാലോ? നിങ്ങൾ ഓരോരുത്തരുടെയും കൈയിൽ ഇഷ്ടംപോലെ പുസ്തകങ്ങൾ സ്വന്തമായിട്ടുണ്ടാകും. അവയെല്ലാം കൂട്ടി വെക്കേഷൻ കാലയളവിലേക്കു മാത്രമായി ഒരു വായനശാല. പുസ്തകങ്ങൾ പരസ്പരം പങ്കുവയ്ക്കാൻ ഒരിടം. അതിനെന്തു ചെയ്യണമെന്നോ? ആദ്യം നല്ലൊരു സ്ഥലം കണ്ടുപിടിക്കണം. ഏതെങ്കിലും കൂട്ടുകാരുടെ വീടായാലും മതി. അതിന്റെ ഒരു ചെറിയ മുറിയോ ചായ്പ്പോ എവിടെയുമാകാം. എല്ലാ ദിവസവും വൈകിട്ട് ഓരോരുത്തരുടെയും കൈയിലുള്ള പുസ്തകങ്ങളുമായി അവിടെയെത്തുക. പരസ്പരം കൈമാറുക. അവധിക്കാലം തീരുമ്പോഴേക്കും മലയാളത്തിലെ മികച്ച പുസ്തകങ്ങൾ നിങ്ങൾക്കു വായിച്ചുതീർക്കാൻ കഴിയും. സ്കൂളിനെ കേന്ദ്രീകരിച്ചും ഇത്തരം വായനശാല ആലോചിക്കാവുന്നതാണ്. അതിന് സ്കൂളിലെ അധ്യാപകരുടെ സഹായം തേടിയാൽ മതി. അവർ സഹായിക്കും.

നിരവധി ഒ എൻ വി മാരും അക്ബർ കക്കട്ടിൽമാരും നിങ്ങൾക്കിടയിൽനിന്നും ഉണ്ടാവട്ടെ. പുസ്തകങ്ങൾ അതിനു നിങ്ങളെ സഹായിക്കും. സാഹിത്യലോകത്ത് മൺമറഞ്ഞുപോയവർക്കു നൽകാവുന്ന ഏറ്റവും നല്ല ആദരാഞ്ജലിയായിരിക്കും അത്. അക്ഷരങ്ങളായി ജീവിച്ചവർക്ക് അക്ഷരങ്ങൾ കൊണ്ടുള്ള ആദരാഞ്ജലി.

സ്നേഹപൂർവ്വം,

**കെ സി ജോസഫ്**
(സാംസ്കാരികവകുപ്പു മന്ത്രി)



വര: സുധീർ പി വൈ

പ്രിയപ്പെട്ട കുഞ്ഞുങ്ങളേ,

നിങ്ങൾ ഒരിക്കലും മറക്കാൻ പാടില്ലാത്ത മൂന്നക്ഷരങ്ങളാണ് ഒ എൻ വി. നമ്മുടെ ഏറ്റവും പ്രിയപ്പെട്ട ആ വിശിഷ്ടകവി നമ്മെ വിട്ടുപോയിരിക്കുന്നു. കഴിഞ്ഞ ഓണപ്പതിപ്പിലും അദ്ദേഹം തളിരിനെ വിളിച്ച് ഒരു കവിത തന്നു. കുഞ്ഞുങ്ങളെ, പ്രത്യേകിച്ച് മലയാളം ഇഷ്ടപ്പെടുന്നവരെ അദ്ദേഹത്തിന് ഏറെ പ്രിയമായിരുന്നു. നമ്മുടെ മലയാളത്തിന് ശ്രേഷ്ഠഭാഷാപദവി കിട്ടുവാൻ അദ്ദേഹം ഒട്ടേറെ പ്രയത്നിക്കുകയുണ്ടായി. കേരളത്തിൽ പിറന്നുവളരുന്ന ഓരോ കുട്ടിയും മലയാളത്തെ സ്നേഹിക്കണമെന്നും മലയാളത്തെ പെറ്റമ്മയായി കരുതി ആദരിക്കണമെന്നും അദ്ദേഹം ആഗ്രഹിച്ചു.

ഒ എൻ വി കവി മാത്രമല്ലായിരുന്നു. ഒരു മികച്ച അധ്യാപകനായിരുന്നു, പണ്ഡിതനായിരുന്നു, ഗാനരചയിതാവായിരുന്നു, സർവോപരി ഒരു നല്ല വലിയ മനുഷ്യനായിരുന്നു. മണ്ണിൽ കാലുറപ്പിച്ചുനിന്ന ഒരു മനുഷ്യൻ, ഈ മണ്ണിന്റെ പച്ചപ്പിനെയും വയലുകളെയും പുഴകളെയും നമ്മെ കാത്തുരക്ഷിച്ചു നിൽക്കുന്ന പശ്ചിമഘട്ടഗിരിനിരകളെയും അദ്ദേഹം സ്നേഹിച്ചാരാധിച്ചു. അവയെ നശിപ്പിക്കുന്ന ഇന്നത്തെ പ്രവണതകൾക്കെതിരായി നിരന്തരം പോരാടി. സൈലന്റ്‌വാലിയെ രക്ഷിക്കാൻ വേണ്ടിയുള്ള ഏഴുവർഷം നീണ്ട സമരം മുതൽ ഈയിടെ നടന്ന ആറന്മുള വിമാനത്താവളത്തിനെതിരായ സമരത്തിൽ വരെ അദ്ദേഹം പ്രകൃതിയുടെ പക്ഷത്തു നിന്നു. എല്ലാ നല്ല കാര്യങ്ങൾക്കും അദ്ദേഹം ഉണ്ടായിരുന്നു.

ഒ എൻ വിയെപ്പറ്റി നിങ്ങളിൽ പലർക്കും കൂടുതൽ പരിചയം സിനിമാപ്പാട്ടുകൾ എഴുതുന്നയാൾ എന്ന വിധത്തിൽ മാത്രമാണെന്ന് എനിക്കറിയാം.
ശരിയാണ്, അദ്ദേഹം മനോഹരങ്ങളായ ഒട്ടേറെ സിനിമാഗാനങ്ങൾ എഴുതി. ആ പാട്ടുകളിലെല്ലാം കവിതയുണ്ടായിരുന്നു. ഒ എൻ വിയോടു ചോദിക്കൂ. അങ്ങാരാണ് എന്ന്. അദ്ദേഹം മഹാകവി ടാഗോറിന്റെ ഭാഷയിൽ പറയും 'അമീ കവി' (ഞാൻ കവിയാണ്.) എന്ന്. ആ ശരീരം അഗ്നിയിൽ അമർന്ന് ഒരുപിടി ഭസ്മമായി മാറിക്കഴിഞ്ഞിരിക്കുന്നു. പക്ഷേ ആ കവിതകളും പാട്ടുകളും ഒരുനാളും നമ്മെ വിട്ടു പോവുകയില്ല. ഇനിയും ഒരു തലമുറ കഴിയുമ്പോഴും ഏതെങ്കിലും ഒരു കുട്ടി ഇങ്ങനെ മൂളുന്നുണ്ടാകും.

'ഒടുവിൽ പിണങ്ങിപ്പറന്നുപോം
പക്ഷിയോ
'ടരുതേ' എന്നോതുവാൻ
മോഹം...'

പ്രിയ കവിയുടെ, നിങ്ങളുടെ പ്രിയപ്പെട്ട മുത്തച്ഛന്റെ പാദങ്ങളിൽ തളിരിന്റെ നമസ്കാരം. കുട്ടികളാരും കരയുന്നത് അദ്ദേഹത്തിനിഷ്ടമല്ല. എങ്കിലും നിങ്ങളുടെ കണ്ണുകളിൽ കണ്ണീരു നിറയുന്നത് അദ്ദേഹം കാണുന്നു. ഞാനും.

നല്ലതു വരട്ടേ...

സ്നേഹത്തോടെ,
**സുഗതകുമാരി**



വര: അരുണ ആലഞ്ചേരി



# മുത്തച്ഛൻ

ഒ എൻ വി

എവിടേക്കു പോകുവാൻ
മുത്തച്ഛൻ നമ്മെ വി-
ട്ടെവിടേക്കു പോവാനാ-
ണല്ലേയുണ്ണീ?

ഇവിടെയീയുമ്മറ-
ത്തില്ലെങ്കിലു, മിവി
ടെവിടെയോ നി-
ന്നെന്തോ ചെയ്കയാവാം!
വെറുതേയിരിക്കുവാൻ
മുത്തച്ഛനാവില്ലെ-
ന്നറിയില്ലേ, പണിയൊന്നും
ചെയ്തിടാതെ?

കലവറയിലുണ്ടാവാ,
മുണ്ണിക്കായ്ക്കരുതിയ
കദളിക്കുലയുടെ
പാകം നോക്കാൻ.
ഇനിവരുമോണത്തി-
നെല്ലാരുമെത്തുമ്പോൾ
ഇളവനും വെള്ളരീ-
മൊക്കെ വേണ്ടേ?

എവിടേക്കു പോകുവാൻ
മുത്തച്ഛൻ നമ്മെ വി-
ട്ടെവിടേക്കു പോവാനാ-
ണല്ലേയുണ്ണീ?

തൊടിയിലെങ്ങാനും പോയ്
നില്ക്കയാവാം, വീണ
പടവലത്തിൻ പന്തൽ
നേരേയാക്കാൻ.
കലികൊണ്ട കാറ്റ-
ത്തൊടിഞ്ഞു വീഴാറായ
കദളിത്തൈവാഴയ്ക്കൊ-
രൂന്നു നല്കാൻ.
ചെറുനെല്ലിൻ കുറുമണി-
ക്കതിർ കൊയ്യാറായോ, യെ-
ന്നറിയുവാൻ പാടത്തു
പോയതാവാം.
പറയാറില്ലേയെന്നും
മുത്തച്ഛ, നെല്ലാർക്കും
ചെറുനെല്ലരിച്ചോറാ-
ണേറെയിഷ്ടം...?

എവിടേക്കു പോകുവാൻ
മുത്തച്ഛൻ നമ്മെ വി-
ട്ടെവിടേക്കു പോവാനാ-
ണല്ലേയുണ്ണീ?



അവിടെ കിഴക്കേ
ത്തൊടിയിൽ തൊഴുത്തിന്റെ
അരികിലെങ്ങാനും പോയ്
നില്ക്കയാവാം.
നിറവയറായ് നില്ക്കും
നമ്മുടെ പൂവാലി-
ക്കൊരു പിടി വയ്ക്കോൽ,
തൻ കൈയാൽ നല്കാൻ.
പകലന്തിയാംവരെ
തൊടിയിലും പാടത്തും
പണിചെയ്യുവോരൊത്തു
നില്ക്കയാവാം.
ഒടുവിലെക്കിളിവാലൻ
മാങ്ങയുമുണ്ണിക്കായ്
തിരയുവാൻ മാഞ്ചോട്ടിൽ
ത്തന്നെയാവാം.

എവിടേക്കു പോകുവാൻ
മുത്തച്ഛൻ നമ്മെ വി-
ട്ടെവിടേക്കു പോവാനാ-
ണല്ലേയുണ്ണീ?

മഴപെയ്ത് പുഴകുത്തി
യൊഴുകുന്നതു കാണാൻ
പുഴയോരത്തെങ്ങോ പോയ്
നില്ക്കയാവാം.
ഒരു കൊച്ചരിപ്രാവീ-
മുറ്റത്തു വന്നാലോ
അരിമണി വിതറുന്ന
മേളമല്ലേ?...
അരികിൽ നിന്നാരേ
കരയുന്നു? മുത്തച്ഛ-
നറിയേണ്ട, വെറുതേ
കരഞ്ഞുപോയാൽ...!
ഒരുനാളുമുണ്ണിയെ
ക്കരയിച്ചു മുത്തച്ഛ-
നൊരിടത്തും പോകുവാ-
നാവില്ലല്ലോ...!

വര: ഗോപു പട്ടിത്തറ

# നമുക്കും മാർഷ്യനാവാൻ പറ്റുമോ?

**വൈശാഖൻ തമ്പി**

ഈയിടെയാണ് ചൊവ്വയിലേക്ക് മനുഷ്യരെ അയയ്ക്കുന്നതു സംബന്ധിച്ച് ചില മാർഗ്ഗനിർദ്ദേശങ്ങളും സാധ്യതകളും അടങ്ങുന്ന ഒരു ആധികാരികരേഖ നാസ പുറത്തുവിട്ടത്. എളുപ്പമൊന്നുമല്ല ഈ യാത്ര. അതും മാസങ്ങൾ നീളുന്നത്. ഭൂമിയിലെ എല്ലാ സാങ്കേതികവിദ്യകളും ശാസ്ത്രവും ഒരുമിച്ചു നിന്നാലേ ഈ യാത്ര സാധ്യമാകൂ. ഇപ്പോഴത്തെ അറിവനുസരിച്ച് ഈ യാത്രകൾ ചൊവ്വയിലേക്കു മാത്രമാണ്. അവിടെനിന്നും ഒരു തിരിച്ചുവരവില്ല. ജീവിതകാലം മുഴുവൻ ചൊവ്വയിൽ തങ്ങാൻ കഴിയുന്നവരെയാണ് അങ്ങോട്ടേക്കയയ്ക്കുന്നത്. ചൊവ്വയിലേക്കുള്ള യാത്രയെ നമുക്കൊന്നു വിലയിരുത്താം.




അടുത്തിടെ പുറത്തിറങ്ങിയ മാർഷ്യൻ എന്ന ഹോളിവുഡ് സിനിമ മിക്കവരും കണ്ടിട്ടുണ്ടാകും, അല്ലേ? ചൊവ്വാഗ്രഹത്തിലേയ്ക്ക് പര്യവേക്ഷണത്തിനു പോയ സംഘത്തിൽ ഒരാളായ നായകൻ അപകടത്തിൽ പെടുന്നതും, തുടർന്ന് അദ്ദേഹത്തെ ഉപേക്ഷിച്ച് സഹപ്രവർത്തകർക്കു മടങ്ങേണ്ടിവരുന്നതുമായിരുന്നു അതിന്റെ പശ്ചാത്തലം.

ഭൂമിയിലെ മിഷൻ കൺട്രോൾ സെന്ററിലുള്ളവർ ഞെട്ടലോടെയാണ്, മാർക്ക് വാറ്റ്നി എന്ന തങ്ങളുടെ കൂട്ടുകാരൻ ചൊവ്വയിൽ ജീവനോടെയുണ്ടെന്നു തിരിച്ചറിയുന്നത്. ഭൂമിയിൽനിന്നും അദ്ദേഹവുമായി ആശയവിനിമയം നടത്തുന്നതും അദ്ദേഹത്തെ തിരിച്ചെത്തിക്കാൻ നടത്തുന്ന പരാക്രമങ്ങളും സിനിമയെ രസകരമായ ഒരുഅനുഭവമാക്കി മാറ്റുന്നുണ്ട്. അത് സിനിമയാണ്. പക്ഷേ അതുകണ്ടു രസിച്ച എത്ര കൂട്ടുകാർ ആ സിനിമയിൽ കഥയോടൊപ്പം ആവിഷ്കരിക്കുന്ന സയൻസ് ശ്രദ്ധിച്ചിട്ടുണ്ട്? നായകനായ മാർക്ക് ചൊവ്വയിൽ ജീവിക്കുന്നതു പോലെ ശരിക്കും മനുഷ്യർക്കവിടെ ജീവിക്കാനാകുമോ?

മനുഷ്യനെ ചൊവ്വയിലെത്തിക്കുന്നത് ഇന്ന് വെറുമൊരു സിനിമാക്കഥ മാത്രമല്ല. അക്കാര്യം ശാസ്ത്രലോകം ഗൗരവത്തോടെ ചിന്തിക്കാൻ തുടങ്ങിയിട്ടു കാലം കുറെയായി. മനുഷ്യൻ ചന്ദ്രനിൽ

ഇറങ്ങുന്നതിനും മുൻപുതന്നെ അമേരിക്കയും റഷ്യയും ചൊവ്വയിലേക്കുള്ള യാത്രകൾ വിഭാവനം ചെയ്യുകയും അതിനെക്കുറിച്ച് പുസ്തകങ്ങൾ എഴുതുകയും ചെയ്തിട്ടുണ്ട്. അന്നുമുതൽ ഇന്നുവരെ നിരവധി രാജ്യങ്ങളിൽ നിന്നായി, ചൊവ്വായാത്രയ്ക്കുള്ള നിരവധി പദ്ധതികൾ അവതരിപ്പിക്കപ്പെട്ടു. ഇപ്പോഴും അവതരിപ്പിക്കപ്പെടുന്നുമുണ്ട്. അമേരിക്കയുടെ നാസയും യൂറോപ്യൻ ബഹിരാകാശ ഏജൻസിയായ ഈസയും റഷ്യയും ചൈനയും ഒക്കെ കൂട്ടത്തിലുണ്ട്. പക്ഷേ അടുത്ത രാജ്യത്തിലേയ്ക്കു ടൂറ് പോകാൻ പാസ്പോർട്ടും വിസയും സംഘടിപ്പിക്കുന്ന അത്ര എളുപ്പമല്ലല്ലോ ചൊവ്വയിലേക്കുള്ള പോക്ക്! വെല്ലുവിളികളും പരിമിതികളും ചില്ലറയൊന്നുമല്ല മറികടക്കേണ്ടത്. അതുകൊണ്ടു തന്നെ ആദ്യം ചൊവ്വയിലിറങ്ങാൻ വേണ്ടി അങ്ങോട്ടുമിങ്ങോട്ടും മത്സരിക്കുന്നതിനെക്കാൾ ഫലപ്രദം ഒത്തൊരുമിച്ച് മനുഷ്യരാശിയുടെ മൊത്തം ആഗ്രഹമായി ചൊവ്വയെ പിൻതുടരുന്നതാണെന്ന് പരക്കെ അഭിപ്രായമുണ്ട്. ഈ രീതിയിൽ ചർച്ചകളും ആസൂത്രണങ്ങളും ഒക്കെ ഇപ്പോഴും നടക്കുന്നുണ്ട്. പടിപടിയായി വർഷങ്ങളെടുത്ത് ഒത്തൊരുമിച്ചുള്ള മുന്നേറ്റങ്ങളിലൂടെ നമ്മൾ ചൊവ്വയെ കീഴടക്കുക തന്നെ ചെയ്യുമെന്ന് നാസ ഇതിനകം പ്രഖ്യാപിച്ചു കഴിഞ്ഞു.

ബഹിരാകാശത്തെക്കുറിച്ചുള്ള നമ്മുടെ അറിവ് സ്വാഭാവികമായി കൂടിക്കൂടി വരുന്നുണ്ട്. ഒരുകാലത്ത് ദൂരെ നിന്ന് ടെലിസ്കോപ്പിലൂടെ നോക്കി ബഹിരാകാശത്തെക്കുറിച്ച് നേടിയ അറിവിന്റെ ബലത്തിലാണ് നമ്മൾ ആദ്യമായി ബഹിരാകാശപേടകങ്ങൾ തൊടുത്തുവിട്ടത്. ചന്ദ്രനിലേയ്ക്കും മറ്റു ഗ്രഹങ്ങളിലേയ്ക്കുമൊക്കെ നമ്മളയച്ച റോബോട്ടിക് പേടകങ്ങൾ അയച്ചുതന്ന അറിവു കൂടി സംഭരിച്ച ശേഷമാണ് ബഹിരാകാശത്തേയ്ക്കും പിന്നീട് ചന്ദ്രനിലേയ്ക്കും വരെ നമ്മൾ മനുഷ്യരെ എത്തിച്ചത്. അക്കൂട്ടത്തിൽ ഏറ്റവും


അന്താരാഷ്ട്ര ബഹിരാകാശനിലയം

വലിയ വിജയം, അന്താരാഷ്ട്ര ബഹിരാകാശ നിലയം (International Space Station - ISS) തന്നെ ആയിരിക്കും. അഞ്ചു മനുഷ്യരെയും വഹിച്ച് ദിവസത്തിൽ പതിനാറു തവണ ഭൂമിയെ വലംവെയ്ക്കുന്ന, ഇതിനകം പലപ്പോഴായി ഇരുന്നോളം പേർക്ക് ആതിഥ്യം നൽകിക്കഴിഞ്ഞ, ബഹിരാകാശസത്രമാണ് ISS. ബഹിരാകാശത്തേയ്ക്കുള്ള ചാട്ടത്തിൽ രാജ്യത്തിന്റെ അതിർത്തികൾ മറന്ന് ഒറ്റക്കെട്ടായി പ്രവർത്തിക്കുന്നതിന്റെ ഗുണം നമുക്കു വ്യക്തമാക്കിത്തന്നതും ISS ആണ്. ഇരുപതോളം രാജ്യങ്ങളുടെ സഹകരണത്തോടെയാണ് പതിനഞ്ചുവർഷത്തോളമായി ഈ ആകാശക്കൊട്ടാരം നമുക്കുചുറ്റും കറങ്ങുന്നത്.

ഇനി അടുത്ത ലക്ഷ്യം ചൊവ്വ തന്നെയാണ്. ചന്ദ്രനിലെ ആദ്യമനുഷ്യരിൽ ഒരാളായ എഡ്വിൻ ആൽഡ്രിൻ പറയുന്നത്, *'ചന്ദ്രനെ മറക്കൂ, ഇനി നമുക്ക് ചൊവ്വയിലേയ്ക്കു പോകാം.'* എന്നാണ്.

നമ്മൾ ചൊവ്വയെ നോട്ടിമിട്ടിട്ട് കുറെ കാലമായി. ഭൂമിയുടെ തൊട്ടയൽക്കാരിയും സ്വഭാവത്തിൽ മറ്റു ഗ്രഹങ്ങളെക്കാൾ ഭൂമിയോടു സാമ്യ



മാർഷ്യൻ എന്ന സിനിമയിൽ നായകകഥാപാത്രം ചൊവ്വയിൽ നടത്തുന്ന കൃഷി.

**ചൊവ്വയിലേയ്ക്ക് ആദ്യം ചെന്നിറങ്ങുന്നത് ആരായാലും അവർ ബഹിരാകാശസഞ്ചാരിമാർ മാത്രമായാൽ പോരാ. നല്ല കൃഷിക്കാർ കൂടി ആവണം. കാരണം ആഹാരം സ്വയം ഉല്പാദിപ്പിക്കുക എന്നതേ അവിടെ മാർഗമുള്ളൂ. അതിന് കൃഷി കൂടിയേ തീരൂ.**

മുള്ളവളുമാണ് ചൊവ്വ. ഇവർക്കിടയിലുള്ള സഞ്ചാരം ഏറ്റവും സൗകര്യപ്രദമായി വരുന്ന അവസരങ്ങളിലെല്ലാം ചൊവ്വയെ ലക്ഷ്യമാക്കി റോബോട്ടിക് ദൂതരെ നമ്മൾ അയച്ചിട്ടുണ്ട്. ചൊവ്വയെ ചുറ്റുന്ന ഓർബിറ്റർ ദൗത്യങ്ങൾ അവിടുത്തെ ഉപരിതലത്തെക്കുറിച്ച് കൃത്യമായ ധാരണ തന്നിട്ടുണ്ട്. അവിടെ ഐസിന്റെ സാന്നിദ്ധ്യം നമ്മൾ കണ്ടെത്തിക്കഴിഞ്ഞു. അവിടുത്തെ ധാതുക്കളുടെ സാന്നിദ്ധ്യവും, മനുഷ്യർക്കുൾപ്പടെ പേടകങ്ങൾക്ക് ലാൻഡ് ചെയ്യാൻ യോജിച്ച പ്രദേശങ്ങളും നമ്മൾ തിരിച്ചറിഞ്ഞുകഴിഞ്ഞു. ഇതിനകം അവിടെ ലാൻഡ് ചെയ്ത പേടകങ്ങൾ, ഭൂമിയിലെപ്പോലെ ചൊവ്വയും ഒരിക്കൽ സൂക്ഷ്മജീവികളെ താലോലിച്ചിരുന്നു എന്നു വിശ്വസിക്കാൻ പോന്ന തെളിവുകൾ തന്നിട്ടുണ്ട്. ഇങ്ങനെ ഒരുവശത്ത് റോബോട്ടുകളെ ഉപയോഗിച്ച് ചൊവ്വയെ കൂടുതൽ അറിഞ്ഞുകൊണ്ടിരിക്കുമ്പോൾ, നമ്മൾ മറ്റൊരു വശത്ത് പുതിയ സാങ്കേതികവിദ്യകൾ വികസിപ്പിക്കാനും ശ്രദ്ധിക്കുന്നുണ്ട്. ബഹിരാകാശയാത്ര സുഗമമാക്കുന്നതിനുള്ള മാർഗങ്ങൾ, വിവരകൈമാറ്റത്തിനു കൂടുതൽ വേഗതയുള്ളതും ഫലപ്രദമായതുമായ മാർഗങ്ങൾ എന്നിവയൊക്കെ ഒരുങ്ങുന്നുണ്ട്. ഇങ്ങനെ പലയിടത്തുനിന്ന് സ്വരൂപിക്കുന്ന അറിവുകളും സങ്കേതങ്ങളും കൂട്ടിയോജിപ്പിച്ചാണ് മനുഷ്യനെ ചൊവ്വയിൽ എത്തിക്കുന്നതിന് നമ്മൾ കോപ്പുകൂട്ടുന്നത്.

മറ്റൊന്നുകൂടി ഉണ്ട്. ചൊവ്വയിലേയ്ക്ക് ആദ്യം ചെന്നിറങ്ങുന്നത് ആരായാലും അവർ ബഹിരാകാശസഞ്ചാരിമാർ മാത്രമായാൽ പോരാ. നല്ല കൃഷിക്കാർ കൂടി ആവണം. കാരണം ആഹാരം സ്വയം ഉല്പാദിപ്പിക്കുക എന്നതേ അവിടെ മാർഗമുള്ളൂ. അതിന് കൃഷി കൂടിയേ തീരൂ. ബഹിരാകാശത്ത് മൈക്രോഗ്രാവിറ്റിയിൽ ചെടികൾ വളർത്തി നമ്മൾ ഇതിനകം പരിചയിച്ചുകഴിഞ്ഞു. ഇക്കഴിഞ്ഞ ദിവസംകൂടി ISSൽ വിരിഞ്ഞ സീനിയപ്പൂക്കളുടെ ചിത്രം പത്രങ്ങളിൽ വന്നിരുന്നല്ലോ. പക്ഷേ ചൊവ്വയിലെ കുറഞ്ഞ ഗുരുത്വാകർഷണത്തിൽ ചെടികൾ എങ്ങനെ വളരും എന്ന് നമുക്കിപ്പോഴും സംശയമുണ്ട്. ഭൂമിയിൽ ലഭിക്കുന്നതിന്റെ പകുതി സൂര്യപ്രകാശം മാത്രമേ ചൊവ്വയിൽ ലഭിക്കുന്നുള്ളൂ. അന്തരീക്ഷമർദം ഭൂമിയിലേതുപോലെ നിലനിർത്തുന്ന ചേംബറുകൾക്ക് ഉള്ളിലാണെങ്കിൽ പ്രകാശലഭ്യത പിന്നെയും കുറയും.

കൃത്രിമപ്രകാശം വേണ്ടി വന്നാൽ വലിയ ഊർജ്ജ ച്ചെലവു കൂടിയായിരിക്കും അത്. ചേംബറുകൾ ഒഴിവാക്കി കുറഞ്ഞ മർദ്ദത്തിൽ ചെടികളെ വളർത്താനാവുമോ എന്ന ഗവേഷണത്തിലാണ് ഇന്ന് നാസ ശാസ്ത്രജ്ഞർ. എന്തായാലും ചൊവ്വയിലെ കൃഷി ഒരു വെല്ലുവിളി തന്നെ ആയിരിക്കും എന്നതിൽ സംശയമില്ല.


ചൊവ്വയിലേയ്ക്കുള്ള യാത്രയെ മൂന്നു പ്രധാന ഘട്ടങ്ങളായിട്ടാണ് ഇന്ന് ബഹിരാകാശ ശാസ്ത്രജ്ഞർ മനസ്സിൽ രൂപകല്പന ചെയ്തിരിക്കുന്നത് (i) ഭൂമിയെ ആശ്രയിച്ചുള്ള ഘട്ടം (ii) ചുവടുറപ്പിക്കൽ ഘട്ടം (iii) ഭൂമിയെ വിട്ടുള്ള ഘട്ടം.


മാർഷ്യൻ സിനിമയിൽ ചൊവ്വയിലുപയോഗിച്ച വാഹനം

## i. ഭൂമിയെ ആശ്രയിച്ചുള്ള ഘട്ടം

നമ്മൾ ഇതിനകം ആരംഭിച്ചു കഴിഞ്ഞ ഘട്ടമാണിത്. ഇതിന്റെ ഭൂരിഭാഗവും അന്താരാഷ്ട്ര ബഹിരാകാശ നിലയത്തിലാണ് നടക്കുന്നത്. 2000 നവംബർ മുതൽ ഇന്നുവരെ തുടർച്ചയായി ആൾത്താമസമുണ്ട് അവിടെ. ഈ കാലഘട്ടത്തിനിടെ 17 രാജ്യങ്ങളിൽ നിന്നായി 200ഓളം പേർ അവിടെ താമസിച്ചിട്ടുണ്ട്. ബഹിരാകാശത്തെ മൈക്രോഗ്രാവിറ്റി എന്ന ഓമനപ്പേരിൽ വിളിക്കപ്പെടുന്ന ഭാരമില്ലായ്മയാണ് അവിടെ പ്രധാനമായും പഠിക്കപ്പെടുന്നത്. വളരെ നീണ്ട കാലം മൈക്രോഗ്രാവിറ്റിയിൽ കഴിഞ്ഞാൽ മനുഷ്യർക്ക് എന്ത് സംഭവിക്കും എന്ന അറിവ് ബാഹ്യാകാശയാത്രകളിൽ വളരെ പ്രധാനമാണ്. ഭൂമിയിൽ നമ്മുടെ ശരീരം തീരെ പരിചയിച്ചിട്ടില്ലാത്ത ഒരവസ്ഥയാണല്ലോ അത്. അസ്ഥികൾക്കും പേശികൾക്കുമുള്ള ബലക്കുറവ്, തലച്ചോറിലെ രക്തസമ്മർദ്ദത്തിലുള്ള വ്യത്യാസം, ശരീരദ്രവങ്ങളിലെ അസന്തുലനം, പ്രതിരോധശേഷിയിൽ വരുന്ന വ്യത്യാസം, ആരോഗ്യരക്ഷാ വ്യായാമങ്ങളുടെ ആവശ്യകത എന്നിവയൊക്കെ ഇതിനകം നമ്മൾ നിരീക്ഷിക്കുകയും പഠനവിധേയമാക്കുകയും ചെയ്തിട്ടുണ്ട്. മാർഷ്യൻ സിനിമയിലെ കറങ്ങുന്ന ബഹിരാകാശ പേടകം ഓർമയുണ്ടോ? കൃത്രിമഗുരുത്വം സൃഷ്ടിച്ച് ഈ പ്രശ്നങ്ങൾ മറി കടക്കാനുള്ള സൂത്രമാണത്. ഇതിനുപുറമേ ഭൂമിയോടുള്ള

മാർഷ്യൻ സിനിമയിൽ ചൊവ്വായാത്രയ്ക്കുപയോഗിച്ച ബഹിരാകാശപേടകം. കൃത്രിമഗുരുത്വം സൃഷ്ടിക്കാനുള്ള കറങ്ങുന്ന ഭാഗവും കാണാം.



**പ്രധാനമായും മൂന്ന് രീതിയിലുള്ള വെല്ലുവിളികളാണ് നമ്മൾ അവിടെ നേരിടാൻ പോകുന്നത്. ഗതാഗതം, താമസം, ആരോഗ്യസംരക്ഷണം. വിദൂരബാഹ്യാകാശത്തെ ലക്ഷ്യം വെയ്ക്കുമ്പോൾ കൂടുതൽ ശക്തിയുള്ള വിക്ഷേപണവാഹനങ്ങൾ നമുക്ക് ആവശ്യമായി വരും.**

ആശ്രിതത്വം കുറയ്ക്കുന്ന ജീവൻ നിലനിർത്താനുള്ള സംവിധാനങ്ങൾ, ആരോഗ്യ രക്ഷാ ഉപായങ്ങൾ, താമസ സൗകര്യങ്ങൾ എന്നിവയൊക്കെ വികസിപ്പിക്കാൻ ISS ഗവേഷണങ്ങൾ ഊന്നൽ നൽകുന്നു. ഇനി അഗ്നി ശമനസംവിധാനങ്ങൾ, പുതുപുത്തൻ സ്പെയ്സ് സ്യൂട്ടുകൾ, വേഗം കൂടിയ വിവര സംപ്രേഷണസങ്കേതങ്ങൾ, കുറച്ചുകൂടി വലിയതും സൗകര്യപ്രദമായതുമായ സോളാർ പാനലുകൾ, റേഡിയേഷനിൽ നിന്നും സുരക്ഷ നേടുന്നതിനുള്ള കവചങ്ങൾ, മനുഷ്യാധ്വാനം കുറയ്ക്കുന്ന റോബോട്ടുകൾ എന്നിവയിലൊക്കെ കൂടുതൽ ഗവേഷണങ്ങളും നമ്മൾ ആസൂത്രണം ചെയ്യുന്നുണ്ട്.

## ii. ചുവടുറപ്പിക്കൽ ഘട്ടം

ISS ഇപ്പോഴുള്ളത് ലോ എർത്ത് ഓർബിറ്റ് (LEO) എന്ന ഒരുതരം ഭ്രമണപഥത്തിലാണ്. പരമാവധി 500 കിലോമീറ്ററാണ് അതിന്റെ ഉയരം. അവിടേയ്ക്കുള്ള യാത്രാകാലയളവ് ഏതാനും മണിക്കൂറുകളേ ഉള്ളൂ. എന്നാൽ ചൊവ്വയിലേയ്ക്കുള്ള യാത്ര ഇതിനെക്കാളൊക്കെ എത്രയോ ദൂരം താണ്ടേണ്ടതാണെന്ന് അറിയാമല്ലോ. അതിനാൽതന്നെ LEO-യ്ക്കും അപ്പുറമുള്ള കളിക്കളങ്ങളിൽ കൂടി കളിച്ചുപഠിച്ച ശേഷമേ നമുക്ക് ചൊവ്വയിലേയ്ക്ക് നേരിട്ടൊരു പോക്ക് സാധ്യമാകൂ. ദിവസങ്ങളെടുത്തു മാത്രം എത്താനാവുന്ന, വിദൂരബാഹ്യാകാശത്തെ പ്രവർത്തനപരിചയം നേടൽ നമ്മുടെ പ്രധാന ലക്ഷ്യങ്ങളിലൊന്നാണ്.

പ്രധാനമായും മൂന്ന് രീതിയിലുള്ള വെല്ലുവിളികളാണ് നമ്മൾ അവിടെ നേരിടാൻ പോകുന്നത്. ഗതാഗതം, താമസം, ആരോഗ്യസംരക്ഷണം. വിദൂരബാഹ്യാകാശത്തെ ലക്ഷ്യം വെയ്ക്കുമ്പോൾ കൂടുതൽ ശക്തിയുള്ള വിക്ഷേപണവാഹനങ്ങൾ നമുക്ക് ആവശ്യമായി വരും. താണ്ടേണ്ട ദൂരം പോലെ തന്നെ പ്രധാനമാണ്, വഹിക്കേണ്ട ഭാരവും.

ചൊവ്വാഗ്രഹത്തിന്റെ ഉപരിതലത്തിൽ മനുഷ്യൻ. ഒരു ഭാവനാചിത്രം.




മൂന്നോ നാലോ മനുഷ്യരെയും അവർക്കാവശ്യമുള്ള വസ്തുക്കളും കൂടി വലിച്ച് വേണം മുകളിലേയ്ക്കു പോകാൻ. സ്പെയ്സ് ലോഞ്ച് സിസ്റ്റം (SLS) എന്ന ആധുനിക റോക്കറ്റ്, ഓറയൺ എന്ന മനുഷ്യ വാഹകശേഷിയുള്ള പേടകം എന്നിവ ഈ ലക്ഷ്യം കൈവരിക്കാനുള്ള പടവുകൾ ഏറെ താണ്ടിക്കഴിഞ്ഞിട്ടുണ്ട്.

ബഹിരാകാശത്തെ താമസം കൂടുതൽ വെല്ലുവിളികൾ നിറഞ്ഞതാണ്. നിരവധി ശാസ്ത്രപരീക്ഷണങ്ങളും പഠനങ്ങളും അവിടെ നടത്തേണ്ടതുണ്ട്. പേടകങ്ങൾക്ക് പുറത്തിറങ്ങിയുള്ള ബഹിരാകാശ നടത്തം, റോബോട്ടിനെ ഉപയോഗിച്ച് ജോലി ചെയ്യിക്കാനുള്ള കഴിവ് എന്നിവയിലൊക്കെ നല്ല പരിശീലനം നേടിയാലേ ഭാവിയാത്രകൾ സുരക്ഷിതമായി ചെയ്യാനാകൂ. ദൂരം കൂടുന്തോറും ആശയവിനിമയം കൂടുതൽ സമയതാമസം നേരിടും എന്നതിനാൽ, ഭൂമിയുമായി ബന്ധപ്പെടാതെ സ്വയം തീരുമാനമെടുത്തു പ്രവർത്തിക്കേണ്ട ആവശ്യവും ഉണ്ട്.

ഒരുപക്ഷേ ബഹിരാകാശത്തെ താമസത്തിലെ ഏറ്റവും വലിയ വെല്ലുവിളി ആരോഗ്യം കാത്തുസൂക്ഷിക്കലാണ്. ഭാരമില്ലായ്മയിൽ വരുന്ന ശാരീരികബലക്ഷയങ്ങൾക്കു പുറമേ, ബഹിരാകാശത്തെ വികിരണങ്ങളെ കരുതിയിരിക്കേണ്ടതുണ്ട്. ഭൂമിക്ക് സ്വന്തമായി സാമാന്യം ബലമുള്ള ഒരു കാന്തിക ക്ഷേത്രം ഉള്ളതിനാലാണു നമ്മളൊക്കെ സുരക്ഷിതരായി ഇരിക്കുന്നത്. ഉന്നത ഊർജമുള്ള ബാഹ്യാകാശ വികിരണങ്ങളെ അത് തടഞ്ഞ് ധ്രുവങ്ങളിൽ തളച്ചിടുന്നുണ്ട്. പക്ഷേ വിദൂരബാഹ്യാകാശത്തോ വളരെ ശക്തി കുറഞ്ഞ കാന്തികക്ഷേത്രം മാത്രമുള്ള ചൊവ്വയിലോ ഈ ഗാരന്റി നമുക്കില്ല.

ഈ ഘട്ടത്തിലെ രണ്ട് പ്രധാന ലക്ഷ്യങ്ങളാണ് സൗര വൈദ്യുത പ്രൊപ്പൽഷനും (Solar Eletcric Propulsion - SEP) ഛിന്നഗ്രഹം ഗതിതിരിച്ചുവിടലും (Asteroid Redirect Mission - ARM). ഇന്ന് ഉപയോഗിക്കുന്ന രാസവസ്തുക്കൾ ഉപയോഗിച്ചുള്ള പ്രൊപ്പൽഷന് ഒരു പകര സംവിധാനമാണ് SEP. വളരെ കുറച്ച് ഇന്ധനം ഉപയോഗിച്ച് വളരെ കാലം ബാഹ്യാകാശ വിക്ഷേപണങ്ങൾ സാധിക്കും എന്നതാണ് അതിന്റെ പ്രത്യേകത.

ദീർഘകാലം നീണ്ടുനിൽക്കുന്ന, വിദൂര ബാഹ്യാകാശ ദൗത്യങ്ങളിൽ മുതൽക്കൂട്ടാകുന്ന ഒരു പഠനമാണ് ARM-ൽ ഉദ്ദേശിക്കുന്നത്. ഛിന്നഗ്രഹങ്ങളെ പഠനവിധേയമാക്കാനുള്ള രണ്ട് ഘട്ടങ്ങളാണ് ഇതിലുള്ളത്. ആദ്യ ഘട്ടത്തിൽ റോബോട്ടിക് പേടകങ്ങളെ ചൊവ്വയ്ക്കും വ്യാഴത്തിനും ഇടയിലുള്ള ഛിന്നഗ്രഹ ബെൽറ്റിലേയ്ക്ക് അയയ്ക്കും. എന്നിട്ട് അവയെ പഠിച്ച്, തെരെഞ്ഞെടുക്കപ്പെടുന്ന ചില ഛിന്നഗ്രഹങ്ങളെ പിടികൂടി, ചന്ദ്രനിപ്പുറത്തായി ഭൂമിക്കു ചുറ്റുമുള്ള ഒരു സ്ഥിര ഓർബിറ്റിലേയ്ക്ക് എത്തിക്കും. എന്നിട്ട് SLS റോക്കറ്റിന്റെയും ഓറയൺ പേടകത്തിന്റെയും സഹായത്തോടെ മനുഷ്യർ ഇവിടുന്ന് ആ പുതിയ ഛിന്നഗ്രഹലേയ്ക്കു പോയി അവയെ നേരിട്ടു പഠിക്കും. ചൊവ്വയുടെ ഉപഗ്രഹങ്ങളായ ഫോബോസിനെയും ഡീമോസിനെയും ഭാവിയിൽ വിശദമായി അടുത്ത് പഠിക്കുന്നതിനുള്ള പരിശീലനം ഇതിൽ നിന്ന് കിട്ടും. ഒരുപക്ഷേ അവയിൽ നിന്നും വിഭവങ്ങൾ ഖനനം ചെയ്തെ



ചൊവ്വയുടെ ഉപരിതലം

ടുത്ത് അവിടന്ന് അപ്പുറത്തേയ്ക്കുള്ള ദൗത്യങ്ങൾക്ക് ഉപയോഗിക്കാനും സാധിച്ചേയ്ക്കും.


### iii. ഭൂമിയെ വിട്ടുള്ള ഘട്ടം

ഭൂമിയിൽ നിന്നും പൂർണമായും സ്വതന്ത്രമായുള്ള യാത്രയാണ് ഈ ഘട്ടത്തിൽ. ചുവടുറപ്പിക്കൽ ഘട്ടത്തിൽ നിന്നും നമ്മൾ പഠിക്കുന്ന പാഠങ്ങൾ ഇവിടെ ഉപയോഗപ്പെടുത്തും. ഇപ്പോഴുള്ള അറിവനുസരിച്ച് നമ്മൾ ചൊവ്വ സന്ദർശിച്ച് മടങ്ങാനല്ല ഉദ്ദേശിക്കുന്നത്. അവിടേയ്ക്കുള്ള ആദ്യ മനുഷ്യ സഞ്ചാരി(കൾ) അവിടെ സ്ഥിരമായി തങ്ങാനായിരിക്കും പോകുന്നത്. ചെലവ് കുറയ്ക്കാനും കൂടുതൽ സുരക്ഷ ഉറപ്പാക്കാനും അതാണു നല്ലത് എന്നാണ് വിദഗ്ദ്ധർ പറയുന്നത്.

ഈ ഘട്ടത്തിലേയ്ക്കാവശ്യമായ പ്രാരംഭപ്രവർത്തനങ്ങൾ ചിലതൊക്കെ നമ്മൾ തുടങ്ങിക്കഴിഞ്ഞു.ഇൻഡ്യയുടെ മാഴ്സ് ഓർബിറ്റർ മിഷൻ ഉൾപ്പടെ നിരവധി പേടകങ്ങൾ ഇതിനകം അവിടെ എത്തിയിട്ടുണ്ടല്ലോ. ക്യൂരിയോസിറ്റിയും സ്പിരിറ്റും ഓപ്പർച്യൂണിറ്റിയുമൊക്കെ ചൊവ്വയിലിറങ്ങി നടത്തിയ അഭ്യാസങ്ങളെക്കുറിച്ചൊക്കെ പത്രങ്ങളിൽ വായിച്ചില്ലേ? ചൊവ്വയെ കുറിച്ച് നിർണായകമായ നിരവധി അറിവുകൾ ഈ പേടകങ്ങൾ തന്നിട്ടുണ്ട്. ഇവയെ ഉപയോഗിച്ച് ഭാവിയിൽ മനുഷ്യന് ഇറങ്ങാനാകുന്ന ലാൻഡിങ് പ്രദേശങ്ങൾ തിരിച്ചറിഞ്ഞ് സജ്ജമാക്കാൻ സാധിക്കും.

ഇനി വരാൻ പോകുന്ന മാഴ്സ് 2020 എന്ന നാസ ദൗത്യം മറ്റൊരു നാഴികക്കല്ലായിരിക്കും. മനുഷ്യർക്കിറങ്ങാവുന്ന ഒരു പ്രദേശത്തായിരിക്കും ഈ ദൗത്യത്തിലെ റോവർ ചെന്നിറങ്ങുന്നത്. അവിടത്തെ ഭൂതകാലജീവാണുസാന്നിദ്ധ്യം വിശദമായി പഠിക്കുന്നതോടൊപ്പം ചൊവ്വയുടെ നനുത്ത അന്തരീക്ഷത്തിൽ നിന്ന് ഓക്സിജൻ ഉണ്ടാക്കാനുള്ള വിദ്യ കൂടി പരീക്ഷിക്കും. ചൊവ്വയെ കൂടുതൽ വിശദമായി അറിയുന്നതിന് വേറെയും ദൗത്യങ്ങൾ പദ്ധതിയിലുണ്ട്.

കഴിഞ്ഞ കുറച്ചുവർഷങ്ങളിൽ തന്നെ വിപ്ലവകരമായ പല പുതിയ അറിവുകളും നമുക്കു കിട്ടിയിട്ടുണ്ട്. ഇനി വരുന്ന വർഷങ്ങളിൽ അത് ഇനിയും കൂടുതലായിരിക്കും എന്നാണു കരുതുന്നത്. അതോടെ ചൊവ്വയുടെ ഉപരിതലത്തിൽ നമുക്ക് ഇറങ്ങുന്നതിനും താമസിക്കുന്നതിനും ആവശ്യമായ സൗകര്യങ്ങൾ ഒരുക്കുന്നതിനെ കുറിച്ച് ഫലപ്രദമായ മാർഗരേഖകൾ നമുക്ക് ഉണ്ടാക്കാനാകും. ഇവിടന്ന് ആദ്യം ചൊവ്വാ ഉപഗ്രഹങ്ങളിലേയ്ക്കും പിന്നെ ചൊവ്വയിലേയ്ക്കും മനുഷ്യന്റെ കാലടികൾ നീളും. അതിന് എത്ര കാലം വേണ്ടി വരും എന്നത് കൃത്യമായി പറയാനാകില്ലെങ്കിലും ഒന്നുറപ്പാണ്, നമ്മൾ ഈ ഭൂമി എന്ന 'ഇട്ടാവട്ട'ത്തിൽ ഒതുങ്ങിനിൽക്കാൻ ഉദ്ദേശിച്ചിട്ടില്ല.




സ്കൂൾ ഡെയ്സ്
എൻ ടി രാജീവ്
എന്താടാ പരീക്ഷ
യടുത്തപ്പം
ഒരു ചിന്ത...
രണ്ടക്ഷരം
പഠിക്കാനുള്ള
നേരത്ത്.
അതേ...
പരീക്ഷ ജയിക്കാനുള്ള
കുറുക്കുവഴികളെക്കുറിച്ചു
ചിന്തിച്ചതാ.
പരീക്ഷയെക്കുറിച്ചു
മാത്രമാക്കണ്ട,
തീയില്ലാതെ ഈ
അരിവേവിക്കുന്ന
കാര്യംകൂടി ചിന്തിച്ചോളൂ!
വേലയ്ക്കു പോകാതെ
കൂലികിട്ടുന്ന കാര്യം
പറഞ്ഞുതരണേ..!
ഇങ്ങനെ ചോദിച്ചാൽ
എനിക്കു പരീക്ഷാ
പ്പനി പിടിക്കും.
ങും! പരീക്ഷാപ്പനിയല്ല
മടിയൻപനി എന്നാ
അതിനു പറയുക.

# കാട്ടിലെ വീടും അതിഥികളും

പി വത്സല

കാട്ടിലൊരു വീടുണ്ട്. ഞങ്ങൾക്ക്. പാർപ്പുകാർ ഞങ്ങൾ രണ്ടുപേരും മാത്രമാണെന്നാണു വയ്പ്പ്. വീടുവച്ചപ്പോൾ അങ്ങനെയായിരുന്നു. മക്കളിരുവരും കൊല്ലത്തിലൊരിക്കൽ സന്ദർശകർ. ഇപ്പോൾ സംഗതി മാറി. വീടു ഞങ്ങളുടേതല്ലാതായി. അതങ്ങനെയേ വരൂ. കാടാണല്ലോ. അവിടെ നിവാസികൾ വിചിത്രതരക്കാരാണ്. ഉറുമ്പുമുതൽ ആനവരെ. ചേര മുതൽ രാജവെമ്പാല വരെ. തേനീച്ച മുതൽ കാലൻകോഴി വരെ. ഇതിനെയാണു നമ്മൾ ജൈവസമ്പത്തെന്നു പറയുന്നത്. അവരുടെ മുമ്പിൽ രണ്ടുകാലിൽ നടക്കുന്ന



വര: സചീന്ദ്രൻ കാറഡ്ക്ക

മനുഷ്യരെത്ര നിസ്സാരർ. നാം ഈ ഭൂമിക്കുവേണ്ടി സത്യത്തിൽ എന്താണു ചെയ്യുന്നത്. അല്ലെങ്കിലും നരകുലത്തിൽ അമ്മമാർക്കു വലിയ സ്ഥാനമില്ല. ഭൂമിയെന്ന അമ്മ നമ്മുടെ ജന്മാവകാശമാണെന്ന സങ്കല്പത്തിലാണു നാം ജീവിക്കുന്നതുതന്നെ.

പുലർകാലത്ത് ഉണരുമ്പോൾ ഭൂമിയാമമ്മ കാറ്റുവീശി നമ്മെ തണുപ്പിക്കുന്നുണ്ടാവും. രാത്രിമഴ മുഴുക്കെ തന്നത്താൻ ഉൾക്കൊണ്ട്, കോടാനുകോടി ജീവികൾക്കായി സംഭരിച്ചുവച്ചിട്ടുണ്ടാവും. പുൽനാമ്പു തുടങ്ങി ഭൂഗർഭംവരെ എല്ലാ ഇടങ്ങളിലും ആകാശമണ്ഡലത്തിലും മണ്ണിലും. ഈ പെരുംസംഭരണിയിലെ ജലം ജീവധാരയാണ് ആർക്കും, ജീവനുള്ള എന്തിനും. നഗരത്തിൽ നിവസിക്കുന്നവർക്ക് ഈ മഹാത്ഭുതത്തിന്റെ സാന്നിധ്യം അത്രകണ്ട് അനുഭവപ്പെടില്ല. അതുകൊണ്ടാണ് വലിയ ചിന്തകരും ജ്ഞാനികളും എപ്പോഴും ഓർമിപ്പിച്ചുകൊണ്ടിരിക്കുന്നത്, പ്രകൃതിയിലേക്കു മടങ്ങൂ, മടങ്ങൂ എന്ന്. അതു നടപ്പില്ല എന്ന് മനുഷ്യർക്കും ജന്തുക്കൾക്കും അറിയാം. പായൽ തുടങ്ങി മഹാവൃക്ഷങ്ങൾ വരെയുള്ള സസ്യാദികൾക്കും അറിയാം. ജീവനില്ലെന്നു നാം പറയുന്ന കല്ലിനും പാറയ്ക്കും ഉറവിനും ചാലിനും മലമ്പിളർപ്പിനും കുഴിക്കും കുന്നിനും താഴ്‌വരയ്ക്കും ഭൂഗർഭാന്തരാളത്തിനും അറിയാം. അതിനാൽ നാളെ എന്ന ബോധം എല്ലാത്തിനുമുണ്ട്.

ഒരിക്കൽ വേനലവധിക്കു കാട്ടിലെ വീടു തുറക്കുമ്പോൾ എന്താ അനുഭവം! കതക് തുറക്കാൻ കൂട്ടാക്കുന്നില്ല. പൂട്ടു തുറന്നിട്ടും തുറക്കുന്നില്ല. ലൈറ്റിട്ടിട്ടു കത്തുന്നില്ല. മോട്ടോർ വർക്കു ചെയ്യുന്നില്ല. തേനീച്ചയുടെ വേല! സ്വിച്ചുബോർഡ് ആകെ ഇഷ്ടികച്ചുമരോടു ചേർത്തു സീൽ ചെയ്തിരിക്കുന്നു. ഇലക്ട്രിസിറ്റി ബോർഡ് ജീവനക്കാർ, കക്ഷികൾ കരമടയ്ക്കായ്ക കാരണം പ്രതിഷേധിക്കുമ്പോലെ.

എന്റെ സഹോദരൻ സുരേന്ദ്രനുണ്ടായിരുന്നു ഞങ്ങൾക്കൊപ്പം. ബോർഡു ജീവനക്കാരൻ തന്നെ. സുരൻ പറഞ്ഞു നമുക്കിതൊന്നു പരിശോധിച്ചുനോക്കാം. കതകു ശക്തിയായി തള്ളി. താക്കോലിട്ട് നേരത്തേ തുറന്നിരുന്നു. കതകിന് അകത്ത് മെഴുകുസീൽ ഇളകി. മെയിൻ സ്വിച്ചു ബോർഡ് സ്ക്രൂ മാറ്റിയപ്പോൾ തേനാണ് ധാരധാരയായി ഒഴുകുന്നത്. ഈച്ചയുടെ സമ്പാദ്യപേടകം!

മറ്റൊരിക്കൽ ചെല്ലുമ്പോൾ 'കുറ്റവാളി' ചിതലായിരുന്നു. മികച്ച ശില്പിയും വരക്കാരിയും. ചെറിയ വീടിന് ഒരു കിടപ്പറയും ഒരു ഹാളും അടുക്കളയും ചെറുതിണ്ണയും ടോയ്‌ലെറ്റുമേയുള്ളൂ. സർവതും അടച്ചുപൂട്ടിയാണ് അവധി കഴിഞ്ഞു ഞങ്ങൾ നഗരവാസത്തിലേക്കു മുഖംതിരിക്കുക. ചിതലുകൾ ചിത്രം വരച്ച് ഒരു കൊട്ടാരമാക്കിയിരിക്കുന്നു ഞങ്ങളുടെ പാവം കിടപ്പാടത്തെ ഒട്ടാകെ. അടുക്കളപോലും ഒഴിവാക്കിയിട്ടില്ല. എന്തെന്തു ചിത്രങ്ങൾ! വൻകരകൾ, കൊടുമുടികൾ, പാഴ്നിലങ്ങൾ, ചാലുകൾ, കുടീരങ്ങളുടെ നിരകൾ. സർവത്ര രേഖാമയം, ചിത്രം, വിചിത്രം! ഇവിടെ കാന്താരത്തിന്നകത്ത്, ഇതു വലിയൊരു വിപത്താണ് എന്നു ഞങ്ങളുടെ സഹായി കാളിയും ഭർത്താവ് കാളനും. എന്തും ഇവറ്റ കീഴടക്കും. മനുഷ്യരെയടക്കം ഒരു പുറ്റിലിട്ടു പൂട്ടിക്കളയും. നിങ്ങളെ സ്മാരകങ്ങളാക്കും. എന്നാലോ പണ്ടു വാൽമീകിമുനിക്കു സംഭവിച്ച കവിത്വപദവിയൊന്നും കിട്ടുകയുമില്ല.

പിന്നെ വണ്ടി നഗരത്തിലേക്കു തിരിച്ചുവിടുന്നു. ചിതൽഹാരകരെന്ന വിദഗ്ധരുടെ ഒരു ചെറുയൂണിറ്റിനെ കണ്ടുപിടിക്കുന്നു. അരനൂറ്റാണ്ടിലധികമായി മനുഷ്യജീവിതം ജീവിച്ചിട്ടും ചിതൽവേട്ടക്കാരുടെ സഹായം തേടേണ്ടിവന്നിട്ടില്ല. അവരെ കണ്ടിട്ടുപോലുമില്ല.

കാട്ടിലെ ജീവിതത്തിന്റെ അനുഭവവൈചിത്ര്യമാണു ഞങ്ങളെ വീണ്ടും വീണ്ടും ആകർഷിക്കുന്നത്.

കഴിഞ്ഞ അവധിക്കാലത്തു ചെന്നപ്പോൾ അടുപ്പിന്നകം അണ്ണാൻപെണ്ണ്

> **കഴിഞ്ഞ അവധിക്കാലത്തു ചെന്നപ്പോൾ അടുപ്പിന്നകം അണ്ണാൻ പെണ്ണ് കൂട്ടുകൂടി ഇരട്ടത്തൊട്ടിലുണ്ടാക്കിയിരിക്കുന്നു. തക്യതിയായ പണിയിലാണു ഗർഭിണിയായ അമ്മ. ഒരു പഴുത് അടയ്ക്കാനില്ലാത്ത കെട്ടിടത്തിന്നകത്ത് അവൾ എങ്ങനെ കടന്നുകൂടി! അത്ഭുതത്തിന്നതിരില്ല. തുറന്നുകിടക്കുന്ന ഏക പഴുത് ആകാശത്തിലേക്കുണ്ട്. പുകക്കുഴൽ. വെറും അഞ്ചിഞ്ചു വ്യാസം! അടുപ്പിലെ ഇരട്ടത്തൊട്ടിലെന്ന മഹാത്ഭുതം കണ്ട് അന്തിച്ചുനിന്നു.**

കൂട്ടുകൂടി ഇരട്ടത്തൊട്ടിലു
ണ്ടാക്കിയിരിക്കുന്നു.
തകൃതിയായ പണിയിലാണു
ഗർഭിണിയായ അമ്മ. ഒരു
പഴുത് അടയ്ക്കാനില്ലാത്ത
കെട്ടിടത്തിനകത്ത് അവൾ
എങ്ങനെ കടന്നുകൂടി!
അത്ഭുതത്തിന്നതിരില്ല.
തുറന്നു കിടക്കുന്ന ഏക
പഴുത് ആകാശത്തിലേ
ക്കുണ്ട്. പുകക്കുഴൽ!! വെറും
അഞ്ചിഞ്ചു വ്യാസം! അടു
പ്പിലെ ഇരട്ടത്തൊട്ടിലെന്ന
മഹാത്ഭുതം കണ്ട് അന്തിച്ചു
നിന്നു. കുടിക്കാൻ ചുക്കു
വെള്ളം, അരിവയ്ക്കണം,
കറിവയ്ക്കണം, അതിനു
മുമ്പു കാപ്പിവേണം.
അണ്ണാൻപെണ്ണ് മുറ്റത്തെ
എലവംഗമരത്തിലേറി
ഇടവിടാതെ ചിലയ്ക്കുന്നു.
'പോകൂ പോകൂ ഞങ്ങളെ
അലമ്പാക്കാതെ പോകൂ...'

കാളൻ പറഞ്ഞു, 'കാത്തു
നിന്നിട്ടു കാര്യമില്ല. കെട്ടിയ
കൂട് അവർ അഴിക്കില്ല.
പോവില്ല. പ്രസവമടുത്തു.
ഞാൻ കാളന്റെ മുഖത്തു
നോക്കി. കാട്ടിലിവിടെ മല
യണ്ണാനല്ലാതെ, നാട്ടിലെ
ചെറിയ അണ്ണാരക്കൊട്ടനെ
കണ്ടിട്ടേയില്ലല്ലോ!

'അവരവിടെ നിന്നു പട്ട
ണക്കാരെ പേടിച്ച് ഒളിച്ചോടി
വന്നതാണ്!'– കാളൻ.
അതിലൊരു താക്കീതും
പരിഹാസത്തരിയും ഒളിച്ചു
കിടപ്പില്ലേ?

അതേ അവധിക്ക് ഞങ്ങൾ
ചാഞ്ഞുകിടക്കുന്ന സാമാന്യം
ഭാരമേറിയ ഇരിമ്പുഗേറ്റു
മാറ്റിവയ്ക്കാൻ ആളെ ഏർ
പ്പാടുചെയ്തിരുന്നു. ഏതു
തരം ടെക്നിക്കൽ വിദ്വാനെ
വേണമെങ്കിലും മുപ്പ
ത്തൊന്നു കിലോമീറ്റർ
അകലെയുള്ള മാനന്തവാടി
പട്ടണത്തിൽ നിന്നു വരു

ആരോ ധൃതിയിൽ ശ്വാസം വിടാതെ വെള്ളം കുടിക്കുന്നല്ലൊ! വലിച്ചു വലിച്ചു ശ്വാസം ഉച്ചത്തിലാവുന്നു. പണിക്കാർ ഞെട്ടലോടെ കാപ്പിച്ചെടികളുടെ കമ്പുകൾ ചോർന്നുകടന്നു കണ്ണിനെ തുറന്നുവിടുന്നു. ഒരാൾ നിലവിളിച്ചുകൊണ്ടു നേരെ പുറത്തെ റോഡിലേക്കു കുതിക്കുന്നു. മറ്റേയാൾ സ്തംഭിച്ച് ഒരു നിലവിളി യിൽ ഉറച്ചുപോയി.

ത്തണം. ഇവിടെ ജീവിക്ക
ണമെങ്കിൽ, മുൾച്ചെടി
വേലിമതിയല്ലോയെന്ന്.

കാട് കാടുതന്നെ, മാന്യ
മായി നിങ്ങളെ സ്വീകരിക്കു
ന്നില്ലേ? ഏതെങ്കിലുംവിധം
നിങ്ങളെ നിന്ദിക്കുന്നോ?
ഇല്ല. ചതിക്കുന്നോ? ഇല്ലേ
യില്ല. എല്ലാ ചുമതലയും
അവൾ കിറുകൃത്യമായി
നിർവഹിക്കുന്നല്ലേ?
ഉണ്ടല്ലോ. ഏതായാലും
ഒരാഴ്ചയ്ക്കപ്പുറത്തേക്കു
നാൾ കുറിച്ചു ഇന്നുവരും
എന്നുപറയുന്ന വേലക്കാരൻ
ഒരാഴ്ച കഴിഞ്ഞൊരു നാൾ
വരാം. വരാതിരിക്കാം.
ഇവിടെ ടൈംടേബിളില്ല.
വാച്ചുനോക്കിയുള്ള ജീവി
തവുമില്ല. എന്നാൽ പ്രകൃതി
മാതാവിനെ നോക്കൂ!
അവൾ എല്ലാം കൃത്യമായി
കൃത്യഋതുവിൽ കൃത്യ
മുഹൂർത്തത്തിൽ ഭംഗിയായി
നിർവഹിച്ചു കടന്നുപോകും.
ബുദ്ധിയും കഴിവും ഉണ്ടെ
ങ്കിൽ പ്രയോഗിച്ചോളൂവെന്ന
മട്ട്.

അവസാനം അവർ ഒരു
ദിവസം പ്രഭാതത്തിൽ പ്രത്യ
ക്ഷപ്പെടുന്നു. ഗേറ്റിന്മേൽ
മികവു പ്രയോഗിക്കുന്നു.
ഇരുമ്പായുധം, കൈമിടുക്ക്,
ഏകാഗ്രത എല്ലാം ഉണ്ട്. ഒരു
ജാർ നിറയെ ചുക്കുവെള്ളം
സംഭരിച്ച് കാർ ഷെഡ്ഡിൽ
വച്ചു പണി തുടങ്ങുന്നു.
കുംഭവെയിലിന്റെ ക്രൂരത
യോടു തോറ്റ് വെള്ളം കുടി
ക്കാമെന്നു തിരിഞ്ഞു

നോക്കുന്നു. ആരോ ധൃതി
യിൽ ശ്വാസം വിടാതെ
വെള്ളം കുടിക്കുന്നല്ലോ!
വലിച്ചു വലിച്ചു ശ്വാസം
ഉച്ചത്തിലാവുന്നു. പണിക്കാർ
ഞെട്ടലോടെ കാപ്പിച്ചെടിക
ളുടെ കമ്പുകൾ ചോർന്നു
കടന്നു കണ്ണിനെ തുറന്നു
വിടുന്നു. ഒരാൾ നിലവിളിച്ചു
കൊണ്ടു നേരെ പുറത്തെ
റോഡിലേക്കു കുതിക്കുന്നു.
മറ്റേയാൾ സ്തംഭിച്ച് ഒരു
നിലവിളിയിൽ ഉറച്ചുപോയി.

ഒരു പ്രജാപതി രാജ
വെമ്പാലയുണ്ട്. രണ്ടുലിറ്റ
റോളം വരുന്ന സ്റ്റീൽമഗ്ഗ്
കാലിയാക്കുന്നു. തൃപ്തി
യോടെ പിന്തിരിയുന്നു.
തോട്ടത്തിന്റെ അന്തഃപുര
ത്തിലേക്ക്. ആളൊച്ച കേട്ട്
ഒരു മിസ്സൈലിന്റെ വേഗത
യിൽ പറക്കുന്നു. കരിയില
മെത്തയുടെ അന്തരാളത്തിൽ
അപ്രത്യക്ഷയാകുന്നു.

ഞാൻ പാതിവഴിയിൽ
നിന്ന് ഒരു ഞെട്ടലോടെ
ഓർക്കുന്നു. അയൽക്കാരൻ
ഉണ്ണിക്കൃഷ്ണൻ കഴിഞ്ഞ
ശീതകാലത്തൊരിക്കൽ
മുന്നറിയിപ്പു നൽകിയിരു
ന്നല്ലോ.

ടീച്ചറേ, നിങ്ങടെ തോട്ട
ത്തിലൊരു രാജവെമ്പാല
താമസമുണ്ട്. കേട്ടതു
നഗരത്തിലെ ഭവനത്തിലിരു
ന്നാകയാൽ സമാധാനിപ്പി
ച്ചിരുന്നു. അത് അവയുടെ
അവകാശമാണല്ലോ. കാട്
പൈതൃകം. ഞാനല്ലേ
അതിക്രമിച്ചു കടന്നത്!

# അത്താണി

കെ കെ പല്ലശ്ശന



വര: സചീന്ദ്രൻ കാറഡ്ക്ക

ആലിൻ ചുവട്ടിലെയത്താണി
നാലാൾക്കുതകിയോരത്താണി
നാലുവരിപ്പാത വന്നകാലം
ആലിനോടൊപ്പം നിലംപതിച്ചു.

കാലുകളായിട്ടു രണ്ടുകല്ല്
പാലമായിട്ടൊരു നല്ല കല്ല്
മുക്കൂട്ടുപാതയ്ക്കലങ്കാരമായ്
മുക്കല്ലുമേളിച്ച കൂട്ടു കേമം.

മേടമാസത്തിലെ തീപ്പകലിൽ
ഇടവഴിതാണ്ടിച്ചുമടുമായി
വാടിയചേമ്പിലപോലെയെത്തും
നാടിന്റെ മക്കൾ പ്രയത്നശീലർ

അച്ചുമടൊക്കെയുമേറ്റുവാങ്ങി
അത്താണിയാശ്വാസമേകിവന്നൂ
ആലിലവിശറിയിലത്തണലിൽ
ആലസ്യമൊക്കെയകന്നിരുന്നൂ

അരികത്തുതണ്ണീർപന്തലൊന്നിൽ
അലിവിൻകുടങ്ങൾ നിറഞ്ഞിരുന്നൂ
കാരുണ്യമുള്ള കരങ്ങൾ നീട്ടും
നീരിനാൽ ദാഹമണഞ്ഞിരുന്നൂ

മുക്കല്ലുയർത്തിയ മൂന്നു നന്മ
ത്യാഗം സഹനം സമർപ്പണവും
മൂല്യങ്ങളൊക്കെക്കൊഴിഞ്ഞകാലം
ആലുമത്താണിയും വീണുപോയീ.

നമ്മൾക്കെടുക്കുവാൻ ഭാരമില്ല
നമ്മൾക്കുതാണ്ടുവാൻ ദൂരമില്ല
നമ്മൾക്കുനാമേ പെരുംചുമട്
നാലുവരിപ്പാത കാലനീതി.




1661 ൽ കൊല്ലം തുറമുഖം ആക്രമണം. *Drawing by Coenraet Decker*

# സഞ്ചാരികൾ കണ്ട കൊല്ലം



ഡോ. എം ജി ശശിഭൂഷൺ

കച്ചവടക്കാരോ മതപ്രചാരകരോ ആയിരുന്നു പ്രാചീനകാലത്തെ മിക്ക സഞ്ചാരികളും. അപൂർവം ചിലർ നാടു കാണാനും തീർത്ഥാടനം നടത്തുവാനും എത്തിയിരുന്നു. ഇവരിൽ ചിലർ രേഖപ്പെടുത്തിയ വിലപ്പെട്ട വിവരങ്ങൾ, പിന്നീട് പുസ്തകരൂപത്തിൽ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. ഈ വിവരങ്ങൾ, അവർ സഞ്ചരിച്ച കാലഘട്ടത്തെക്കുറിച്ചും പോയ നാടുകളുടെ ചരിത്രത്തെക്കുറിച്ചും വിലപ്പെട്ട വിവരങ്ങളാണ് നൽകുന്നത്. ഇവ ചരിത്രരചനയെ ഏറെ സഹായിച്ചിട്ടുണ്ട്. വേണാടിന്റെയും തിരുവിതാംകൂറിന്റെയും ചരിത്രം രചിക്കാൻ സഞ്ചാരികളുടെ ഈ വിവരണങ്ങൾ കുറച്ചൊന്നുമല്ല സഹായിക്കുന്നത്.

മുസിരിസ്(കൊടങ്ങല്ലൂർ), ബക്കരെ, നെൽക്കിണ്ട തുടങ്ങിയ തുറമുഖങ്ങളെക്കുറിച്ചാണ് ഗ്രീക്കുകപ്പലോട്ടക്കാർ ആദ്യകാലങ്ങളിൽ പരാമർശിച്ചിരുന്നത്. പിന്നീടുപിന്നീട് വന്നവർ കൊടുങ്ങല്ലൂരിനൊപ്പം കൊല്ലവും കോഴിക്കോടും മറ്റും പരാമർശിക്കുവാൻ തുടങ്ങി. കൊല്ലം വേണാട് രാജാക്കന്മാരുടെയും കോഴിക്കോട് സാമൂതിരിമാരുടെയും ആസ്ഥാനങ്ങളായത് അവിടങ്ങളിലെ തുറമുഖങ്ങളിൽ ഭരണാധികാരികളുടെ സാന്നിധ്യം അനിവാര്യമായതുകൊണ്ടു കൂടിയായിരുന്നു.

### അബുസെയ്ദ്

പത്താംനൂറ്റാണ്ടിൽ കേരളത്തിൽ എത്തിയ പേർഷ്യൻ സഞ്ചാരിയും ചരിത്രകാരനുമായ അബുസെയ്ദ് കൊല്ലത്തെയാണ് കേരളത്തിലെ പ്രമുഖതുറമുഖമായി കണ്ടത്. ചൈനയിലേക്കുള്ള കപ്പലുകൾ അറബിനാടുകളിലേക്ക് പോകുമ്പോഴും തിരിച്ചുവരുമ്പോഴും കൊല്ലം തുറമുഖത്തേക്ക് അടുപ്പിക്കാറുണ്ടെന്ന് അബുസെയ്ദ് സാക്ഷ്യപ്പെടുത്തുന്നു. കാലാവസ്ഥ അനുകൂലമാണെങ്കിൽ ഒരു മാസം കൊണ്ട് മസ്ക്കത്തുനിന്ന് കൊല്ലത്തേക്ക് കപ്പലുകൾക്ക്

**കയറ്റിറക്കുമതികൾ തകൃതിയായി നടന്നിരുന്ന തുറമുഖമാണ് കൊല്ലമെന്നായിരുന്നു അബുസെയിദിന്റെ സാക്ഷ്യം. വിദേശികളോടുള്ള കൊല്ലത്തുകാരുടെ പെരുമാറ്റം സൗഹാർദ്ദപൂർണമാണെന്നും അദ്ദേഹം പറയുന്നു.**

എത്താമെന്നും അദ്ദേഹം അറിയിക്കുന്നു.

കയറ്റിറക്കുമതികൾ തകൃതിയായി നടന്നിരുന്ന തുറമുഖമാണ് കൊല്ലമെന്നായിരുന്നു അബുസെയിദിന്റെ സാക്ഷ്യം. വിദേശികളോടുള്ള കൊല്ലത്തുകാരുടെ പെരുമാറ്റം സൗഹാർദ്ദപൂർണമാണെന്നും അദ്ദേഹം പറയുന്നു.

## അൽമസൂദി (973–1048)

ജീവിതം മുഴുവൻ സഞ്ചാരത്തിനായി ഉഴിഞ്ഞുവച്ച ഒരു സാഹസികനായിരുന്നു ഇറാഖുകാരനായ അൽമസൂദി. പത്താംനൂറ്റാണ്ടിൽ ഗുജറാത്തിലെ കാംബെ മുതൽ സിലോൺവരെയുള്ള പ്രദേശങ്ങളിലൂടെ അൽമസൂദി നടത്തിയ യാത്രയെപ്പറ്റിയുള്ള വിവരണങ്ങളാണ് പിൽക്കാലത്തു ലഭ്യമായത്. രവിവർമ നാടുവാണിരുന്ന കാലത്തോ അതല്ലെങ്കിൽ കോതരവി ഭരിച്ചിരുന്ന കാലത്തോ ആവാം അൽമസൂദി കൊല്ലത്ത് എത്തിയതെന്നു വേലായുധൻ പണിക്കശ്ശേരി[1] അനുമാനിക്കുന്നു.

ജനങ്ങൾ അർദ്ധനഗ്നരാണെന്നും ശുചിത്വവും നീതിയും പാലിക്കുന്നവരാണെന്നും അൽമസൂദി രേഖപ്പെടുത്തി. വിദേശികളോടു സൗഹാർദ്ദപൂർവമായാണ് കൊല്ലത്തുകാർ പെരുമാറുന്നത്. വിദേശികളുടെ ജീവനും സ്വത്തിനും പൂർണസംരക്ഷണം ലഭിച്ചിരുന്നുവെന്നും അദ്ദേഹം രേഖപ്പെടുത്തുന്നു.

മധുരയിലെ പാണ്ഡ്യ രാജാക്കന്മാരെപ്പോലെ മക്കത്തായ പാരമ്പര്യത്തിലുള്ള രാജവാഴ്ചയാണ് കേരളത്തിലും. അതിനാൽ പത്താംനൂറ്റാണ്ടിൽ വേണാട്ടിലെ ദായക്രമം[2] മരുമക്കത്തായം ആയിട്ടില്ലെന്നു കരുതാം. ഉദ്യോഗങ്ങൾ പരമ്പരാഗതമായിരുന്നുവെന്നും ചില പ്രത്യേക ഉദ്യോഗങ്ങൾ ചില പ്രത്യേക കുടുംബങ്ങളുടെ കുത്തക ആയിരുന്നുവെന്നും മസൂദി രേഖപ്പെടുത്തി. അനന്തരാവകാശിയെ യുവരാജാവായി രാജാവ് അഭിഷേകം ചെയ്തിരുന്നതായും മസൂദിയുടെ വിവരണങ്ങളിൽ കാണാം.

വിശ്വസ്തരായ മന്ത്രിമാർക്കായിരുന്നു കൊല്ലം രാജാവ് ഭരണച്ചുമതല ഏൽപ്പിച്ചിരുന്നത്. മിനുസമേറിയ വസ്ത്രങ്ങൾ നെയ്യുന്ന നെയ്ത്തുശാല ധർമപട്ടണത്തെന്ന (ധർമടം)പോലെ കൊല്ലത്തും ഉണ്ടായിരുന്നു. കൊല്ലത്ത് കപ്പലുകളും നിർമിച്ചിരുന്നു.

## റബ്ബി ബഞ്ചമിൻ

പന്ത്രണ്ടാംനൂറ്റാണ്ടിലെ കൊല്ലം പട്ടണത്തെക്കുറിച്ച്


കൊല്ലം തുറമുഖം – ഒരു പഴയകാലചിത്രം.

1. പ്രമുഖ ചരിത്രകാരൻ, 2. സ്വത്തിന്റെ അവകാശക്രമം.



1500കളിലെ കൊല്ലം - രേഖാചിത്രം

**പന്ത്രണ്ടാംനൂറ്റാണ്ടിലെ കൊല്ലം പട്ടണത്തെക്കുറിച്ച് രേഖപ്പെടുത്തിയിട്ടുള്ള സ്പാനിഷ് സഞ്ചാരിയാണ് റബ്ബി ബഞ്ചമിൻ. സൂര്യാരാധകരാണ് കൊല്ലത്തുകാർ എന്നാണ് ബഞ്ചമിന് പ്രധാനമായും പറയാനുണ്ടായിരുന്നത്. ഇവരുടെ നിറം കറുപ്പാണെന്നും കള്ളവും ചതിയും ഇവിടെയില്ലെന്നും അദ്ദേഹം കൂട്ടിച്ചേർക്കുന്നു.**

രേഖപ്പെടുത്തിയിട്ടുള്ള സ്പാനിഷ് സഞ്ചാരിയാണ് റബ്ബി ബഞ്ചമിൻ. സൂര്യാരാധകരാണ് കൊല്ലത്തുകാർ എന്നാണ് ബഞ്ചമിന് പ്രധാനമായും പറയാനുണ്ടായിരുന്നത്. ഇവരുടെ നിറം കറുപ്പാണെന്നും കള്ളവും ചതിയും ഇവിടെയില്ലെന്നും അദ്ദേഹം കൂട്ടിച്ചേർക്കുന്നു.

വിദേശവ്യാപാരികളുടെ കപ്പലുകൾ തുറമുഖത്തെത്തിയാൽ രാജാവിന്റെ മൂന്ന് ഉദ്യോഗസ്ഥർ വന്ന് ചുങ്കം നിശ്ചയിക്കാനായി ചരക്കുകളുടെ കണക്കെടുക്കും. കപ്പലുകളുടെ അറ്റകുറ്റപ്പണികൾ നടത്തേണ്ടതും ഇവരുടെ ചുമതലയാണ്.

### ചൗ-ജൂ-ക്വാ (1178)

കേരളവും ചൈനയുമായി ഉണ്ടായിരുന്ന വ്യാപാരത്തെപ്പറ്റി കൃത്യമായ വിവരങ്ങൾ ലഭിച്ചത് ചൗ-ജൂ-ക്വായുടെ കുറിപ്പുകളിലൂടെ ആയിരുന്നു. കൊല്ലത്തെ കച്ചവടക്കാർക്ക് പന്ത്രണ്ടാംനൂറ്റാണ്ടിൽ പണ്ടകശാലയും വാസസ്ഥലവും ഉണ്ടായിരുന്നു. അച്ഛനും മകനുമായ രണ്ടു നായന്മാരാണ് അവിടെ കാര്യങ്ങൾ നോക്കിനടത്തിയിരുന്നത്. വലിയ ചീനക്കപ്പലുകൾക്കുപോലും കൊല്ലം തുറമുഖത്ത് നങ്കൂരമിടാൻ കഴിഞ്ഞിരുന്നു. കൊല്ലത്തു വച്ചാണ് അറബികൾ അവരുടെ ചെറുകപ്പലുകളിലേക്കു ചരക്കുകൾ മാറ്റിയിരുന്നത്. ശാസ്താംകോട്ട കായലിൽ നിന്ന് 2013 ലും കൊല്ലം കടലിൽ നിന്ന് 2014 ലും ലഭിച്ച താങ് (618–807), വടക്കൻ സോങ് (960–1127), തെക്കൻ സോങ് (1127–1279) രാജവംശങ്ങളുടെ ചൈനീസ് നാണയങ്ങൾ, ചൗ ജൂ ക്വായുടെ പ്രസ്താവനകളെ ശരിവയ്ക്കുന്നുണ്ട്. സോങ്(960–1279) രാജാക്കന്മാരുടെ കാലത്ത് അവരുടെ വ്യാപാരം സജീവമായിരുന്നു. കുബ്ലാഖാനും ഈ പതിവു തുടർന്നു. വേണാട്ടരചനും കുബ്ലാഖാനും തമ്മിൽ വ്യാപാരക്കരാറുകൾ ഉണ്ടായിരുന്നു. ഇരുവരും പരസ്പരം പ്രതിപുരുഷന്മാരെ അയച്ചിരുന്നു. കൊല്ലംരാജാവിന്റെ പ്രതിനിധി ചീനയിലെ ചക്രവർത്തിക്കുള്ള പാരിതോഷികങ്ങളുമായി 1282ൽ സെയിറ്റർ തുറമുഖത്ത് എത്തി. യാങ് ടാങ് ചി എന്നൊരു കച്ചവട

പ്രമാണി മൂന്നു തവണ ചൈനയുടെ പ്രതിനിധിയായി കൊല്ലത്ത് എത്തിയിരുന്നു. അറബികൾ ചീനക്കാരിൽ നിന്നു ചരക്കുകൾ വാങ്ങിയിരുന്നത് പലപ്പോഴും കൊല്ലത്തു വച്ചായിരുന്നു.

### ജോൺ മോണ്ടി കോർവിനൊ

മുസ്ലീംകച്ചവടക്കാരുമായുള്ള മത്സരത്തിൽ ക്രിസ്ത്യാനികളും ജൂതരും ചൈനക്കാരും പിന്തള്ളപ്പെട്ടതായി ജോൺ മോണ്ടി കോർവിനൊ 13-ാം നൂറ്റാണ്ടിൽ രേഖപ്പെടുത്തിയത് കൊല്ലം തുറമുഖത്തിന് അക്കാലത്തുണ്ടായ കച്ചവടമത്സരങ്ങളെക്കുറിച്ചു സൂചിപ്പിക്കുന്നു. കൊല്ലത്തുണ്ടായിരുന്ന സെയ്ന്റ് തോമസ് പള്ളിയിലാണ് ജോൺ താമസിച്ചിരുന്നത്. ആരെയും ആകർഷിക്കുന്നതാണ് ഭൂപ്രകൃതിയെന്നും സുഗന്ധവ്യഞ്ജനങ്ങളും രത്നക്കല്ലുകളും ഇവിടെ ലഭിച്ചിരുന്നതായും സ്വാദിഷ്ഠങ്ങളായ ഒട്ടേറെ പഴവർഗങ്ങൾ ഇവിടെയുണ്ടെന്നും ജോൺ എഴുതി. സ്ത്രീപുരുഷന്മാർ അൽപ്പവസ്ത്രധാരികളാണെന്നും ജനങ്ങൾ നഗ്നപാദരാണെന്നും രേഖപ്പെടുത്തി.

കൊല്ലത്തെ കൃഷിരീതികളെപ്പറ്റിയും ഭക്ഷണത്തെപ്പറ്റിയും കുതിരകൾ ഇല്ലാത്തതിനെപ്പറ്റിയും ഈ സഞ്ചാരി വിശദമായി എഴുതി. കുരുമുളകിനെ മുന്തിരിവള്ളിയോടാണു താരതമ്യം ചെയ്തത്. ജനങ്ങൾ വിഗ്രഹാരാധകരാണെന്നും രാത്രിയും പകലും ക്ഷേത്രങ്ങളിൽ ആരാധന നടത്താമെന്നും ജോൺ അറിയിക്കുന്നു.

വാളും പരിചയുമായി പൊതുവഴികളിലൂടെ നടക്കുന്ന പുരുഷന്മാരും ക്രമസമാധാനഭദ്രതയുമെല്ലാം ഈ കത്തോലിക്കാപുരോഹിതന്റെ സഞ്ചാരക്കുറിപ്പുകളിൽ ഇടംപിടിക്കുന്നു.

### മാർക്കോ പോളോ

സാഹസികരായ ലോകസഞ്ചാരികളെക്കുറിച്ച് ഓർക്കേണ്ടിവരുമ്പോൾ മുന്നിൽ വരുന്ന പേരുകളിലൊന്നാണ് മാർക്കോ പോളോയുടേത്. 13-ാം നൂറ്റാണ്ടിലാണ് ഈ വെനീഷ്യൻസഞ്ചാരി ഇവിടെയെത്തുന്നത്. ചപ്പങ്ങം[3] സമൃദ്ധിയായി വളരുന്ന നാടെന്നാണ് കൊല്ലത്തെക്കുറിച്ച് മാർക്കോ പോളോയ്ക്ക് ഒന്നാമതായി പറയാനുണ്ടായിരുന്നത്. ഇഞ്ചിക്കും കുരുമുളകിനും പേരുകേട്ട ദേശമായും കൊല്ലത്തെ മാർക്കോ പോളോ അവതരിപ്പിക്കുന്നു. നീലം ഉണ്ടാക്കാൻ പ്രയോജനപ്പെടുന്ന



മാർക്കോ പോളോ

നീല അമരി വളരുന്ന പ്രദേശമാണ് കൊല്ലം. ചൈന, അറേബ്യ മുതലായ രാജ്യങ്ങളിൽ നിന്നുള്ള കപ്പലുകളാണ് വാണിജ്യത്തിനായി കൊല്ലത്ത് പതിവായി എത്തിയിരുന്നത്. ജനങ്ങളുടെ പ്രധാന ഭക്ഷണം അരിയാണ്. പനങ്കള്ളിൽനിന്നാണ് മദ്യം ഉണ്ടാക്കുന്നത്. ജ്യോതിഷികളും വൈദ്യന്മാരും ധാരാളമുള്ള നാടാണ് കൊല്ലം. സ്ത്രീപുരുഷന്മാർ അരയ്ക്കു മീതെ വസ്ത്രം ധരിക്കാറില്ല. മാതൃസഹോദരന്മാരുടെ സന്താനങ്ങളെ വിവാഹം കഴിക്കുന്നതു നിഷിദ്ധമല്ല. ജനങ്ങളുടെ നിറം കറുപ്പാണ്. മലബാറിന്റെ പടിഞ്ഞാറൻ തീരത്തുള്ള ഒരു പ്രധാന പട്ടണമാണ് കൊല്ലമെന്നും കായൽ പട്ടണത്തുനിന്നു 250 മൈൽ ദൂരമുണ്ടെന്നും രാജാവ് ആരുടെയും സാമന്തനല്ലെന്നും മാർക്കോ പോളോ പറഞ്ഞത് ശ്രദ്ധേയം.

മാർക്കോ പോളോ എത്തിയ പതിമൂന്നാംനൂറ്റാ



കൊല്ലത്തുനിന്നും ലഭിച്ച പ്രാചീന നാണയങ്ങൾ

3. പതിമുഖം

ണ്ടിന്റെ അവസാനമോ പതി നാലാം നൂറ്റാണ്ടിന്റെ തുട ക്കത്തിലോ കൊല്ലം സന്ദർ ശിച്ച ഡമാസ്ക്കസുകാര നാണ് അബുൽ ഫിദ. കടലി ലേക്കു തള്ളി നിൽക്കുന്ന കരയോടുകൂടിയ ദേശമാണ് കൊല്ലമെന്നും ഇതൊരു വലിയ പട്ടണമാണെന്നും ഇവിടെ നിരവധി കമ്പോള ങ്ങളുണ്ടെന്നും അബുൽ ഫിദ എഴുതി. ഏഡനിൽ നിന്നുള്ള കപ്പലിലാണ് അബുൽ ഫിദ കൊല്ലത്ത് എത്തിയത്.

കൊമ്പും ചില്ലയുമില്ലാതെ ഉയരത്തിൽ വളരുന്ന തെങ്ങു കളെപ്പറ്റിയും കൊല്ലത്തെ ചക്കയെയും മാങ്ങയെയും പറ്റിയും എഴുതിയ 14-ാം നൂറ്റാണ്ടിലെ സഞ്ചാരിയാണ് ജോർഡാനുസ് എന്ന കത്തോലിക്കാ മിഷണറി. പതിനാലാംനൂറ്റാണ്ടായതോടെ പിന്തുടർച്ചാവകാശം മക്ക ത്തായത്തിനു പകരം മരുമക്ക ത്തായമായിക്കഴിഞ്ഞിരുന്നു എന്ന് ഇദ്ദേഹത്തിന്റെ കുറി പ്പുകളിൽ കാണാം.

കുട്ടികൾ ചുവടുവച്ചു കളിക്കുന്നതിനെയാണ് ഇവിടുത്തെ യുദ്ധമുറകൾ ഓർമിപ്പിക്കുന്നതെന്നും ജോർഡാനുസ് എഴുതി.

''കത്തോലിക്കാസഭയിൽ പ്പെട്ട ജോർജ് പുണ്യവാളന്റെ ഒരുപള്ളി ഇവിടെയുണ്ട്. ഞാൻ അവിടെയാണ് താമ സിച്ചിരുന്നത്.'' എന്നാണ് തുടർന്നു കൊല്ലത്തെത്തിയ ജോൺഡി മരിങ്നൊല്ലി എഴുതിയത്. കുരുമുളകിന്റെ ഉടമസ്ഥർ മുസ്ലീങ്ങളല്ല ക്രിസ്ത്യാനികളാണെന്നും അഭിമാനപൂർവം അദ്ദേഹം പറയുന്നു.

പതിനാലാംനൂറ്റാണ്ടിൽ കൊല്ലം സന്ദർശിച്ച സഞ്ചാരി കളിൽവച്ച് പ്രശസ്തനായി രുന്നു ഇബ്നു ബത്തൂത്ത. മലബാറിലെ ഏറ്റവും ഭംഗി യുള്ള പട്ടണമെന്നാണ് കൊല്ലത്തെ ഇബ്നു ബത്തൂത്ത വിശേഷിപ്പിച്ചത്. അവിടെ വലിയ അങ്ങാടി കൾ ഉള്ളതായും ഇബ്നു ബത്തൂത്ത അറിയിക്കുന്നു. കൊല്ലം ഭരിക്കുന്നത് തിരുവടി എന്നറിയപ്പെടുന്ന രാജാവാ ണെന്നും ഇബ്ൻ ബത്തൂത്ത പ്രസ്താവിക്കുന്നുണ്ട്. കുറ്റകൃത്യങ്ങൾക്ക് രാജാവ് കഠിനശിക്ഷ വിധിച്ചിരുന്നു. നിസ്സാരമായ തെറ്റിന് സ്വന്തം മരുമകനെപ്പോലും ക്രൂരമായി ശിക്ഷിക്കുവാൻ രാജാവ് മടിച്ചിരുന്നില്ല.

ഏതാനും മാസങ്ങൾ കൊല്ലത്തു താമസിച്ചിരുന്ന ഇബ്നു ബത്തൂത്ത കേരള ത്തിലെത്തിയിരുന്ന മൂന്നു തരം ചൈനീസ്കപ്പലുകളെ ക്കുറിച്ചും രേഖപ്പെടുത്തിയി ട്ടുണ്ട്. ഏറ്റവും വലിയ കപ്പലുകൾ ജങ്ക് എന്നും ഇടത്തരം കപ്പലുകൾ സവ എന്നും ചെറിയ കപ്പലുകൾ കകം എന്നുമാണത്രേ അറി യപ്പെട്ടിരുന്നത്.

### നിക്കോളോ കോണ്ടി

വിജയഗരസാമ്രാജ്യത്തെ ക്കുറിച്ചും അവരുടെ ആസ്ഥാ നമായ ഹംപി നഗരത്തെക്കു റിച്ചും ആധികാരികവിവര ണങ്ങൾ നൽകിയ നിക്കോ ളോ കോണ്ടി (പതിനഞ്ചാം നൂറ്റാണ്ട്) കൊല്ലത്തെക്കു റിച്ചും വിശദമായി എഴുതിയി ട്ടുണ്ട്. കേരളത്തിലെ പ്രധാന തുറമുഖപ്പട്ടണമാണ് കൊല്ല മെന്നും മനോഹരമായ ഈ നഗരത്തിനു ഇരുപതു കി.മീ. ചുറ്റളവുണ്ടെന്നും കുരുമുള ക്, ഇഞ്ചി, ഇലവർങ്ങപ്പട്ട (കറുവാപ്പട്ട) എന്നിവയുടെ കയറ്റുമതിക്കാണ് ഈ തുറ മുഖം പ്രസിദ്ധിയാർജിച്ച



ഇബ്നു ബത്തൂത്ത

തെന്നുമാണ് ഈ ഇറ്റാലി യൻസഞ്ചാരിക്കു പറയാനു ണ്ടായിരുന്നത്.

### ബാർബോസ (1500-1516)

ചരിത്രവസ്തുതകളുടെ അക്ഷയനിധിയായാണ് പോർട്ടുഗീസ്ചാരനായി രുന്ന ബാർബോസയുടെ കുറിപ്പുകളെ ഗവേഷകർ കാണുന്നത്. സാമൂതിരിയു ടെയും കൊച്ചിത്തമ്പുരാ ന്റെയും നാടുകളെപ്പറ്റിയാണ് ബാർബോസ പ്രധാനമായും പരാമർശിച്ചത്. കൊല്ലം രാജാവ് അക്കാലത്ത് തിരു നെൽവേലിക്കടുത്തുള്ള കായൽപ്പട്ടണത്താണു താമസിച്ചിരുന്നതെന്നും രാജാവ് അതിശക്തനായ നരസിംഹരാജാവുമായി (വിജയനഗരരാജാവ്) യുദ്ധ ത്തിൽ ഏർപ്പെട്ടിരിക്കുക യാണെന്നും ബാർബോസ പറയുന്നു. ലോകത്തിലെ ഏറ്റവും മികച്ച വില്ലാളിക ളാണ് കൊല്ലംരാജാവിന് ഉണ്ടായിരുന്നതെന്നും രാജാ വിനെ അകമ്പടി സേവിച്ചിരു ന്നത് ആയുധധാരിണികളായ വനിതാപോരാളികളാണെന്നും ഇവരുടെ എണ്ണം മൂന്നൂറോ നാന്നൂറോ വരുമെന്നും ബാർ ബോസ അറിയിക്കുന്നു.

കൊല്ലംനഗരത്തിൽ ഉണ്ടായിരുന്ന പുരാതന പള്ളി സെയിന്റ് തോമസ് സ്ഥാപിച്ചതാണെന്ന ഐതിഹ്യവും ബാർബോസ ഉദ്ധരിക്കുന്നു.

ലുഡ്‌വിക്കൊ ഡി വർത്തേമ (പതിനഞ്ചാം നൂറ്റാണ്ട്) എന്ന ഇറ്റാലിയൻ സഞ്ചാരിയും പോർട്ടുഗീസുകാരുടെ ചാരനായിരുന്നു. ഒരു മുസ്ലീം ഫക്കീറായി നടിച്ചു കൊണ്ടാണ് അയാൾ കോഴിക്കോട്ടും കോലത്തുനാട്ടിലും ചുറ്റിക്കറങ്ങിയത്.


പതിനേഴാംനൂറ്റാണ്ടിൽ കേരളത്തിൽ വന്ന ഡച്ച് ക്യാപ്റ്റൻ ന്യൂഹാഫിന്റെ കൊല്ലത്തെക്കുറിച്ചുള്ള വിവരണങ്ങൾ ആധികാരികങ്ങളാണ്. വേണാട് അക്കാലത്ത് പലതായി വിഭജിക്കപ്പെട്ടിരുന്നുവെന്നും ദേശിങ്ങനാട് റാണിയാണ് കൊല്ലം ഭരിച്ചിരുന്നതെന്നും ന്യൂഹാഫ് അറിയിക്കുന്നു. കൊല്ലത്തെ കോട്ടയെക്കുറിച്ചും കോട്ടയ്ക്കു ചുറ്റുമുള്ള കൊല്ലം ചീനയെക്കുറിച്ചും ന്യൂഹാഫ് വിശദീകരിക്കുന്നു. കൊല്ലം ചീന പോർട്ടുഗീസുകാരുടെ

**ലോകത്തിലെ ഏറ്റവും മികച്ച വില്ലാളികളാണ് കൊല്ലംരാജാവിന് ഉണ്ടായിരുന്നതെന്നും രാജാവിനെ അകമ്പടി സേവിച്ചിരുന്നത് ആയുധധാരിണികളായ വനിതാപോരാളികളാണെന്നും ഇവരുടെ എണ്ണം മൂന്നൂറോ നാന്നൂറോ വരുമെന്നും കൊല്ലംനഗരത്തിൽ ഉണ്ടായിരുന്ന പുരാതന പള്ളി സെയിന്റ് തോമസ് സ്ഥാപിച്ചതാണെന്ന ഐതിഹ്യവും ബാർബോസ അറിയിക്കുന്നു.**

കൈവശമാണെന്നും ക്യാപ്റ്റൻ എഴുതി. അവിടെ അവരുടെ വകയായി അനവധി പള്ളികളുണ്ടെന്നും ഇവയ്ക്കു പുറമെ സെയിന്റ് തോമസ് ക്രിസ്ത്യാനികൾക്കും ഒരു പള്ളി ഉള്ളതായും രേഖപ്പെടുത്തി.

കായംകുളം, കരുനാഗപ്പള്ളി, ആറ്റിങ്ങൽ, കൊട്ടാരക്കര, തിരുവിതാംകോട് എന്നിവിടങ്ങളും ന്യൂഹാഫിന്റെ വിവരണങ്ങളിൽ ഇടംപിടിക്കുന്നു. 1664 മാർച്ച് രണ്ടാം തീയതി കൊല്ലം റാണിയെ കല്ലട വച്ചു കണ്ടതിനെപ്പറ്റി ന്യൂഹാഫ് വിശദമായി എഴുതി.

''പിന്നീട് റാണി തിരുമനസ്സിന്റെ സമീപത്തേക്കു ഞങ്ങൾ ആനയിക്കപ്പെട്ടു. അവർക്കു ചുറ്റുമായി എഴുന്നൂറോളം അംഗരക്ഷകരുണ്ടായിരുന്നു. അവർ മലബാർ രീതിയിലാണ് വസ്ത്രധാരണം ചെയ്തിരുന്നത്. റാണിയുടെ വേഷമാകട്ടെ അരയിൽ ചുറ്റിയ വസ്ത്രം മാത്രമായിരുന്നു. തോളത്ത് അലക്ഷ്യമായിട്ടിരുന്ന ഒരു ചെറുവസ്ത്രമൊഴിച്ചാൽ അരയ്ക്കുമേൽ മിക്കവാറും നഗ്നമായിരുന്നു. അവർ ചെവി നീട്ടി വളർത്തിയിരുന്നു. കൈകളും കഴുത്തും വിലപിടിച്ച രത്നങ്ങളും സ്വർണമോതിരങ്ങളും സ്വർണവളകളും കൊണ്ടലംകൃതമായിരുന്നു. തലയിൽ ഒരു വെള്ളത്തുണി ഇട്ടിരുന്നു. മധ്യവയസ്സു കഴിഞ്ഞ പ്രായം; തവിട്ടു നിറം, കറുത്ത തലമുടി ചീകിക്കെട്ടി പുറകിലോട്ടിട്ടിരിക്കുന്നു. കുലീനത്വം തികഞ്ഞ ഭാവം ഭരണനൈപുണ്യം പ്രകടമാക്കിയിരുന്നു. പതിവുപോലെ അഭിവാദ്യം ചെയ്തശേഷം ഉടമ്പടിയുടെ നക്കൽ ഞാൻ അവരെ കാണിച്ചു. അതു വായിച്ചു കേൾപ്പിക്കാൻ അവർ ഉത്തരവായി. ശരിക്കും മനസ്സിലാക്കാൻ വേണ്ടി അതു രണ്ടുപ്രാവശ്യം വായിപ്പിച്ചു. എന്നിട്ടവർ ചോദിച്ചു, ഈ ഉടമ്പടി മുമ്പുണ്ടായിരുന്നതിന്റെ തുടർച്ചയാണോ അതോ ഈ ഉടമ്പടി മൂലം മുമ്പുള്ള കരാറുകൾ റദ്ദാക്കുമോ എന്ന്.''*



ന്യൂഹോഫ് കൊല്ലം റാണിയെ കാണുന്നു.

* കെ ശിവശങ്കരൻ നായരുടെ വിവർത്തനം



# മയിലിന്റെ ചാപല്യം

**(ജാതകകഥ)**
**ചിത്രീകരണം വെങ്കി**

പക്ഷികളുടെ രാജാവാണ് അരയന്നം. അദ്ദേഹത്തിനു സുന്ദരിയും കുലീനയുമായ ഒരു മകളുണ്ടായിരുന്നു. അവൾക്കു വിവാഹപ്രായമായി. മകളുടെ സ്വയംവരം നടത്തുവാൻ രാജാവ് തീരുമാനിച്ചു.

അതിനായി എല്ലാ പക്ഷികളെയും ക്ഷണിച്ചു. മറ്റ് ഒരുക്കങ്ങളെല്ലാം പൂർത്തിയാക്കി. സ്വയംവര ദിവസമായി.



പക്ഷികളെല്ലാം എത്തി. ഒരു പാറപ്പുറത്ത് അവരെല്ലാം നിരന്നിരുന്നു. അവിടെ കൂടിയവരിൽ ഇഷ്ടപ്പെട്ട പക്ഷിയെ വരിച്ചുകൊള്ളാൻ രാജാവ് മകളോടു പറഞ്ഞു. അരയന്നകുമാരി നിരന്നിരിക്കുന്ന പക്ഷികളുടെ മുന്നിലൂടെ മെല്ലെ നടന്നു. മയിലിന്റെ അടുത്തെത്തിയപ്പോൾ ഒന്നു നിന്നു. നിറപ്പകിട്ടാർന്ന പീലിയും തിളങ്ങുന്ന നീലകഴുത്തുമുള്ള ഒരു സുന്ദരൻ.



താൻ മയിലിനെ വിവാഹം കഴിക്കാനാഗ്രഹിക്കുന്നതായി അവൾ പറഞ്ഞു. അതുകേട്ട മയിലിനു സന്തോഷം അടക്കാനായില്ല. അതിസുന്ദരിയായ അരയന്നകുമാരിയെ ഭാര്യയായി ലഭിക്കുക ഭാഗ്യം തന്നെ.

എന്നാൽ മറ്റു പക്ഷികൾക്കു മയിലിനോട് അസൂയയാണു തോന്നിയത്. ഇവന് അരയന്നകുമാരിയുടെ ഭർത്താവാകാനുള്ള യോഗ്യതയില്ല. അവർ കൂകി വിളിച്ചു അപ്പോൾ മയിൽ പറഞ്ഞു.

ഞാനാരാണെന്നും എന്റെ കഴിവുകളെന്താണെന്നും നിങ്ങൾക്കു ഞാൻ കാണിച്ചുതരാം എന്നു പറഞ്ഞ് മയിൽ നൃത്തം ചെയ്യാൻ തുടങ്ങി. ഇതുകണ്ട് അരയന്നരാജാവ് ലജ്ജിച്ചു. ഇത്രയും അടക്കമില്ലാത്ത ഒരുവനെയാണോ മകൾക്കു വിവാഹം ചെയ്തു കൊടുക്കുക.


മയിലിന്റെ ഈ ചാപല്യം അരയന്നരാജകുമാരിക്കും ഇഷ്ടപ്പെട്ടില്ല. അവൾ പറഞ്ഞു. 'മയിലേ, നീ സുന്ദരനാണ്. നൃത്തം ചെയ്യാനും കഴിവുണ്ട്. പക്ഷേ ആരും ആവശ്യപ്പെടാതെ കഴിവു പ്രകടിപ്പിക്കാൻ വേണ്ടി നൃത്തം ചെയ്യുന്നത് കുലീനതയല്ല. അതു വെറും ചാപല്യമാണ്. ഒരു ചപലനെ വിവാഹം കഴിക്കാൻ എനിക്കിഷ്ടമല്ല.'

അതുകേട്ട് മയിൽ നാണംകെട്ട് അവിടെ നിന്നും ഓടിമറഞ്ഞു.



# കളിവള്ളം കളയല്ലേ

സുമാ രാജേന്ദ്രൻ



വര: അനീഷ തമ്പി

പുഴയേ! പറയൂ നീയെങ്ങോട്ടായ്
കുതിച്ചുപായുന്നു?
അരികിൽ ഞാൻ വന്നീക്കളിവള്ളം
എറിഞ്ഞു തന്നോട്ടെ...
ഇതിലെൻ പേരുകുറിച്ചുവെച്ചതു-
നിനക്കു വായിക്കാൻ...
ഇതിലെൻ ചിത്രം വരച്ചുവെച്ചതു-
നിനക്കു കണ്ടീടാൻ...
ദൂരേയ്ക്കൊഴുകിപ്പോകുമ്പോൾ
പലതും കാഴ്ചകളുണ്ടാകാം,
അതിലെല്ലാം നിൻ മനമലിയുമ്പോൾ
സഖി, നീ എന്നെ മറക്കല്ലേ...
എൻ കളിവള്ളം കളയല്ലേ...
എൻ ചിത്രം നീ മായ്ക്കല്ലേ.

കഥ

# സ്വർണക്കോട്ടയിലെ മയിൽ

## (ഫെലൂദയുടെ സാഹസങ്ങൾ)

**സത്യജിത് റായ്**
**പുനരാഖ്യാനം - എം ചന്ദ്രപ്രകാശ്**

### മൂന്ന്

ഒരു വലിയ മേശയ്ക്കു ചുറ്റുമുള്ള കസേരകളിൽ ഞങ്ങളിരുന്നു. ഇരുവശത്തുമുള്ള ചുവരുകൾ പുസ്തകഷെൽഫുകൾ കൊണ്ടു മറഞ്ഞിരുന്നു. ഷെൽഫുകൾ നിറയെ തടിച്ച നിയമപുസ്തകങ്ങളായിരുന്നു. വക്കീലന്മാരെപ്പോലെ പുസ്തകങ്ങൾ റഫർ ചെയ്യേണ്ടവർ വേറെയില്ലെന്ന് ഫെലൂദ മുമ്പൊരിക്കൽ പറഞ്ഞത് ഞാൻ ഓർത്തു. നീലു വരുന്നതു വരെയുള്ള ഇടവേളയിൽ ഞാൻ മുകലിന്റെ ഫോട്ടോ ശ്രദ്ധിച്ചു പഠിക്കുകയായിരുന്നു. ഫോട്ടോ മട്ടുപ്പാവിൽ വച്ച് എടുത്തതാണെന്നു വ്യക്തം. വെയിലത്തു നിന്നുകൊണ്ടു ക്യാമറയിലേക്കു നേരിട്ടു നോക്കുന്നതു പോലെയാണ് നിൽപ്പ്. മുകലിന്റെ മുഖം തീരെ പ്രസന്നമായിരുന്നില്ല.



വര: ടി ആർ രാജേഷ്

''നീലുവിന്റെ പേടിയൊക്കെ മാറിയല്ലോ?'' ഫെലൂദ മുഖർജിയോടു ചോദിച്ചു.

മുഖർജി പറഞ്ഞു. ''വന്നപ്പോൾ ആ സംഭവത്തിന്റെ ഞെട്ടലിൽനിന്ന് അവൻ മുക്തനായിരുന്നില്ല. അതുകൊണ്ട് ഞങ്ങൾ ചോദിച്ച ചോദ്യങ്ങൾക്കൊന്നും അവൻ മറുപടി പറഞ്ഞില്ല. ഇപ്പോൾ അതൊക്കെ മാറി.''

''പോലീസിനെ വിവരം അറിയിച്ചിരുന്നോ?'' ഫെലൂദ വീണ്ടും ചോദിച്ചു.

''അവനെ കാണാതായപ്പോൾ ഞങ്ങൾ പോലീസിൽ വിവരം അറിയിച്ചിരുന്നു. പക്ഷേ അവർക്കു എന്തെങ്കിലും ചെയ്യാനാകുന്നതിനു മുമ്പുതന്നെ അവൻ തിരിച്ചെത്തി!''

അപ്പോഴേക്കും നീലുവിനെയും കൂട്ടി ജോലിക്കാര

നെത്തി.

സുധീർധർ പറഞ്ഞതു സത്യമായിരുന്നു. ഫോട്ടോയിൽ കണ്ട കുട്ടിയുടെ നല്ല സാമ്യമുണ്ടായിരുന്നു നീലുവിന്. അവൻ ഞങ്ങളെ അല്പം സംശയത്തോടെ സൂക്ഷിച്ചുനോക്കി. തട്ടിക്കൊണ്ടുപോയതിന്റെ ഷോക്കിൽ നിന്ന് അവൻ മുഴുവനായും മോചിതനായിട്ടില്ലെന്നു വ്യക്തമായിരുന്നു.

''നീലുവിന്റെ കൈക്കെന്തു പറ്റി?'' ഫെലൂദ പെട്ടെന്നു ചോദിച്ചു.

എന്തോ പറയാനാഞ്ഞ മുഖർജിയെ ഫെലൂദ ആംഗ്യത്തിലൂടെ തടഞ്ഞു.

''അവർ എന്റെ കൈ പിടിച്ചുവലിച്ചപ്പോൾ നന്നേ വേദനിച്ചു.'' നീലു പറഞ്ഞു.

അവന്റെ കൈക്കുഴയിൽ ഒരു മുറിവുണ്ടായിരുന്നു.

''എന്താ നീ പറഞ്ഞേ, അവരോ? അപ്പോൾ ഒന്നിലധികം പേരുണ്ടായിരുന്നോ?''

''അതേ... ഒരാൾ എന്റെ കണ്ണുംവായും പൊത്തി. രണ്ടുപേരും ചേർന്ന് എന്നെ എടുത്തു കാറിലിട്ടു. അതിലൊരാൾ കാറോടിച്ചു. ഞാൻ ശരിക്കും പേടിച്ചുപോയി...''

''നിന്റെ സ്ഥാനത്തു ഞാനായിരുന്നെങ്കിൽ നിന്നെക്കാളും പേടിച്ചേനെ. നീ നല്ല ധൈര്യവാനാ. ഇനി പറയൂ, എന്തൊക്കെയാണു സംഭവിച്ചത്?''

''ഞാൻ എന്റെ ക്ലാസ്സിൽ പഠിക്കുന്ന മോട്ടിയുടെ വീട്ടിൽ പോയതായിരുന്നു. അവരുടെ വീട്ടിൽ ദുർഗാപൂജ ഉണ്ടായിരുന്നു.''

''അപ്പോൾ റോഡിൽ ആരും ഉണ്ടായിരുന്നില്ലേ?''

''രണ്ടുദിവസം മുമ്പ്...''

മുഖർജി ഇടയ്ക്കു കയറി പ്പറഞ്ഞു.

''ഇവിടെ ഒരു പ്രശ്നമുണ്ടായിരുന്നു. ചെറിയൊരു ബോംബുസ്ഫോടനം. അതുകൊണ്ടു തെരുവിൽ ആളുകൾ നന്നേ കുറവാണ്. ഇല്ലെന്നു തന്നെ പറയാം...''

ഫെലൂദ തലയാട്ടി, എന്നിട്ട് നീലുവിനോടു വീണ്ടും ചോദിച്ചു.

''അവർ നിന്നെ എങ്ങോട്ടാണു കൊണ്ടുപോയത്?''

''അതെനിക്കറിയില്ല. എന്റെ കണ്ണു മൂടിക്കെട്ടിയിരുന്നു. കാർ മുന്നോട്ടുപൊയ്ക്കൊണ്ടിരുന്നു..''

അവനറിയൂ. പിന്നീട് അവർ പരസ്പരം ഇംഗ്ലീഷിൽ എന്തൊക്കയോ സംസാരിക്കാൻ തുടങ്ങി. 'നമുക്ക് ആളു മാറിപ്പോയി.' അവരിലൊരാൾ പറഞ്ഞു. അയാൾ ചോദിച്ചു. 'നിന്റെ പേരെന്താണ്?' ഞാൻ പറഞ്ഞു. 'എന്റെ പേര് നീലു എന്നാണ്. മുകൽ എന്റെ കൂട്ടുകാരനാണ്. അവൻ രാജസ്ഥാനിലേക്കു പോയിരിക്കുകയാണ്.' അയാൾ ചോദിച്ചു. 'രാജസ്ഥാ

**അജ്ഞാതമായ ഒരു സ്ഥലത്തെത്തിയപ്പോൾ കാറിൽ നിന്ന് എന്നെ ഇറക്കി ഒരു മുറിയിലേക്കു കൊണ്ടുപോയി. എന്നിട്ട് ഒരു കസേരയിൽ ഇരുത്തിയിട്ട് അവരിൽ ഒരാൾ ചോദിച്ചു. 'ഞങ്ങൾ നിന്നോട് കുറച്ചു കാര്യങ്ങൾ ചോദിക്കാൻ പോവുകയാണ്. നിനക്ക് അറിയാവുന്നത് മറച്ചുവയ്ക്കാതെ പറയണം.'**

''ങ്ഹും... എന്നിട്ട്?''

''അജ്ഞാതമായ ഒരു സ്ഥലത്തെത്തിയപ്പോൾ കാറിൽനിന്ന് എന്നെ ഇറക്കി ഒരു മുറിയിലേക്കു കൊണ്ടുപോയി. എന്നിട്ട് ഒരു കസേരയിൽ ഇരുത്തിയിട്ട് അവരിൽ ഒരാൾ ചോദിച്ചു. 'ഞങ്ങൾ നിന്നോടു കുറച്ചു കാര്യങ്ങൾ ചോദിക്കാൻ പോവുകയാണ്. നിനക്ക് അറിയാവുന്നതു മറച്ചുവയ്ക്കാതെ പറയണം. സത്യം പറഞ്ഞാൽ നിന്നെ നിന്റെ സ്കൂളിനുമുന്നിൽ സുരക്ഷിതമായി കൊണ്ടുവിടും. അവിടെനിന്നും നിനക്കു വീട്ടിൽ പോകാമല്ലോ?' 'പോകാം.', ഞാൻ പറഞ്ഞു. 'പക്ഷേ നിങ്ങൾ എന്നെ വേഗം വിടണം. വൈകിയാൽ അമ്മ വഴക്കു പറയും.' അപ്പോൾ അയാൾ ചോദിച്ചു. 'ഈ സ്വർണക്കോട്ട എവിടെയാണ്?' ഞാൻ പറഞ്ഞു. 'എനിക്കറിയില്ല, മുകലിനും അറിയില്ല. ഒരു കോട്ടയുണ്ടെന്നു മാത്രമേ

നിൽ എവിടേക്കാണ് അവൻ പോയിരിക്കുന്നതെന്നു നിനക്കറിയാമോ?' ഞാൻ പറഞ്ഞു. 'ജയ്പുർ!' ''

''ജയ്പുർ എന്നാണോ നീ പറഞ്ഞത്?''

ഫെലൂദ ചോദിച്ചു.

''അല്ലല്ല.. ജോധ്പുർ എന്നാ പറഞ്ഞേ..''

നീലു പറഞ്ഞുനിർത്തി. ഞങ്ങളെല്ലാവരും നിശ്ശബ്ദരായിരുന്നു. മനോഹർ ചായയും പലഹാരങ്ങളും കൊണ്ടുവന്നുവച്ചു. ആരും അതിൽ താത്പര്യം കാണിച്ചില്ല.

''നിനക്കു മറ്റെന്തെങ്കിലും ഓർക്കാൻ കഴിയുന്നുണ്ടോ?''

അവന്റെ ഓർമയിലുള്ള ചെറിയ കാര്യങ്ങൾ വരെ കണ്ടെത്താനായിരുന്നു ഫെലൂദയുടെ ശ്രമം.

നീലു ഒരു മിനിട്ട് ആലോചിച്ചു. എന്നിട്ടു പറഞ്ഞു.

''അവരിൽ ഒരാൾ ചുരുട്ടു വലിക്കുന്നുണ്ടായിരുന്നു!''

''ചുരുട്ടിന്റെ മണം നിനക്കു തിരിച്ചറിയാമോ?''

''അറിയാം... എന്റെ അങ്കിൾ ചുരുട്ടാണു വലി ക്കാറ്.''

''രാത്രി നീ എവിടെയാണു കിടന്നുറങ്ങിയത്?''

''അതെനിക്കറിയില്ല.'' നീലു കൈമലർത്തി.

''അതെന്താ...''

''അവർ രാത്രി ഒരു ഗ്ലാസ്സ് പാലുതന്നിട്ടു കുടിക്കാൻ പറഞ്ഞു. അതു കുടിച്ച ഉടനെ ഞാൻ ഉറങ്ങിപ്പോയി. ഞാൻ അപ്പോൾ കസേരയിൽ ഇരിക്കുകയായിരുന്നു.''

''എപ്പോൾ ഉണർന്നു?''

നീലു സംശയിച്ച് മുത്തച്ഛനെ നോക്കി. അതിനു മുഖർജിയാണ് മറുപടി പറഞ്ഞത്.

''വീട്ടിൽ എത്തിയതിനു ശേഷമാണ് അവൻ ഉണർന്നത്. അവർ അവനെ സ്കൂളിനു സമീപം ഒരിടത്തു കിടത്തി. അവൻ നല്ല ഉറക്കമായിരുന്നിരിക്കും. പത്രം ഇടുന്ന ആളാണ് ആ വഴി പോയപ്പോൾ അവനെ കണ്ടത്. അയാളാണ് ഇവിടെ വന്നു വിവരം പറഞ്ഞത്. ഞാൻ മകനുമായി പോയി നീലുവിനെ കൊണ്ടുവരികയായിരുന്നു. ഞങ്ങളുടെ ഡോക്ടർ ഇവനെ പരിശോധിച്ചപ്പോൾ ഉറങ്ങാനുള്ള മരുന്നു കൊടുത്തിട്ടുണ്ടെന്നു മനസ്സിലായി.''

ഫെലൂദയുടെ മുഖത്ത് ഉത്കണ്ഠ നിഴലിച്ചു. ചായ എടുത്തുകുടിച്ചുകൊണ്ട് അദ്ദേഹം മന്ത്രിച്ചു.

''നീചന്മാർ!''

പിന്നീട് നീലുവിന്റെ പുറത്തു തട്ടി പറഞ്ഞു.

''നീ മിടുക്കനാണ് നീലു ബാബു, ഇത്രയും കാര്യങ്ങൾ പറഞ്ഞുതന്നതിനു വളരെ നന്ദി.''

ഞങ്ങൾ മുഖർജിയോടു യാത്രപറഞ്ഞ് തെരുവിലെത്തിയപ്പോൾ സുധീർധർ ചോദിച്ചു. ''നമുക്കു പേടിക്കാനായി എന്തെങ്കിലുമുണ്ടോ, ഫെലൂദ?''

''ദുരാഗ്രഹികളായ ചില തെമ്മാടികൾ നിങ്ങളുടെ മകനിലൂടെ പണം സമ്പാദിക്കാൻ ശ്രമിക്കുകയാണ്. പക്ഷേ അതിനുവേണ്ടി അവർ രാജസ്ഥാൻ വരെ പോകുമോ എന്നു കരുതാൻ പ്രയാസമാണ്. ഏതായാലും ഡോ. ഹാജ്റയ്ക്ക് എന്നെ പരിചയപ്പെടുത്തി ഒരു കത്തു തരണം. അയാൾക്ക് എന്നെ അറിയില്ലല്ലോ...?''

സുധീർധർ ഡോ. ഹാജ്റയ്ക്കുള്ള കത്ത് എഴുതി അപ്പോൾത്തന്നെ ഫെലൂദയെ ഏൽപ്പിച്ചു. യാത്രയ്ക്കുള്ള ചെലവു മുഴുവൻ വഹിച്ചുകൊള്ളാമെന്ന് അയാൾ ഉറപ്പുതന്നു. ഫെലൂദ അതത്ര കാര്യമാക്കിയില്ല. രാജസ്ഥാനിൽ എത്തി വിവരം അറിയിക്കാമെന്നു ഫെലൂദ സുധീർധറിനെ സമാധാനിപ്പിച്ചു.

വീട്ടിൽ എത്തിയപ്പോൾ ഫെലൂദ തന്റെ വിഖ്യാതമായ നീല നോട്ടുപുസ്തകം എടുത്ത് കട്ടിലിൽ ഇരുന്നു.

''തപേഷ് നമുക്കു ചില തീയതികൾ കുറിച്ചിടണം. ങ്ഹാ, ഹാജ്റ എന്നാണ് മുകലുമൊത്ത് രാജസ്ഥാനിലേക്കു പുറപ്പെട്ടത്?''

''ഇന്നലെ, ഒക്ടോബർ 9.''

''എന്നാണ് നീലുവിനെ തട്ടിക്കൊണ്ടുപോയത്?''

''ഇന്നലെ വൈകുന്നേരം!''

''എന്നിട്ട് ഇന്നു വെളുപ്പിന് അവൻ തിരിച്ചു വീട്ടിലെത്തി, അതായത് ഒക്ടോബർ 10. നമ്മൾ നാളെ രാവിലെ ഇവിടെനിന്നു യാത്ര തിരിക്കും, 11 ന്. 12–ാം തീയതി നമ്മൾ ആഗ്രയിലെത്തും. അവിടെവച്ച് ട്രെയിൻ മാറിക്കയറേണ്ടി വരും. വൈകിട്ടു ബാണ്ടിക്കുയിലേക്കുള്ള ട്രെയിൻ പിടിക്കണം. ബാണ്ടിക്കുയിലിൽ നിന്നും അർദ്ധരാത്രി തിരിച്ചാൽ മാർവാറിൽ അതേ ദിവസം എത്തും. അതായത് 13ന് വൈകുന്നേരം 13ന്.. 13ന്..''

ഫെലൂദ പിറുപിറുത്തുകൊണ്ട് എന്തോ കണക്കുകൂട്ടി. എന്നിട്ട് എന്നോടു പറഞ്ഞു. ''കണ്ടോ ഇവിടെയും ജ്യോമെട്രി കാണാം. ഒരു ബിന്ദു. നിരവധി നേർവരകൾ അതിൽ ഒന്നിക്കുന്നു. ജ്യോമെട്രി!''

കൽക്കത്ത റെയിൽവേ സ്റ്റേഷനിലേക്കു യാത്രതിരിക്കുന്നതിനുമുമ്പ് ഞങ്ങൾക്കു പ്രധാനപ്പെട്ട ചില കാര്യങ്ങൾ ചെയ്തുതീർക്കാനുണ്ടായിരുന്നു.

തൂഫാൻ എക്സ്പ്രസ്സ് രാവിലെ ഒൻപതരയ്ക്കായതിനാൽ ഞങ്ങൾ വളരെ നേരത്തേ തന്നെ എഴുന്നേറ്റു.

വീട്ടിൽ എത്തിയതിനുശേഷമാണ് അവൻ ഉണർന്നത്. അവർ അവനെ സ്കൂളിനു സമീപം ഒരിടത്തു കിടത്തി. അവൻ നല്ല ഉറക്കമായിരുന്നിരിക്കും. പത്രം ഇടുന്ന ആളാണ് ആ വഴി പോയപ്പോൾ അവനെ കണ്ടത്. അയാളാണ് ഇവിടെ വന്നുവിവരം പറഞ്ഞത്. ഞാൻ മകനുമായി പോയി നീലുവിനെ കൊണ്ടുവരികയായിരുന്നു. ഞങ്ങളുടെ ഡോക്ടർ ഇവനെ പരിശോധിച്ചപ്പോൾ ഉറങ്ങാനുള്ള മരുന്നു കൊടുത്തിട്ടുണ്ടെന്നു മനസ്സിലായി.

ആറുമണിക്ക് ചായകുടിക്കുന്നതിനിടയിൽ ഫെലൂദ എന്നോടു പറഞ്ഞു.

''പോകുന്നതിനു മുമ്പ് നമുക്കു സിദ്ദുവങ്കിളിനെ ഒന്നു കാണണം. അദ്ദേഹത്തിന് എന്തെങ്കിലും വിവരം തരാൻ കഴിഞ്ഞാൽ നമുക്കത് വലിയ സഹായമാകും.''

സർദാർ ശങ്കർറോഡിന്റെ അറ്റത്താണ് സിദ്ദുവങ്കിൾ താമസിക്കുന്നത്. ഞങ്ങളുടെ വീടു നിൽക്കുന്ന താരാറോഡിൽനിന്നു കഷ്ടിച്ച് അഞ്ചു മിനിറ്റ് നടത്തദൂരമേയുള്ളൂ. സിദ്ദുവങ്കിളിനെക്കുറിച്ച് കുറച്ചു കാര്യങ്ങൾ പറയേണ്ടതുണ്ട്. അസാധാരണമായ ഒരു വ്യക്തിത്വത്തിന്റെ ഉടമയാണ് മൂപ്പർ. ഒരുപാടു ബിസിനസ്സുകളിൽ ഏർപ്പെട്ട് ധാരാളം പണം സമ്പാദിച്ചു. കുറെയൊക്കെ കളഞ്ഞു. ബിസിനസ്സിൽനിന്നു വിരമിച്ചതിനുശേഷം പുസ്തകവായനയാണ് പ്രധാന ഹോബി. പുസ്തകങ്ങൾക്കുവേണ്ടി കുറെ കാശു കളഞ്ഞിട്ടുണ്ട്. മറ്റൊരു ഹോബി ഒറ്റയ്ക്കിരുന്ന് ചെസ്സു കളിക്കുകയാണ്. അങ്ങനെ കളിക്കുന്നതിനിടയിൽതന്നെ ചെസ്സിനെ സംബന്ധിക്കുന്ന പുസ്തകമെടുത്ത് വായിക്കുകയും ചെയ്യും. പാചകമാണു മറ്റൊരു പ്രധാന പരിപാടി. പാചകകലയിൽ ഒരുപാടു പരീക്ഷണങ്ങൾ നടത്തിയിട്ടുണ്ട്. ഓംലറ്റിൽ കട്ടിത്തൈര് ചേർത്തുള്ള 'അംബ്രോസി' അദ്ദേഹത്തിന്റെ സ്പെഷ്യൽ വിഭവമാണ്. എന്റെ അച്ഛന്റെ ഒരു ജ്യേഷ്ഠസഹോദരനെപ്പോലെ, ഞങ്ങളുടെ കടുംബവുമായി അടുത്തബന്ധം അദ്ദേഹത്തിനുണ്ട്. അതുകൊണ്ട് സിദ്ദുവങ്കിളെന്നാണ് ഞങ്ങൾ സ്നേഹത്തോടെ അദ്ദേഹത്തെ വിളിക്കുന്നത്.



ഞങ്ങൾ അവിടെ ചെല്ലുമ്പോൾ വാതിലിനു കുറുകെ ഒരു സ്റ്റൂളിൽ വഴിമുടക്കി ഇരിക്കുകയായിരുന്നു അങ്കിൾ. ബാർബർ അദ്ദേഹത്തിന്റെ മുടിവെട്ടുകയാണ്. പിൻഭാഗത്ത് അൽപ്പം മുടിയുണ്ടെന്നൊഴിച്ചാൽ അദ്ദേഹത്തിന്റെ തല മൊട്ടയായിരുന്നു. ഞങ്ങളെ കണ്ടപ്പോൾ സ്റ്റൂൾ മാറ്റി അകത്തുകടക്കാൻ വഴിയുണ്ടാക്കി.

''നിങ്ങൾ അകത്തു കയറിയിരിക്കൂ,.''

അദ്ദേഹം പറഞ്ഞു.

''ആ നാരായണനെ വിളിക്ക്. അയാൾ നിങ്ങൾക്കു ചായ തരും.''

സിദ്ദുവങ്കിളിന്റെ വിശ്വസ്തപരിചാരകനാണ് നാരായണൻ. നന്നായി ഫർണിഷ് ചെയ്ത ഒരു കൊച്ചു മുറിയായിരുന്നു അത്. ഒരു ദിവാൻ, രണ്ടുകസേര, മൂന്നു വലിയ ബുക്ക്ഷെൽഫുകൾ. ഇത്രയൊക്കയേ അവിടെ ഉണ്ടായിരുന്നുള്ളൂ. ദിവാന്റെ മുക്കാലും പുസ്തകങ്ങൾ ചിതറിക്കിടക്കുകയാണ്. ബാക്കിയുള്ള കുറച്ചു സ്ഥലത്താണ് സിദ്ദുവങ്കിൾ ഇരിക്കാൻ ഇഷ്ടപ്പെടുന്നതെന്നു ഞങ്ങൾക്കറിയാം. ഞങ്ങൾ കസേരയിൽ ഇരുന്നു.

ഈയിടെ അങ്കിളിന്റെ കൈയിൽനിന്നും വാങ്ങിയ

പുസ്തകം കൊണ്ടുവരാൻ ഫെലൂദ മറന്നിരുന്നില്ല. ന്യൂസ് പേപ്പർകൊണ്ട് പൊതിഞ്ഞ പുസ്തകം അദ്ദേഹം ഷെൽഫിലെ ഒഴിഞ്ഞസ്ഥലത്തു വച്ചു. അപ്പോഴേക്കും ബാർബാർ സിദ്ദുവങ്കിളിന്റെ തല മുഴുവൻ മൊട്ടയടിച്ചു കഴിഞ്ഞിരുന്നു. ബാർബർ പോയിക്കഴിഞ്ഞപ്പോൾ അങ്കിൾ ദിവാനിൽ വന്നിരുന്നു.

''ഫെലൂ,'' സിദ്ദുവങ്കിൾ പറഞ്ഞു.

''നീ ഒരു കുറ്റാന്വേഷകനാണ്. അതുകൊണ്ടുതന്നെ ക്രിമിനൽകുറ്റാന്വേഷണത്തിന്റെ ചരിത്രം വായിച്ചിരിക്കുമല്ലോ. ചെയ്യുന്ന ജോലിയുടെ ചരിത്രം നന്നായി മനസ്സിലാക്കിയാലേ കൂടുതൽ ആത്മവിശ്വാസം കൈവരിക്കുകയുള്ളൂ. അപ്പോൾ ചെയ്യുന്ന പണി കൂടുതൽ രസകരമാവുകയും ചെയ്യും.''



''അതെനിക്കറിയാം സിദ്ദുവങ്കിൾ.'' ഫെലൂദ വിനീതനായി പറഞ്ഞു.

''വിരലടയാളത്തിലൂടെ കുറ്റവാളിയെ കണ്ടെത്തുന്ന വിദ്യ ആദ്യം കണ്ടുപിടിച്ചത് ആരാണെന്ന് നിനക്കറിയാമോ?''

ഫെലൂദ എന്നെ കണ്ണിറുക്കിക്കാണിച്ചു. എന്നിട്ടു പറഞ്ഞു.

''ഞാൻ എവിടെയോ വായിച്ചതായി ഓർക്കുന്നു. പക്ഷേ ഇപ്പോൾ...''

ഫെലൂദയ്ക്ക് ഉത്തരം അറിയാമെന്ന് എനിക്ക് ഉറപ്പുണ്ട്. സിദ്ദുവങ്കിളിനെ സന്തോഷിപ്പിക്കാൻ അറിയില്ലെന്നു നടിക്കുകയാണ്.

''ഞാൻ പറയാം... അധികംപേരും ധരിച്ചുവച്ചിരിക്കുന്നത് അൽഫോൺസ് ബെർട്ടിലോൺ ആണെന്നാണ്. എന്നാൽ അതു ശരിയല്ല. യഥാർത്ഥത്തിൽ ജുവാൻ വുക്കാട്ടിഷാണ്. ഇനി മറന്നുപോകരുത്. അദ്ദേഹം അർജന്റീനക്കാരനാണ്. പെരുവിരലടയാളത്തിന്റെ പ്രാധാന്യം ആദ്യം ചൂണ്ടിക്കാട്ടിയത് അദ്ദേഹമാണ്. അടയാളങ്ങളെ നാലായി ഭാഗിച്ചതും അദ്ദേഹം തന്നെ. ഈയടുത്ത കാലത്ത് ഇംഗ്ലീഷുകാരനായ ഹെൻറി അതുകുറെക്കൂടി കാര്യക്ഷമമാക്കി.''

ഫെലൂദ വാച്ചിൽനോക്കി. നേരെ കാര്യത്തിലേക്കു കടന്നു.

''അങ്കിൾ, ഡോ ഹെമംഗാ ഹാജ്റ എന്ന ഒരു പാരാസൈക്കോളജിസ്റ്റിനെക്കുറിച്ച് കേട്ടിട്ടുണ്ടോ?''

''പിന്നേ... ധാരാളം കേട്ടിട്ടുണ്ട് ഇക്കഴിഞ്ഞ ദിവസത്തിലെ പത്രത്തിലും എന്തോ വാർത്ത കണ്ടു. അയാൾ എന്താ ചെയ്തേ? എന്തെങ്കി

ലും പ്രശ്നം? അയാൾ ഒരു തട്ടിപ്പുകാരൻ അല്ല എന്നു മാത്രമല്ല. തട്ടിപ്പുകാരെ തുറന്നുകാട്ടുന്ന ആളുമാണ്!''

''സത്യമാണോ?''

ഫെലൂദ ആകാംക്ഷയോടെ അങ്കിളിന്റെ മുഖത്തു നോക്കി.

''അതേ... നിനക്കറിയില്ലേ? മൂന്നുനാലു വർഷം മുമ്പാണ്. അന്നു പത്രങ്ങളെല്ലാം പ്രാധാന്യത്തോടെ ആ വാർത്ത റിപ്പോർട്ടു ചെയ്തിരുന്നു. ഒരു ബംഗാളി, മാന്യനെന്ന് സ്വയം വിശ്വസിച്ചിരുന്ന ഒരു വഷളൻ ചിക്കാഗോയിൽ ഒരു ആത്മീയരോഗനിവാരണകേന്ദ്രം ആരംഭിച്ചു. അമേരിക്കക്കാരുടെ പണം തട്ടിയെടുക്കാനുള്ള ഒരു തട്ടിപ്പുവിദ്യയായിരുന്നു അത്. ഹിപ്പ്നോട്ടിസത്തിലൂടെ മാരകമായ രോഗങ്ങൾ ഭേദമാക്കാമെന്നു വിശ്വസിപ്പിച്ച് അയാൾ അവരെ തെറ്റിദ്ധരിപ്പിച്ചു. ചില ഒറ്റപ്പെട്ട കേസുകളിൽ അയാൾ വിജയിക്കുകയും ചെയ്തുകാണും. ഈ സമയത്താണ് ഡോ. ഹാജ്റ ഒരു പ്രഭാഷണപരമ്പരയുടെ ഭാഗമായി ചിക്കാഗോയിൽ എത്തിയത്. അദ്ദേഹം കാര്യങ്ങൾ നേരിട്ടു മനസ്സിലാക്കി അയാളെ കൈയോടെ പിടികൂടി പോലീസിൽ ഏൽപ്പിച്ചു. അതിനെക്കുറിച്ചൊക്കെ ഹാജ്റ പാരാസൈക്കോളജിക്കൽ സൊസൈറ്റിയുടെ മാസികയിൽ എഴുതിയിട്ടുണ്ട്. എന്റെ കൈവശം മൂന്നെണ്ണമുണ്ട്. നിങ്ങളുടെ ഇടതുവശത്തുള്ള ആ ബുക്ക് ഷെൽഫിന്റെ വലത്തേ അറ്റത്ത് നോക്കൂ.''

ഫെലൂദ ആ മൂന്നു മാസികകളും എടുത്തു. ആഗ്രയിൽ നിന്നു ബാണ്ടികുയിലേക്കുള്ള തീവണ്ടിയിലിരുന്ന് അദ്ദേഹം ഇപ്പോൾ അതു വായിക്കുകയാണ്. ഞാൻ ജനാലയിലൂടെ പുറത്തേക്കു നോക്കിയിരുന്ന് പ്രകൃതിഭംഗി ആസ്വദിക്കുന്നു. കുറച്ചു മിനിറ്റുകൾക്കുമുമ്പാണ് ഞങ്ങൾ ഉത്തർപ്രദേശ് കടന്ന് രാജസ്ഥാനിൽ പ്രവേശിച്ചത്.

''ഇവിടെ സൂര്യപ്രകാശത്തിന് എന്തോ വിശേഷമുണ്ട്. അതാണ് ഇവിടത്തെ ആളുകൾ ഇത്ര ശക്തരായത്.''

ഞങ്ങളുടെ എതിർവശത്തെ സീറ്റിൽ നിന്നാണ് ബംഗാളിയിലുള്ള ആ വാക്കുകൾ വന്നത്. നാലു ബർത്തുള്ള കംപാർട്ടുമെന്റാണ്. അതിൽ നാലു യാത്രക്കാരുണ്ടായിരുന്നു. ഇതു പറഞ്ഞയാൾ വളരെ സൗമ്യനും ശാന്തനുമായിരുന്നു. മെലിഞ്ഞ ശരീരം. എന്നേക്കാൾ രണ്ടിഞ്ചെങ്കിലും ഉയരക്കുറവുണ്ട്. അയാൾക്കു 35 വയസ്സുപ്രായം തോന്നിക്കും. എനിക്കു 15 വയസ്സേ ആയിട്ടുള്ളൂ. അതുകൊണ്ട് ഞാൻ ഇനിയും വളരും. പക്ഷേ അയാൾ ഇനി വളരാൻ ഒരു സാധ്യതയുമില്ല. ബുഷ് ഷർട്ടും പാന്റ്സുമാണ് അയാളുടെ വേഷം. വസ്ത്രധാരണത്തിൽനിന്ന് അയാൾ ഒരു ബംഗാളിയാണെന്നു തിരിച്ചറിയാൻ കഴിഞ്ഞില്ല.

(തുടരും)



## അറിയിപ്പ്

കൂട്ടുകാർക്കു ഫോട്ടോ എടുക്കാൻ അറിയില്ലേ? ഡിജിറ്റൽ ക്യാമറയും മൊബൈൽ ക്യാമറയും ഒക്കെ ഉപയോഗിച്ച് നിങ്ങൾ എടുത്ത രസകരമായ ഫോട്ടോകൾ തളിരിലേക്ക് അയച്ചു തരൂ. തിരഞ്ഞെടുക്കുന്നവ തളിരിൽ പ്രസിദ്ധീകരിക്കുകയും അവയ്ക്കു സമ്മാനങ്ങൾ നൽകുകയും ചെയ്യുന്നതാണ്.

**അയയ്ക്കേണ്ട വിലാസം**
**തളിര് മാസിക, ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്**
**സംസ്കൃത കോളേജ് കാമ്പസ്, തിരുവനന്തപുരം-34**

# ബാലസാഹിത്യ പുരസ്കാരങ്ങൾ പ്രഖ്യാപിച്ചു

കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ബാലസാഹിത്യ പുരസ്കാരങ്ങൾ പ്രഖ്യാപിച്ചു. മുൻഡയറക്ടർ സി ജി ശാന്തകുമാറിന്റെ പേരിലുള്ള സമഗ്ര സംഭാവനാപുരസ്കാരത്തിന് ഡോ. കെ ശ്രീകുമാർ അർഹനായി. കേരളത്തിലെ സാഹിത്യ-സാംസ്കാരിക രംഗത്തെ പ്രമുഖരിൽ നിന്നു ലഭിച്ച നോമിനേഷനുകളിൽ നിന്ന് ശ്രീമതി സുഗതകുമാരി, ഡോ. ജോർജ് ഓണക്കൂർ, ഡോ. ആർ വി ജി മേനോൻ എന്നിവരടങ്ങുന്ന ജഡ്ജിങ് കമ്മിറ്റിയാണ് പുരസ്കാരജേതാവിനെ തിരഞ്ഞെടുത്തത്. കുഞ്ഞുണ്ണിമാഷ്, ശ്രീമതി സുഗതകുമാരി, പ്രൊഫ. എസ് ശിവദാസ്, ശ്രീമതി സുമംഗല, കെ തായാട്ട്, ശ്രീ പള്ളിയറ ശ്രീധരൻ, സിപ്പിപള്ളിപ്പുറം ശ്രീ കെ വി രാമനാഥൻ എന്നിവരാണ് മുൻവർഷങ്ങളിലെ പുരസ്കാര ജേതാക്കൾ.

2014ലെ ബാലസാഹിത്യ പുരസ്കാരങ്ങളും ഇതോടൊപ്പം പ്രഖ്യാപിച്ചു. പത്തു വിഭാഗങ്ങളിലാണ് പുരസ്കാരങ്ങൾ. കഥ/നോവൽ വിഭാഗത്തിൽ *മാജിക് സ്കൂൾബസ്* എന്ന പുസ്തകം രചിച്ച ഉണ്ണി അമ്മയമ്പലം, കവിതാ വിഭാഗത്തിൽ *കുട്ടികളുടെ ഗുരുദേവൻ* രചിച്ച ശ്രീമൻ നാരായണൻ എന്നിവർ അർഹരായി. *നമ്മുടെ കായലുകൾ* എന്ന പുസ്തകം രചിച്ചതിന് വൈജ്ഞാനികവിഭാഗത്തിലും ഉണ്ണി അമ്മയമ്പലത്തിന് പുരസ്കാരം ലഭിച്ചു. ജീവചരിത്രം/ആത്മകഥ വിഭാഗത്തിലുള്ള പുരസ്കാരം *പി ഭാസ്കരൻ* എന്ന പുസ്തകം രചിച്ച ഡോ. ചേരാവള്ളി ശശിക്കും വിവർത്തനം-പുനരാഖ്യാനം വിഭാഗത്തിലെ പുരസ്കാരം *ലോകോത്തര നാടോടിക്കഥകൾ* പുനരാഖ്യാനം ചെയ്ത റോസ്മേരിക്കും ലഭിച്ചു.

മികച്ച ചിത്രപുസ്തകത്തിനുള്ള പുരസ്കാരം സചീന്ദ്രൻ കാറഡ്ക്ക നേടി. പുസ്തകം - *ഒരു ജെ സി ബിയുടെ കഥ. റഷ്യൻ നാടോടിക്കഥകൾ* എന്ന പുസ്തകത്തിലെ ചിത്രീകരണത്തിന് സുവർണ പുരസ്കാരത്തിന് അർഹയായി. *കൊടുങ്ങല്ലൂർ ചരിത്രക്കാഴ്ചകൾ* എന്ന പുസ്തകത്തിന്റെ രൂപകല്പന നിർവ്വഹിച്ച ബി പ്രിയരഞ്ജൻ ലാലിനാണ് മികച്ച ഡിസൈനിങ്ങിനുള്ള പുരസ്കാരം. ഇൻസ്റ്റിറ്റ്യൂട്ട് മുൻഡയറക്ടർ എബ്രഹാം ജോസഫിന്റെ പേരിലുള്ള പുരസ്കാരത്തിന് *ബൊമ്മനഹള്ളിയിലെ കിന്നരയോഗി* എന്ന നാടകം രചിച്ച ചന്ദ്രദാസൻ അർഹനായി. ശാസ്ത്രവിഭാഗത്തിൽ പി ടി ഭാസ്കരപ്പണിക്കരുടെ പേരിലുള്ള പുരസ്കാരം രണ്ടു പേർ പങ്കിട്ടു. (കെ കെ വാസു - *ബുദ്ധിപരീക്ഷ*, സി പി അരവിന്ദാക്ഷൻ - *മധുരം അതിമധുരം രസതന്ത്രം*).

## ബാലസാഹിത്യ സമഗ്രസംഭാവനാപുരസ്കാരം ഡോ. കെ ശ്രീകുമാറിന്



കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് ഏർപ്പെടുത്തിയിട്ടുള്ള 2015 ലെ സമഗ്രസംഭാവനാപുരസ്കാര(സി ജി ശാന്തകുമാർ പുരസ്കാരം)ത്തിന് പ്രശസ്ത കഥാകാരനും നോവലിസ്റ്റുമായ ഡോ. കെ ശ്രീകുമാർ അർഹനായി. 50,000/- രൂപയും പ്രശസ്തിപത്രവും ഫലകവും അടങ്ങുന്നതാണ് പുരസ്കാരം. മൗലികകൃതികളും പുനരാഖ്യാനങ്ങളുമടങ്ങുന്ന 150 ലേറെ രചനകളിലൂടെ മലയാള ബാലസാഹിത്യരംഗത്തിനു നൽകിയ നിസ്തുല സംഭാവനകൾ കണക്കിലെടുത്താണ് ഡോ. കെ ശ്രീകുമാറിനെ പുരസ്കാരത്തിനായി തിരഞ്ഞെടുത്തത്.

കഥ/നോവൽ, വൈജ്ഞാനികം



**ഉണ്ണി അമ്മയമ്പലം**
(മാജിക് സ്കൂൾബസ്, നമ്മുടെ കായലുകൾ)

കവിത



**ശ്രീമൻ നാരായണൻ**
(കുട്ടികളുടെ ഗുരുദേവൻ)

നാടകം



**ചന്ദ്രദാസൻ**
(ബൊമ്മനഹള്ളിയിലെ കിന്നരയോഗി)

ജീവചരിത്രം/ആത്മകഥ



**ഡോ. ചേരാവള്ളി ശശി**
(പി ഭാസ്കരൻ)

ശാസ്ത്രം



**കെ കെ വാസു**
(ബുദ്ധിപരീക്ഷ)

ശാസ്ത്രം



**സി പി അരവിന്ദാക്ഷൻ**
(മധുരം അതിമധുരം രസതന്ത്രം)

വിവർത്തനം/പുനരാഖ്യാനം



**റോസ്മേരി**
(ലോകോത്തര നാടോടിക്കഥകൾ)

ചിത്രീകരണം



**സുവർണ**
(റഷ്യൻ നാടോടിക്കഥകൾ)

ചിത്രപുസ്തകം



**സചീന്ദ്രൻ കാറഡ്ക്ക**
(ഒരു ജെ സി ബി യുടെ കഥ )

ഡിസൈൻ



**ബി പ്രിയരഞ്ജൻ ലാൽ**
(കൊടുങ്ങല്ലൂർ ചരിത്രക്കാഴ്ചകൾ)

കഥ

# വാഴ്ത്തപ്പെട്ട പൂച്ച

**ഗ്രേസി**

പഴയൊരു വീടിന്റെ അടിത്തറയോടു ചേർന്ന് ഒരു മാളമുണ്ടാക്കി അതിൽ സസുഖം താമസിക്കുകയായിരുന്നു. കുണ്ടനെലി. അവന് സ്വന്തംപേര് തീരെ ഇഷ്ടമുണ്ടായിരുന്നില്ല. ആർക്കായാലും പേരിടുന്നത് അച്ഛനമ്മമാരുടെ ഇഷ്ടപ്പടിയായിരിക്കുമല്ലോ എന്നു പിന്നെയങ്ങ് സമാധാനിച്ചു. എന്നാൽ വീട്ടിലെ പൂച്ചയ്ക്ക് കുണ്ടനെ എങ്ങനെ വയറ്റിലാക്കാം എന്നാലോചിച്ചിട്ട് തീരെ സമാധാനമുണ്ടായിരുന്നില്ല. പൂച്ചച്ചാര് ഇടയ്ക്കൊക്കെ മാളത്തിനു മുന്നിലൂടെ കവാത്ത് നടത്തുകയും എതിർവശത്തുള്ള മതിലിൽ കയറിയിരുന്ന് വിരുന്നുകാരാരോ വരുന്നില്ലേ എന്ന് ശങ്കിച്ചു കൈ നക്കിത്തോർത്തുകയും ചെയ്തു. അതു കണ്ടാലുടനെ വീട്ടമ്മ പൂച്ചയെ ശപിക്കാൻ തുടങ്ങും. നശിച്ച പൂച്ചയിരുന്ന് കൈ നക്കിത്തൊടയ്ക്കണ കണ്ടോ? ഏതു ദിക്കീന്നാണോ വിരുന്നുകാര് വരണത്? ഞാനവർക്ക് എന്തോന്ന് വച്ചു വിളമ്പിക്കൊടുക്കും? അമർത്തിയ ചിരിയോടെ കുണ്ടനെലി മാളത്തിൽത്തന്നെ പതുങ്ങിയിരുന്നു. ഈ പൂച്ചയുടെ ശല്യം എങ്ങനെ ഒഴിവാക്കാം എന്നു കാര്യമായി ആലോചിക്കുകയും ചെയ്തു. ഒന്നു വാഴ്ത്തിനോക്കിയാലോ എന്നായി കുണ്ടന്റെ ചിന്ത. മുഖസ്തുതി ഇഷ്ടപ്പെടാത്തവരായി ആരുണ്ട്? അവൻ ഒരു ദിവസം തലമാത്രം പുറത്തേക്കിട്ട് പൂച്ചയോടു പറഞ്ഞു.

ഇങ്ങനെ മതിലിൽ കയറി നിക്കണ ചേട്ടനെക്കണ്ടിട്ട് എനിക്കു രോമാഞ്ചമുണ്ടാക്കുന്നു. എന്തൊരു രാജകീയമായ നിൽപ്പ്! ചേട്ടൻ തീർച്ചയായും മുജ്ജന്മത്തിൽ ഒരു കടുവയായിരുന്നിരിക്കണം. എന്തോ ശാപംകൊണ്ട് പൂച്ചയായിപ്പോയതാവാനാണ് വഴി.



കുണ്ടന്റെ വർത്തമാനമൊന്നും തനിക്കിത്ര രസിക്കുന്നില്ലെന്ന മട്ടിൽ ഒരു കോട്ടുവായിട്ട് അകലേയ്ക്കു നോക്കി പൂച്ച ശബ്ദമൊന്നു കനപ്പിച്ചു.

“ഞങ്ങൾ പൂച്ചകൾ ഒരു കാലം കടുവകൾ തന്നെയായിരുന്നെടാ മണ്ടച്ചാരേ. എന്റെ മുതുമുത്തശ്ശന് ഒരു ശാപം കിട്ടിയതുകൊണ്ട് ഇങ്ങനെ ചെറുതായിപ്പോയതാണ്. തലമുറ തലമുറയായി ആ കഥ പകർന്നെത്തി ഞാനും കേട്ടിട്ടുണ്ട്. എന്റെ മുതുമുത്തശ്ശൻ കാട്ടിലങ്ങനെ പ്രതാപിയായി വാഴുന്ന കാലം. ഒരു മുഴുത്ത പുള്ളിമാനെ ഓടിച്ചിട്ടു പിടിക്കാൻ തുടങ്ങുമ്പോ അവനുണ്ട് ഒരു മരക്കുറ്റിയുടെ പിന്നിലേയ്ക്ക് ചാടിമറയുന്നു. മുതുമുതുമുത്തശ്ശനും പിന്നാലെ ഒറ്റച്ചാട്ടം. പക്ഷേ, ഉന്നം ലേശം പിഴച്ചുപോയി. മരക്കുറ്റിയിൽ തട്ടി ചെറുതായൊന്ന് ചരിഞ്ഞു. അപ്പോഴുണ്ട് ആ മരക്കുറ്റി പൊട്ടിപ്പിളർന്ന് രണ്ടു തീക്കട്ടക്കണ്ണുകൾ പുറത്തുവരുന്നു! എന്താ കാര്യം? അതൊരു



വര: ബാബുരാജൻ

മുനിയങ്ങനെ ഇരുന്ന് തപസ്സു ചെയ്യുന്നതായിരുന്നു. ചെമ്പിച്ച ജട നാലുപാടും വളർന്നു നിലത്തു മുട്ടിയതുകൊണ്ട് മരക്കുറ്റിയാണെന്ന് തോന്നിയതാ. തപസ്സിനു തടസ്സം വന്നപ്പോ മുനിക്കു ഭയങ്കര കോപം വന്നു. പിന്നെ ഒരൊറ്റശാപമാ! നീയങ്ങ് ചെറുതായി ഒരു പൂച്ചയോളമായിപ്പോകട്ടെ എന്ന്. അങ്ങനെയാ ഞങ്ങൾ പൂച്ചകൾ ഉണ്ടായത്. ഇതൊക്കെ നിന്നേപ്പോലുള്ള എലികളെങ്ങനെ അറിയാനാ?’’

കുണ്ടനെലി വിനയം ഭാവിച്ച് പറഞ്ഞു.

‘‘ശരിയാ പൂച്ചച്ചേട്ടാ. ഞങ്ങൾക്ക് പുരാണം തീരെ അറിയില്ലാട്ടോ. പക്ഷേ, ഒരു കാര്യം എനിക്ക് തീർച്ചയാ. ചേട്ടൻ ഒന്ന് ആഞ്ഞു ശ്രമിച്ചാൽ പഴയമട്ടിൽ കടുവയാകാവുന്നതേയുള്ളൂ.’’

പൂച്ചയ്ക്കു ജിജ്ഞാസയായി.

‘‘അതെങ്ങനെ?’’

തികട്ടിവന്ന ചിരിയടക്കി കണ്ടൻ ഇങ്ങനെ തുടർന്നു.

‘‘ദിവസോം പാതിരാത്രിയിൽ സ്വസ്ഥമായൊരിടത്ത് കണ്ണടച്ചിരുന്ന് നൂറു പ്രാവശ്യം ശ്വാസം ആഞ്ഞു വലിച്ചു പുറത്തുവിടണം. ആഞ്ഞു വലിക്കുന്നതിനനുസരിച്ച് കുറേശ്ശെ കുറേശ്ശെയായി വലിപ്പം വയ്ക്കും. തലമുറ തലമുറയായി ഞങ്ങൾ എലികൾക്കു പകർന്നു കിട്ടുന്ന പാഠമെന്തെന്നറിയ്യോ ചേട്ടന്? ഇതൊരിക്കലും പൂച്ചകൾക്കു പറഞ്ഞുകൊടുക്കരുതെന്ന്. പൂച്ചയായിട്ടു തന്നെ ഞങ്ങൾക്ക് അവരെക്കൊണ്ട് പൊറുതി മുട്ടിയിരിക്കുകാ. പിന്നെ കടുവയായാലത്തെ കാര്യം പറയണോ?



ഏതായാലും പൂച്ച പതിമൂന്നു ദിവസവും പാതിരാവിൽ പ്രാണായാമം ചെയ്തു. അത്രയും ദിവസം യാതൊരു ഭയവുമില്ലാതെ കുണ്ടനെലി വിളയാടി നടന്നു. ഓരോ ദിവസവും പൂച്ചയ്ക്കു തന്നെ തോന്നാൻ തുടങ്ങി. താൻ ഇത്തിരിക്കൂടി വലുതായിട്ടില്ലേ? ഉണ്ട് ഉണ്ട്. അവനങ്ങനെ കാലുകൾ നീട്ടിവച്ച് മതിലിന്റെ മുകളിൽ കൂടി നടന്നു വന്ന് മാളത്തിന്റെ എതിർവശത്തെത്തി നിന്നു.

പൂച്ച ഇതുകേട്ട് ഒന്നു ഞെളിഞ്ഞു. പിന്നെ കൈകൾ കൂട്ടിത്തിരുമ്മി മുറുമുറുത്തു.

‘‘എനിക്കു നിന്നെ അത്ര വിശ്വാസമൊന്നുമില്ല. എന്നാലും ഞാനിതൊന്നു ശ്രമിച്ചു നോക്കുന്നുണ്ട്.’’

കുണ്ടനെലി ശബ്ദത്തിൽ വേവലാതി കലർത്തി.

‘‘അയ്യോ ചേട്ടാ! ഞാൻ അബദ്ധവശാൽ പറഞ്ഞുപോയതാ. ചേട്ടന് വിശ്വാസമാകുന്നില്ലെങ്കിൽ വേണ്ട. പക്ഷേ, ഒരു കാര്യം. മത്സ്യമാംസാദികൾ ഉപേക്ഷിച്ചു വ്രതശുദ്ധിയോടുകൂടി പതിമൂന്നു ദിവസം ഇങ്ങനെ പ്രാണായാമം ചെയ്താലേ ഫലമുണ്ടാകൂ!’’

പൂച്ച മറുപടിയൊന്നും പറയാതെ മതിലിനു മുകളിൽക്കൂടി നടന്ന് എങ്ങോ മറഞ്ഞു. ആ നടപ്പ് നോക്കി നിന്ന കുണ്ടൻ മനസ്സറിയാതെ പറഞ്ഞുപോയി.

‘‘ഓ! ആ നെറോം വരേം കുറീം നടപ്പുമൊക്കെ കണ്ടാൽ മതി. ശരിക്കും ഒരു കടുവ തന്നെ!’’

ഏതായാലും പൂച്ച പതിമൂന്നു ദിവസവും പാതിരാവിൽ പ്രാണായാമം ചെയ്തു. അത്രയും ദിവസം യാതൊരു ഭയവുമില്ലാതെ കുണ്ടനെലി വിളയാടി നടന്നു. ഓരോ ദിവസവും പൂച്ചയ്ക്കു തന്നെ തോന്നാൻ തുടങ്ങി. താൻ

ഇത്തിരിക്കൂടി വലുതായിട്ടില്ലേ? ഉണ്ട് ഉണ്ട്. അവനങ്ങനെ കാലുകൾ നീട്ടിവച്ച് മതിലിന്റെ മുകളിൽ കൂടി നടന്നു വന്ന് മാളത്തിന്റെ എതിർവശത്തെത്തി നിന്നു. കാട്ടിലെ രാജാവിന്റെ തലയെടുപ്പോടെ നിൽക്കുന്ന പൂച്ചയെ നോക്കി കുണ്ടൻ പറഞ്ഞു.


''അത്ഭുതം! ചേട്ടൻ ഇപ്പോ ശരിക്കും ഒരു കടുവ തന്നെ! ആരുടെയെങ്കിലും തലയ്ക്കിട്ട് ആ കൈ വച്ചൊന്നു കൊടുത്താൽ ചമ്മന്തിയായിപ്പോവും.''

പൂച്ച ഒന്നും മിണ്ടാതെ മതിലിൽ നിന്നിറങ്ങി ഗമയിൽനടന്നു മറയുന്നതു നോക്കി കുണ്ടൻ മാളത്തിലിരുന്ന് വായ്പൊത്തി ചിരിച്ചു. അടുക്കളമുറ്റത്തിരുന്ന് വീട്ടമ്മ മീൻവെട്ടുന്നിടത്തെത്തിയപ്പോൾ പൂച്ച നിന്നുപോയി. അവനു കൊതി സഹിക്കാൻ വയ്യാതെയായി. മ്യാവു! എന്നു കരഞ്ഞു പൂച്ച ആശയോടെ വീട്ടമ്മയുടെ നേർക്കു നോക്കി. എന്നാൽ വീട്ടമ്മ പൂച്ചയെ ആട്ടിയകറ്റി.

''ഛീ മാറിപ്പോ ജന്തു!''

പൂച്ചയ്ക്കു കടുത്ത അപമാനം തോന്നി. ഇത്രേം വലിപ്പം വച്ചിട്ടും ഈ വീട്ടമ്മയ്ക്കു തന്നെ യാതൊരു പേടിയുമില്ലെന്നോ? അവന് കലശലായ കോപം വന്നു. കുണ്ടനെലി പറഞ്ഞതോർത്ത് അവൻ കൈ നിവർത്തിപ്പിടിച്ച് വീട്ടമ്മയുടെ നേർക്കു കുതിച്ചുചാടി. വീട്ടമ്മയാകട്ടെ നന്ദികെട്ട ജന്തു എന്നലറി മീൻ വെട്ടുന്ന കത്തി പൂച്ചയുടെ നേർക്ക് ആഞ്ഞുവീശി. വെട്ടേറ്റ്, പൂച്ച വിരുന്നുകാരെ വിളിക്കുന്ന കൈ ഒടിഞ്ഞ് നുറുങ്ങിപ്പോയി. ർങ്ങ്യാവൂ! എന്ന് ദയനീയമായി കരഞ്ഞ് ഒടിഞ്ഞു തൂങ്ങിയ കൈ വലിച്ചിഴച്ച് പൂച്ച പ്രാണവേദനയോടെ ഓടിപ്പോയി. ഇതെല്ലാം കണ്ടും കേട്ടും മാളത്തിലിരുന്ന് കുണ്ടനെലി ചിരിച്ചു തലകുത്തി മറിഞ്ഞു. വാഴ്ത്തപ്പെട്ടവൻ എത്ര പെട്ടെന്നാണ് വീഴ്ത്തപ്പെട്ടവനായത് എന്നോർത്തപ്പോൾ അവനു ചിരി നിർത്താനേ കഴിഞ്ഞില്ല.

## ആനക്കാര്യം





രാജീവ് എൻ ടി
rajeevnt@hotmail.com



# ആകാശമുറ്റം

വയലാർ ഗോപാലകൃഷ്ണൻ

കുട്ടി : ആരാണെന്റമ്മേയിന്നാകാശമുറ്റത്ത്
വാരീവിതറിയതീ മുത്തുകൾ
കണ്ടിട്ടെനിക്കു കൊതിവരുന്നീമുത്ത്
രണ്ടെണ്ണമെങ്കിലും കിട്ടിയെങ്കിൽ.

അമ്മ : സ്വർഗത്തെ ദേവകുമാരിമാരാകാശ-
മുറ്റത്തു തുള്ളിക്കളിച്ച നേരം
കാലിലണിഞ്ഞ മഴവിൽക്കൊലുസ്സിൽ
നിന്നൂരിത്തെറിച്ചതാണീ മുത്തുകൾ.



വര: സുരേഷ് പരിയാരത്ത്

## അറിയിപ്പ്

തളിര് മാസികയെകുറിച്ച് നിങ്ങൾക്കുള്ള അഭിപ്രായങ്ങളും നിർദ്ദേശങ്ങളും അയച്ചു തരിക. കത്തയയ്ക്കുമ്പോൾ വാഴ്ത്തലുകൾ മാത്രമാകരുത്. സത്യസന്ധതവും വ്യത്യസ്തങ്ങളുമായ അഭിപ്രായങ്ങളാണ് ഇതിലൂടെ ഞങ്ങൾ ഉദ്ദേശിക്കുന്നത്. തിരഞ്ഞെടുക്കുന്ന കത്തുകൾ പ്രസിദ്ധീകരിക്കുകയും അവയ്ക്കു സമ്മാനം നൽകുകയും ചെയ്യുന്നതാണ്.

അയയ്ക്കേണ്ട വിലാസം
തളിര് മാസിക, ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്
സംസ്കൃത കോളേജ് കാമ്പസ്, തിരുവനന്തപുരം-34

# സിക വൈറസിനെ അറിയാം – പ്രതിരോധിക്കാം

**ഡോ. ബി പത്മകുമാർ**

ഒരു ചെറിയ ഇടവേളയ്ക്കുശേഷം വൈറസ് രോഗങ്ങൾ വീണ്ടും പടയോട്ടം ആരംഭിച്ചിരിക്കുകയാണ്. സിക വൈറസാണ് ഏറ്റവും പുതിയതായി ആക്രമണം അഴിച്ചുവിട്ടിരിക്കുന്നത്. ആഫ്രിക്കൻ ഏഷ്യൻ രാജ്യങ്ങളും കടന്ന് ഈ വർഷം സിക വൈറസ് രോഗം അമേരിക്കയിലും എത്തുകയുണ്ടായി. രോഗം കൂടുതൽ രാജ്യങ്ങളിലേക്കു പടരാതെയിരിക്കാനും സിക വൈറസിനെതിരായ പ്രതിരോധ നടപടികൾ ശക്തിപ്പെടുത്താനുമായി ലോകാരോഗ്യസംഘടന ആരോഗ്യഅടിയന്തിരാവസ്ഥയും പ്രഖ്യാപിക്കുകയുണ്ടായി. കൂട്ടുകാർക്ക് ഇതിൽ നിന്നും വ്യക്തമായല്ലോ കാര്യത്തിന്റെ ഗൗരവം.

കൊതുകുകളാണ് സിക വൈറസ്രോഗം പരത്തുന്നത്. പകൽ കടിക്കുന്ന സ്വഭാവമുള്ള ഈഡിസ് കൊതുകുകളാണ് പ്രശ്നക്കാർ. ഈഡിസ് കൊതുകുകളെ അറിയില്ലേ. നമ്മുടെ നാട്ടിൽ വ്യാപകമായി പടർന്നു പിടിച്ച ഡെങ്കിപ്പനിയും ചിക്കുൻഗുനിയയുമൊക്കെ പരത്തിയത് ഇവർ തന്നെ. അതുകൊണ്ട് നമ്മുടെ രാജ്യത്തിലേക്ക് സിക വൈറസ് കടന്നു വരാതെയിരിക്കാനായി അന്താരാഷ്ട്രവിമാനത്താവളങ്ങളിൽ യാത്രികരെ പ്രത്യേക പരിശോധനയ്ക്കു വിധേയരാക്കുന്നുണ്ട്.

**സിക വൈറസിനെതിരായി വാക്സിനോ ഫലപ്രദമായ മരുന്നുകളോ ഇതുവരെ കണ്ടെത്താനായിട്ടില്ല. അതുകൊണ്ടു തന്നെ രോഗപ്രതിരോധത്തിനാണ് ഊന്നൽ കൊടുക്കേണ്ടത്. രോഗം പരത്തുന്ന ഈഡിസ് കൊതുകുകളെ നിയന്ത്രിച്ച് രോഗവ്യാപനം തടയാം. വീടും പരിസരവും വൃത്തിയായും ഈർപ്പരഹിതമായും സംരക്ഷിക്കുക എന്നതാണ് ഏറ്റവും പ്രധാനം.**



ഇനി സിക വൈറസിന്റെ ചരിത്രമല്പം മനസ്സിലാക്കാം. 1947 ൽ ഉഗാണ്ടയിലെ സിക കാടുകളിലാണ് വൈറസിനെ ആദ്യമായി കണ്ടെത്തിയത്. വൈറസിനു പേരുവരാനും കാരണം ഇതുതന്നെ. തുടർന്ന് ഇന്ത്യ ഉൾപ്പെടെയുള്ള ഏഷ്യൻരാജ്യങ്ങൾ, മൈകോനേഷ്യ, ചിലി, അമേരിക്ക തുടങ്ങിയ രാജ്യങ്ങളിലേക്കും വൈറസ് വ്യാപിക്കുകയുണ്ടായി. ഇപ്പോൾ ബ്രസീലിലാണ് സിക വൈറസ് രോഗം പൊട്ടിപ്പുറപ്പെട്ടിരിക്കുന്നത്.

സാധാരണ പനി പോലെ തന്നെയാണ് സിക വൈറസ് രോഗത്തിന്റെ ആരംഭം. പനിയോടൊപ്പം ശരീരമാസകലം ചുവന്നുതടിച്ച പാടുകളും പ്രത്യക്ഷപ്പെടാം. തലവേദന, ശരീരവേദന, ക്ഷീണം, കണ്ണിൽ ചുവപ്പു നിറമുണ്ടാവുക തുടങ്ങിയവയാണ് മറ്റു ലക്ഷണങ്ങൾ. സാധാരണ ഗതിയിൽ രണ്ടു മുതൽ ഏഴു ദിവസങ്ങൾക്കുള്ളിൽ പനിയും മറ്റു രോഗലക്ഷണങ്ങളും അപ്രത്യക്ഷമാകും. എന്നാൽ അപൂർവമായി സിക വൈറസ്രോഗം ചില സങ്കീർണതകൾ ഉണ്ടാക്കാം. കുട്ടികളുടെ തലയോട്ടിയുടെയും തലച്ചോറിന്റെയും വളർച്ച മുരടിക്കുന്ന മൈക്രോസെഫാലി എന്ന മസ്തിഷ്ക്കരോഗമാണ് ഗുരുതരമായ ഒരു പ്രശ്നം. സിക വൈറസ്



രോഗം പടർന്നുപിടിച്ച ബ്രസീലിൽ ആയിരക്കണക്കിനു കുട്ടികൾക്കാണ് ഈ പ്രശ്നമുണ്ടായത്. മറ്റൊരു സങ്കീർണത മുതിർന്നവരെയാണ് ബാധിക്കുന്നത്. കൈകാലുകളുടെ പേശികൾക്ക് മരവിപ്പും തുടർന്നു തളർച്ചയും അനുഭവപ്പെടുന്ന ഗില്ലൻ ബാരി സിൻഡ്രോമാണ് പ്രായമുള്ളവരിൽ കണ്ടുവരുന്നത്.

സിക വൈറസിനെതിരായി വാക്സിനോ ഫലപ്രദമായ മരുന്നുകളോ ഇതുവരെ കണ്ടെത്താനായിട്ടില്ല. അതുകൊണ്ടുതന്നെ രോഗപ്രതിരോധത്തിനാണ് ഊന്നൽ കൊടുക്കേണ്ടത്. രോഗം പരത്തുന്ന ഈഡിസ് കൊതുകുകളെ നിയന്ത്രിച്ച് രോഗവ്യാപനം തടയാം.

ശുദ്ധജലശേഖരങ്ങളിലാണ് ഈഡിസ് കൊതുകുകൾ മുട്ടയിട്ട് പ്രജനനം നടത്തുന്നത്. നമ്മുടെ വീടിന്റെയും സ്കൂളിന്റെയും പരിസരത്ത് അലക്ഷ്യമായി വലിച്ചെറിയുന്ന പ്ലാസ്റ്റിക്പാത്രങ്ങളിലും കപ്പുകളിലും ചിരട്ടയിലുമൊക്കെ ശേഖരിക്കപ്പെടുന്ന ജലത്തിലാണ് ഇവ പെരുകുന്നത്. വീടും പരിസരവും വൃത്തിയായും ഈർപ്പരഹിതമായും സംരക്ഷിക്കുക എന്നതാണ് ഏറ്റവും പ്രധാനം. അതോടൊപ്പം പാത്രങ്ങളിലും ചെടിച്ചട്ടികളിലും വീടിന്റെ പാരപ്പറ്റിലും ശേഖരിക്കുന്ന വെള്ളം നീക്കം ചെയ്ത് ആഴ്ചയിലൊരിക്കൽ ഡ്രൈഡേ ആചരിക്കുകയും വേണം.




കൊതുകുകടിയേൽക്കാതിരിക്കാനും എടുക്കാം ചില മുൻകരുതലുകൾ. വീടിന്റെ വാതിലുകൾക്കും ജനാലയ്ക്കുമൊക്കെ നെറ്റുകൾ പിടിപ്പിച്ചാൽ കൊതുകുകൾ മുറിക്കുള്ളിലേക്കു കടക്കുന്നത് തടയാം. പറമ്പിലും ചെടികളുടെയും വള്ളിപ്പടർപ്പുകളുടെയും മറ്റും ഇടയിലൂടെ നടക്കുമ്പോൾ കൊതുകുകടിയേൽക്കാതിരിക്കാനായി ശരീരം മുഴുവൻ പൊതിയുന്ന തരത്തിലുള്ള വസ്ത്രങ്ങൾ ധരിക്കാനും ശ്രദ്ധിക്കണം.

ഓർക്കുക. പുതിയ വൈറസ് രോഗങ്ങൾ ഇനിയുമുണ്ടായേക്കാം. മാലിന്യം കുന്നുകൂടുന്നതും കൊതുകുകൾ പെരുകുന്നതുമൊക്കെ പുതിയ പകർച്ചവ്യാധികൾ പടരാൻ കാരണമാകുന്നു. വ്യക്തിശുചിത്വത്തോടൊപ്പം പരിസരശുചിത്വവും പാലിച്ചാലേ പുതിയ രോഗങ്ങളുടെ വ്യാപനം തടയാനാകൂ.

# മഹാഭാരതം

സുഗതകുമാരി



## വിരാടപർവം (തുടർച്ച)

മദിച്ച ആന വരുമ്പോലെ ഭീമൻ രാജസന്നിധിയിലെത്തി വന്ദിച്ചു. വൃദ്ധനായ വിരാടൻ അദ്ഭുതാഹ്ലാദങ്ങളോടെ ആ ഗംഭീര പുരുഷനെ നോക്കിക്കാണുന്നതിനിടയ്ക്ക് ആ മലിനവസ്ത്രധാരി മുഴങ്ങുന്ന ശബ്ദത്തിൽ ഇങ്ങനെ അറിയിച്ചു. ‘‘മഹാരാജാവേ, ഞാൻ വല്ലവൻ എന്നു പേരുള്ള ഒരു പാചകക്കാരനാണ്. എനിക്കൊരു ജോലി ആവശ്യമുണ്ട്.’’

രാജാവു ചോദിച്ചു. ‘‘നീ പാചകക്കാരനോ വല്ലവാ? നീയൊരു മഹാരാജാവിനെപ്പോലെ ശ്രീയും വിക്രമവും രൂപഭംഗിയും തികഞ്ഞവനാണ്. ഉഗ്രനായ ഏതോ ദേവനെപ്പോലെ തോന്നുന്നു നിന്നെക്കാണുമ്പോൾ, ആരാണു നീ? പറയുക.’’

ഭീമൻ പറഞ്ഞു. ‘‘മഹാരാജൻ, ഞാൻ പാചകക്കാരനാണെന്നതു ശരി, എന്റെ കറിവെയ്പിന്റെ സ്വാദ് പണ്ട് മഹാരാജാവ് യുധിഷ്ഠിരൻ നന്നായി അറിഞ്ഞിട്ടുണ്ട്. അദ്ദേഹത്തിനു രാജ്യം നഷ്ടമായപ്പോൾ ഞാനിങ്ങനെ അലഞ്ഞു നടക്കുന്നവനായി. ഞാൻ പാചകക്കാരൻ മാത്രമല്ല മഹാരാജാവേ, മല്ലയുദ്ധക്കാരനുമാണ്. മല്ലന്മാരായ മനുഷ്യരോടു മാത്രമല്ല ആനയോടും സിംഹത്തിനോടും ഞാൻ പോരാടും. ദയവായി എനിക്ക് അവിടുത്തെ പാചകശാലയിൽ ജോലി തന്നാലും.’’

വിരാടൻ സന്തുഷ്ടനായി പറഞ്ഞു. ‘‘വല്ലവാ, നീയൊരു വെറും പാചകക്കാരനല്ല, എന്റെ പാചകശാലയുടെ മുഴുവൻ മേലാളായി ഞാൻ നിന്നെ നിയമിക്കുന്നു.’’

അങ്ങനെ വൃകോദരനായ ഭീമസേനൻ പാചകശാല അടക്കി സസുഖം വാണു. ആരും ആ ഭീമാകാരനെ തിരിച്ചറിഞ്ഞില്ല.

പിന്നീടൊരിക്കലതാ പരമസുന്ദരിയായ ഒരുവൾ ദു:ഖിതയായി രാജപാതയിലൂടെ നടന്നുവരുന്നു. മുഷിഞ്ഞ ഒരു പരുക്കൻ ഒറ്റച്ചേല ചുറ്റിയുടുത്തും ശിരസ്സുമറയ്ക്കുമാറ് തലമുടി ചായ്ച്ചു ചുറ്റിക്കെട്ടി വലത്തോട്ടു മറിച്ചിട്ടും മുഖം പാതിമറച്ചും വരുന്ന അവളെ പുരവാസികൾ ചൂഴ്ന്നു. ‘‘ആരാണു നീ! എന്തിനിവിടെ വന്നു?’’ എന്ന ചോദ്യങ്ങൾക്ക് അവൾ മധുരമായി മറുപടി നൽകി. ‘‘ഞാനൊരു സൈരന്ധ്രിയാണ്. ജീവിക്കാനൊരു തൊഴിൽതേടി ഞാനലയുന്നു.’’

അവളെ ദാസിമാർ സുദേഷ്ണാറാണിയുടെ അരികിലെത്തിച്ചു. വന്ദിച്ചു നിൽക്കുന്ന ആ അദ്ഭുതരൂപിണിയെക്കണ്ട് രാജ്ഞി അമ്പരന്നുപോയി. ഇവൾ സൈരന്ധ്രിയോ? സർവലക്ഷണങ്ങളും തികഞ്ഞ പൂർണചന്ദ്രമുഖി, വിടർന്ന താമരയിതൾപോലെ നീൾക്കണ്ണുകളുള്ളവൾ, താമരപ്പൂമണം ചുരത്തുന്നവൾ, കറുത്തിരുണ്ടു നീലിച്ച കനത്ത തലമുടിയുള്ളവൾ, തിളങ്ങുന്ന നെറ്റിത്തടവും കറുത്തു വളഞ്ഞ പുരികക്കൊടികളുമുള്ളവൾ– കൈത്തലങ്ങളും പാദങ്ങളും ചെന്താരുപോലെ ചുവന്നവൾ, ഈ ലാവണ്യവതി ലക്ഷ്മീദേവിയോ ഇന്ദ്രാണിയോ! സുദേഷ്ണ അദ്ഭുതത്തോടെ തോഴിമാരോടു പറഞ്ഞു. ‘‘ഈ വിശ്വൈകമോഹിനി ദാസിയെന്നോ? നുറുനൂറു ദാസികളോടു കല്പിക്കേണ്ടവളാണിവൾ. ചന്ദ്രനെപ്പോലെ തിളങ്ങുന്ന ഇവളുടെ മുഖബിംബം നോക്കൂ. കടുംചുവപ്പു താമരപ്പൂനിറമുള്ള കൈത്തലങ്ങളും കാലടികളും നോക്കൂ. ലക്ഷ്മീദേവിക്കു തുല്യയാണിവൾ. കാശ്മീരദേശത്തെ പെൺകുതിരയെപ്പോലെ സർവലക്ഷണങ്ങളും തികഞ്ഞ് ചൊടിയാർന്നവൾ– ഇവൾ നടന്നു വരുന്നിടത്തെല്ലാം താമരപ്പൂമണം വഴിയുന്നു. ഒരു സാധാരണസ്ത്രീയല്ലിവളെന്നു നിശ്ചയം.’’

മുന്നിൽവന്നു കരംകൂപ്പി നിൽക്കുന്ന ദ്രൗപദിയോട് സുദേഷ്ണ ബഹുമാനത്തോടെ ചോദിച്ചു. ‘‘ഭദ്രേ, ആരാണു നീ! ദേവിയോ കിന്നരിയോ ഗന്ധർവസുന്ദരിയോ! അതോ സാക്ഷാൽ ഇന്ദ്രാണി തന്നെയോ എന്റെ മുന്നിൽ നിൽക്കുന്നത്!’’

ദ്രൗപദി പുഞ്ചിരിയോടെ പറഞ്ഞു. ‘‘ദേവീ,

**ദേവീ, ഞാൻ കിന്നരിയും യക്ഷിയുമൊന്നുമല്ല. മനുഷ്യസ്ത്രീയാണ്, മാലിനിയെന്നാണെന്റെ പേര്. രാജ്ഞിമാരെയും രാജകന്യകളെയും മനോഹരമായി അലങ്കരിച്ചൊരുക്കുന്നവൾ. എനിക്ക് വിശിഷ്ടമായ കുറിക്കൂട്ടുകൾ ഉണ്ടാക്കുവാനറിയാം. പുഷ്പങ്ങളാൽ അപൂർവശോഭയാർന്ന മാലകൾ കെട്ടാനറിയാം.**


ഞാൻ കിന്നരിയും യക്ഷിയുമൊന്നുമല്ല. മനുഷ്യസ്ത്രീയാണ്, മാലിനിയെന്നാണെന്റെ പേര്. രാജ്ഞിമാരെയും രാജകന്യകളെയും മനോഹരമായി അലങ്കരിച്ചൊരുക്കുന്നവൾ. എനിക്ക് വിശിഷ്ടമായ കുറിക്കൂട്ടുകൾ ഉണ്ടാക്കുവാനറിയാം. വിചിത്രരീതിയിൽ തലമുടി പിന്നിക്കെട്ടി പുഷ്പങ്ങളാൽ അലങ്കരിക്കാനറിയാം. ചെമ്പകം, മുല്ല, താമര മുതലായ പുഷ്പങ്ങളാൽ അപൂർവശോഭയാർന്ന മാലകൾ കെട്ടാനറിയാം. ഞാൻ ശ്രീകൃഷ്ണപത്നിയായ സത്യഭാമയെ ഒരുക്കിയിട്ടുണ്ട്. പാണ്ഡവപത്നി പാഞ്ചാലിയുടെ സൈരന്ധ്രിയായിരുന്നിട്ടുണ്ട്. മഹാറാണി സുദേഷ്ണേ, ഞാൻ അവിടുത്തെ കൊട്ടാരത്തിൽ ജോലി ചെയ്യാനാഗ്രഹിച്ചു വന്നിരിക്കുന്നു.''

സുദേഷ്ണ പറഞ്ഞു. ''ഭദ്രേ, നിന്നെ ഞാനെന്റെ ശിരസ്സിലേറ്റി നോക്കിക്കൊള്ളാം. അത്രയ്ക്കു നിന്നെ ഇഷ്ടമായി എനിക്ക്- പക്ഷേ നീ ആപത്തുണ്ടാക്കുമെന്ന് ഞാൻ ശങ്കിക്കുന്നു. ലോകസുന്ദരിയായ നിന്നെക്കണ്ടാൽ വിരാടരാജൻ എന്നെവിട്ട് നിന്നെ സ്വീകരിക്കുമെന്നു നിശ്ചയം. നോക്കൂ, എല്ലാ അന്തപ്പുരസ്ത്രീകളും കണ്ണെടുക്കാതെ നിന്നെ നോക്കി മയങ്ങിനിൽക്കുന്നു, അപ്പോൾ പുരുഷന്മാരുടെ കാര്യം പറയേണ്ടതുണ്ടോ! രാജഗൃഹത്തിൽ നിന്നെ പാർപ്പിച്ചാൽ അപകടമാകുമെന്നും രാജാവ് എന്നെ വെടിയുമെന്നും ഞാൻ ഭയപ്പെടുന്നു.''

പാഞ്ചാലി ചിരിച്ചുകൊണ്ടു പറഞ്ഞു. ''മഹാറാണീ, അവിടുന്നു ഭയപ്പെടേണ്ട, വിരാട മഹാരാജനെന്നല്ല ഇവിടെയുള്ള ഒരു പുരുഷനും എന്നെ കിട്ടുകയില്ല. കാരണം പറയാം. പഞ്ച ഗന്ധർവന്മാരുടെ പത്നിയാണു ഞാൻ. അവർ എന്നെ കാത്തുരക്ഷിച്ച് എപ്പോഴും അദൃശ്യരായി എന്നോടൊപ്പമുണ്ടാകും. മറ്റേതൊരാൾക്കും അസ്പൃശ്യയാണു ഞാനെന്നറിഞ്ഞാലും- ദേവീ, ഞാനിവിടെ പാർക്കണമെങ്കിൽ ചില നിബന്ധനകളുണ്ട്. ആരുടെയും ഉച്ഛിഷ്ടം ഞാൻ ഭക്ഷിക്കുകയില്ല, ആരുടെയും കാൽ കഴുകുകയുമില്ല. എന്നെ ബഹുമാനിച്ച് വസിപ്പിക്കുന്നവരിൽ ഗന്ധർവന്മാർ പ്രസാദിക്കുന്നതാണ്.''

സന്തുഷ്ടയായ വിരാടപത്നി ഇരുകൈയും നീട്ടി കൃഷ്ണയെ സ്വാഗതം ചെയ്തു. ''മാലിനീ, മകളേ, നിന്നെ സുഖമായി ഇവിടെ പാർപ്പിച്ചുകൊള്ളാം.

(തുടരും)



വര: ജയേന്ദ്രൻ

# ഇളം തളിര്

ഇളംതളിരിലേക്ക്
രചനകൾ അയക്കൂ.
സമ്മാനങ്ങൾ നേടൂ...
നിങ്ങളുടെ കഥകളും കവിതകളും
സുഗതകുമാരി ടീച്ചറിന്റെ
തിരുത്തലുകളോടെയാണ്
പ്രസിദ്ധീകരിക്കുന്നത്.



## അമ്മ

അമ്മയ്ക്കും അമ്മിഞ്ഞപ്പാലിന്നുമൊപ്പമായ്
എന്നും ഞാനോർക്കുന്നാ തിരുമധുരം
മുറ്റത്തെ തൈമാവിൻ ചോട്ടിലിരിക്കവെ
മുന്നാഴി ഓർമകൾ കൂട്ടുവന്നു.
കൂടെ മോഹനബാല്യം വിരുന്നുവന്നൂ.
കഥകൾ പറഞ്ഞെന്നെയൂട്ടിയമ്മ
പാട്ടിന്റെ പാൽക്കടലായോരമ്മ
മധുവൂറും പാട്ടേറെ പാടിയമ്മ
മനമേറെ മഴവില്ലു തീർത്തുതന്നു
എൻമിഴിയാകെ പൊൻകതിർ ചൂടിത്തന്നു.
എന്നമ്മ ഇന്നുമുണ്ടായിരുന്നെങ്കിലോ
എൻ വീടും വീടായി മാറിയേനെ.



വര: ഗോപു പട്ടിത്തറ

**അദ്രീന അനിൽ സി,**
**ക്ലാസ്സ് 8 ബി,**
**എ കെ എം എച്ച് എസ് എസ്, കോട്ടൂർ**



പുഞ്ചിരി തൂകി വെട്ടം കാട്ടും
ബൾബേ നീയൊരു കേമൻ താൻ
കണ്ണുകൾ രണ്ടുമടച്ചെന്നാകിൽ
ഞങ്ങളിരുട്ടിൽ കഷ്ടംതാൻ
കൂട്ടിലൊളിച്ചു വസിക്കും നീയോ
കൂട്ടിനു വന്നാൽ സന്തോഷം.

**അദ്വൈത് ആർ ജി,
ക്ലാസ്സ് 2 സി, ശബരിഗിരി സ്കൂൾ,
അഞ്ചൽ.**



# കയറ്റം

ചവിട്ടും കുത്തും
ഒരുപാടേറ്റിട്ടാണെങ്കിലും,
ഇടയ്ക്ക്
നിലത്തൊന്നു കുത്തി,
വാനോളമുയരുന്നതിന്റെ
ആഹ്ലാദം,
ഒരു റബ്ബർപന്തിനോളമറിയണമെന്നില്ലാ-
നമ്മളാരും.

**റൊമീല കെ പി,
ക്ലാസ്സ് 9 എ, ജി വി എച്ച് എസ് എസ്,
പത്തിരിപ്പാല
പാലക്കാട് 678642**



# വൈദ്യുതി പറ്റിച്ച കഥ

**ജോയിസ് പി എബ്രഹാം,**
**ക്ലാസ്സ് 9 ബി,**
**സെന്റ് ജോൺസ് എച്ച് എസ് എസ് ഇരവിപേരൂർ**

സ്കൂൾ അവധിക്കു റേഡിയോയിലൂടെ പാട്ടുകളും നാടകങ്ങളും കേൾക്കുന്നതാണെന്റെ നേരംപോക്ക്. അവധിക്കേ എനിക്ക് റേഡിയോ തരാറുള്ളൂ. കഴിഞ്ഞ ഓണക്കാലത്ത് ഒരു സംഭവമുണ്ടായി. ഉച്ചയ്ക്കുള്ള സിനിമാഗാനങ്ങൾ കേൾക്കുകയായിരുന്നു. യേശുദാസിന്റെ ഗാനമായിരുന്നു. പെട്ടെന്ന് കറണ്ടു പോയി. എനിക്ക് ദേഷ്യം വന്നു. അന്നു വീട്ടിൽ അമ്മച്ചിയല്ലാതെ വേറാരുമുണ്ടായിരുന്നില്ല. എന്തു ചെയ്യും. ഞാൻ ജനലിലൂടെ വെളിയിലോട്ടു നോക്കി എന്റെ വീട്ടിലെ കാർഷെഡിന്റെ പിറകുവശത്തുള്ള കൃഷിസ്ഥലത്തോട്ട് പോസ്റ്റിൽ നിന്നും സ്റ്റേ വയർ കൊടുത്തിട്ടുണ്ടായിരുന്നു. അതു കണ്ട എനിക്കു തോന്നിയതു ലൈൻ കമ്പി പൊട്ടിയതാണെന്ന്...!!! അലുമിനിയം ഷീറ്റാണു കാർഷെഡിന്റെ മുകളിൽ ഇട്ടിരിക്കുന്നത്. ഉച്ചയാണല്ലോ സമയം. ചൂടു കാരണം ഷീറ്റിൽ നിന്നാവി പൊങ്ങുന്നതു കണ്ട എനിക്കു തോന്നിയതു കറണ്ട് ഷീറ്റിലൂടെ വ്യാപിക്കുന്നതായാണ്....!!! ഞാൻ ശരിക്കും പേടിച്ചു. പപ്പയെ വിളിച്ചു കാര്യം പറഞ്ഞു. പപ്പ പറഞ്ഞു കെ എസ് ഇ ബിയിൽ വിളിച്ചു പറയാമെന്ന്. ഉറങ്ങിക്കൊണ്ടിരുന്ന അമ്മച്ചിയേയും വിളിച്ചു പറയാമെന്ന്. ഉറങ്ങിക്കൊണ്ടിരുന്ന അമ്മച്ചിയേയും വിളിച്ചു കാര്യം പറഞ്ഞു. അമ്മച്ചിക്കും ശരിയാണെന്നു തോന്നി. പുറത്തു സാധനം വാങ്ങാൻ പോയ അമ്മയേയും വിളിച്ചു. വരുമ്പാൾ മുന്നിലെ ഗേറ്റിലൂടെ വരാതെ വീടിനു വശത്തുള്ള ഗേറ്റിലൂടെ വരണമെന്ന് പറയുകയും ചെയ്തു.

കുറച്ചു കഴിഞ്ഞു പുറത്ത് ഉണങ്ങാൻ തുണിയെടുക്കാൻ പോയപ്പോൾ എനിക്കു പറ്റിയ അമളി മനസ്സിലായി. സ്റ്റേ വയറാണത്...! എന്തു ചെയ്യും അൽപ്പം സമയം കൂടി കഴിഞ്ഞാൽ കെ എസ് ഇ ബി



വര: കെ പി മുരളീധരൻ

യിൽ നിന്നു ജോലിക്കാർ കമ്പി പൊട്ടിയതു നോക്കാൻ വരുമെന്ന യാഥാർത്ഥ്യം എന്നെ ഏറെ തളർത്തി. ഇതറിഞ്ഞ അമ്മച്ചി ചിരിയോടു ചിരി. ഞാൻ തുണിയും കൊണ്ട് അകത്തു കയറിയ ഉടനെ കെ എസ് ഇ ബി യിൽ നിന്നു ജോലിക്കാരൻ ബൈക്കിൽ വന്നു. ഞാൻ വല്ലാതെ പേടിച്ചു. അമ്മച്ചിയോട് അയാൾ എന്നെ തിരക്കിയാൽ ഞാൻ കുളിക്കുകയാണെന്നു പറയണമെന്ന് പറഞ്ഞു. അയാൾ അവിടെയെല്ലാം നോക്കി. ഞാൻ പേടികൊണ്ട് ബാത്റൂമിൽ കയറി കുറ്റിയിട്ടു. അയാൾ എന്തോ അമ്മച്ചിയോടു പറയുന്നതുകേട്ടു. അമ്മച്ചി അറിയില്ലെന്നും ഇവിടുത്തെ മോളാണത് പറഞ്ഞതെന്നും പറയുന്നത് ഞാൻ കേട്ടു. ഉടനെ അയാൾ എന്നെ തിരക്കി. ഞാൻ കുളിക്കുകയാണെന്ന് അമ്മച്ചി പറഞ്ഞു. എനിക്കബദ്ധം പറ്റിയതാണെന്ന് അയാൾക്കു മനസ്സിലായിക്കാണണം. അയാൾ പോയി. വൈകുന്നേരം മമ്മിയും പപ്പയും വന്നു. അവർ ഇതറിഞ്ഞു ഭയങ്കര ചിരി ഇന്നും ഇതൊക്കെ ഓർക്കുമ്പോൾ ചിരിയാണു വരിക.

**( രസകരമായ അനുഭവം അല്ലേ. ഇതുപോലെ നിങ്ങൾക്കും ഉണ്ടാകില്ലേ അനുഭവങ്ങൾ. നിങ്ങളുടെ മനസ്സിനെ ആഴത്തിൽ സ്പർശിച്ച ആ അനുഭവങ്ങൾ നമുക്കു കൂട്ടുകാരുമായി പങ്കുവയ്ക്കാം. )**

# വര



**ആഞ്ജലോ ലോയ്**
**ക്ലാസ്സ് 8 ,**
**ശ്രീസായ് വിദ്യാവിഹാർ,**
**എറണാകുളം.**




**ആദിത്യൻ ജെ സജി**
**ക്ലാസ്സ് 8,**
**സരസ്വതി വിദ്യാലയ,**
**വട്ടിയൂർക്കാവ്.**

ഉണ്ടാക്കാം

# മെഴുകുതിരിഫാൻ

അരവിന്ദ് ഗുപ്ത
ആശയം : രവീന്ദ്രഗോഡ്ബൊലെ
(Ravindra Godbole)




കട്ടിക്കടലാസുകൊണ്ട് മെഴുകുതിരിയാൽ കറക്കാവുന്ന ഒരു ഫാൻ നിർമ്മിച്ചാലോ...?



**ആവശ്യമുള്ള സാധനങ്ങൾ**


- കട്ടിയുള്ള കാർഡ്ബോർഡ്
- മെഴുകുതിരി
- തീപ്പെട്ടി
- വലിയ സൂചി
- കത്രിക
- കടലാസ് ഫാൻ
- പശ




1 കാർഡ്ബോർഡ് ചിത്രത്തിലേതുപോലെ മുറിച്ചെടുക്കുക. അളവുകൾ കൃത്യമായിരിക്കാൻ ശ്രദ്ധിക്കണേ.



2 മുകൾഭാഗം പശ തേച്ച് ഒട്ടിച്ച് ഒരു പിരമിഡുപോലെ ആക്കാം. മുകളിൽ വായുവിനു കടന്നുപോകാൻ ചെറിയൊരു വിടവ് ഇടാൻ മറക്കരുത്. താഴെ പിരമിഡിന്റെ നാലു ഭാഗത്തും അല്പം മുറിച്ച് വായു കയറാനുള്ള ഇടവും ഒരുക്കണം.



4 അധികം കട്ടിയില്ലാത്ത സമചതുരാകൃതിയിലുള്ള ഒരു കടലാസുകൊണ്ട് ഒരു ചെറിയ ഫാൻ ഉണ്ടാക്കുക. കടലാസിൽ വരയിട്ട്, കത്രികയുപയോഗിച്ചു മുറിച്ച്, മടക്കിയെടുത്താൽ മതി.



4 പിരമിഡിനു മുകളിൽ സൂചി ഒട്ടിച്ചുവച്ച് അതിനു മുകളിൽ ഫാൻ സ്ഥാപിക്കുക. അധികം ഉയരമില്ലാത്ത ഒരു മെഴുകുതിരി കത്തിച്ചശേഷം പിരമിഡുകൊണ്ട് അതിനെ മൂടിനോക്കൂ. മെഴുകുതിരിയുടെ തീ കാർഡ്ബോർഡിനെ തീപിടിപ്പിക്കാത്ത വിധം കേന്ദ്രത്തിലായി തന്നെവയ്ക്കണം കേട്ടോ. ഫാൻ കറങ്ങുന്നതുനോക്കൂ.

തീ പിടിക്കാൻ സാധ്യതയുള്ളതിനാൽ മുതിർന്നവരുടെ സഹായത്തോടെ വേണം ഈ പരീക്ഷണം ചെയ്യുവാൻ.

എന്തുകൊണ്ടണ്ടായിരിക്കും ഫാൻ കറങ്ങുന്നത്? ഫാൻ കറക്കാനുള്ള വായുസഞ്ചാരം എങ്ങനെയാണ് ഉണ്ടാവുന്നത്? എന്തായിരിക്കും കാരണം.



Printed and Published by **M Santhosh Kumar** for the Kerala State Institute of Children's Literature, Thiruvananthapuram, Ph: 2333790.
Typset and Graphics: Thaliru Graphics, Printed at St Joseph's Press, Thiruvananthapuram.

# ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്
# പ്രസിദ്ധീകരിച്ച പുതിയ പുസ്തകങ്ങൾ




**പറക്കുന്ന പൂച്ച**
എ വിജയൻ
വില 40

**പണ്ടുപണ്ട് കുഴിയാനകളുടെ കാലത്ത്**
ഡോ. രാധിക സി നായർ
വില 150







**കത്തിരിക്കാക്കഥകൾ**
ജി എസ് ഉണ്ണികൃഷ്ണൻ നായർ
വില 75




**മിഠായി**
(കുട്ടിപ്പാട്ടുകളും സി ഡിയും)
ജി വി ഹരി
വില 220

**THALIRU** (monthly)
Children's Magazine
Licensed to post without prepayment under no. KL TV (N) WPP/11/2015-2017
RNI No. 20076/70
Regd KL/TV (N)/399/2015-2017
March 2016
Published on 29-02-2016 Vol:22, Issue:3, ₹15

# വരുന്നൂ...
# ഇന്ററാക്ടീവ് പുസ്തകങ്ങൾ

## ഇനി കളിക്കാനും ചിന്തിക്കാനും കൂട്ടുകൂടാനും പുസ്തകങ്ങൾ

- കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് പുറത്തിറക്കുന്നു –
- മലയാളത്തിൽ ആദ്യമായി ഇന്ററാക്ടീവ് പുസ്തകങ്ങൾ
- പ്രൈമറി കുട്ടികൾക്കുള്ള ഉപഹാരം

